

## ശ്രീമാൻ ആർ. ഈശ്വരപിള്ള ബി. എ.

ഈ ഛായ 1082-ൽ ഇദ്ദേഹത്തിൻെറ 53-ാമത്തെ വയസ്സിൽ എടുത്തതാണ്. ഇപ്പോൾ ഇദ്ദേഹത്തിന് 77 വയസ്സു പ്രായം കാണും. പറവൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ വേലയിൽനിന്നും റയിഞ്ച് ഇൻസ്പെക്ടരായി സ്ഥലം മാററിയ സന്ദർഭത്തിലാണ് ഈ ഛായ എടുത്തതു്. രണ്ടുകൊല്ലത്തിനു ശേഷം 1084-ൽ ഇദ്ദേഹം ഒരുവിധം നിർബന്ധിത പെൻഷൻ പററുകയാണുണ്ടായതു്. കാരണം 'സാലപ്രാംശുത്വ'വും 'ക്രൂരതയും' പോരാഞ്ഞിട്ടാണത്രെ. ജീവിതത്തെപ്പററി ഇദ്ദേഹം ഒരുഭാഗത്തു് ഇങ്ങിനെ പറയുന്നു:- "........പലരുടേയും ഉദ്യോഗവും ജീവിതവും ഒന്നിച്ചാണ് അവസാനിക്കുന്നതു്. ഇതു ജീവിതത്തെപററിയുള്ള തെററിദ്ധാരണകൊണ്ടു മാത്രമാണെന്നുവേണം വിചാരിപ്പാൻ. ഉദ്യോഗം നീട്ടികിട്ടുന്നതിനുംമററും ഭഗീരഥപ്രയത്നം ചെയ്യുന്നവർ അങ്ങിനെ ചെയ്യാതെ ഉദ്യോഗാനന്തരജീവിതം നീട്ടികിട്ടുന്നതിനുള്ള മാർഗ്ഗങ്ങളെ ഗവേഷണം ചെയ്യുന്നതായാൽ ലോകം ഇന്നത്തെ നിലയിൽനിന്നും അല്പംകൂടി മുന്നോട്ടുപോകുന്നതിന് സാധിക്കുമെന്നു തോന്നുന്നു. ഇങ്ങിനെ ചെയ്തിരുന്നാൽ ഇന്നു പലരും ഉപയോഗിച്ചുകഴിഞ്ഞ വെടിയുണ്ടകളെപ്പോലെ തണുത്തു നിശ്ചേഷ്ടരായി വർത്തിക്കയില്ലായിരുന്നു."

MADRAS UNIVERSITY LIBRARY 26 JULY 1931

# ഗുരുനാഥൻ.



| പുസ്തകം 10 | 1106 മേടം | ലക്കം 9 |
|---|---|---|



## നമ്മുടെ വിദ്യാർത്ഥികളുടെ ചില അവശതകൾ.

നമ്മുടെ വിദ്യാഭ്യാസസമ്പ്രദായം രാജ്യക്ഷേമകാംക്ഷികളായ എല്ലാ ഭാരതീയ ചിന്തകന്മാരുടേയും സവിശേഷമായ ശ്രദ്ധക്കു വിഷയീഭവിച്ചിട്ടുണ്ടു്. അതു കാലദേശാവസ്ഥകൾക്കു് അനുയോജ്യമായിട്ടുള്ളതല്ലെന്നും കുട്ടികളുടെ ജീവച്ഛക്തിയെ വൃഥാ വ്യയംചെയ്യുന്ന ഒന്നാണെന്നും ഇപ്പോൾ പലരും ബോദ്ധ്യപ്പെട്ടിരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ദോഷഭാഗങ്ങളെ പററി പല മഹാന്മാരും എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവ ഇന്നും പഴയപടി സ്ഥിതിചെയ്യുന്നതേയുള്ളു. നമ്മുടെ വിദ്യാഭ്യാസത്തിൽ ഇന്നു പ്രധാനമായി മൂന്നു ദോഷങ്ങൾ കാണുന്നു. അവയിൽ ഒന്നു് തലച്ചോറിനെ സ്പശിക്കുകയും, വേറൊന്നു് ഹൃദയത്തെ മട്ടിക്കുകയും, മറെറാന്നു് ശരീരത്തെ മരവിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ടു് യുവജീവിതം നിഷ്ഫലമായിട്ടാണു പരിണമിക്കുന്നതു്. നിഷ്ഫലത സർവ്വസാധാരണമായിക്കാണുന്നുമുണ്ടു്. വിത്തു് ശരിയായി ഉണക്കുകയൊ, സൂക്ഷിക്കുകയൊ ചെയ്യുന്നില്ല. മുളയ്ക്കു ശരിയായ സൂര്യവെളിച്ചമൊ വായുവൊ ലഭിക്കുന്നില്ല. ചെറിയ ചെടിയെ ശരിയായ ഭക്ഷണം നൾകി വളർത്താത്തതുകൊണ്ടു് അതിൽനിന്നും ഉൽഭൂതമാകേണ്ട ആനന്ദമനുഭവിക്കുന്നില്ല.

വിദ്യാഭ്യാസത്തിന്റെ ഉദ്ദേശ്യങ്ങളിൽ ഒന്നു് കുട്ടികളുടെ പ്രത്യേകവാസനകളെ നശിപ്പിക്കാതെ അവയെ വളർത്തുകയാകുന്നു. നമ്മുടെ ഹൈസ്കൂളുകളിൽ ഈ ഉദ്ദേശത്തെ തീരെ വിഗണിച്ചു്, കുട്ടികളെ ഗുമസ്താപ്പണിക്കു് തയാറാക്കുകയാകുന്നു ഇപ്പോഴും ചെയ്യുന്നതു്. നമ്മുടെ പാഠപദ്ധതി രൂപവൽക്കരിക്കുന്നതിൽ യഥാർത്ഥമായ ഉത്തമാദർശം ഒന്നും കാണുന്നില്ല. നാം തിരഞ്ഞെടുക്കുന്ന പാഠപുസ്തകങ്ങൾ മിക്കതും ചവററുകൊട്ടയിൽ തള്ളേണ്ടതാണു്. എത്രയും പ്രധാനമായ വിദ്യാർത്ഥിജീവിതഘട്ടത്തിൽ പഠിത്തംകൊണ്ടു് കുട്ടികളെ വല്ലാതെ വിഷമിപ്പിക്കുന്നു. ഓർമ്മശക്തിക്കു്

അതിയായ ജോലി നൾകുന്നു. ഇതു് വളൎന്നുവരുന്ന മനസ്സിന്നു അനുയോജ്യമായിട്ടുള്ളതല്ല. തല്ക്കാലാവശ്യമായ പരീക്ഷയ്ക്കുവേണ്ടി പാഠപുസ്തകങ്ങളിൽ കാണുന്നതു് ഉരുവിട്ടു ഓൎമ്മിക്കുകയും, പരീക്ഷകഴിഞ്ഞാൽ അവ താനെ മറന്നുപോകയും ചെയ്യുന്നു. അതുകൊണ്ടു എന്തു പ്രയോജനമാണു സിദ്ധിക്കുന്നതു്.? മനസ്സിന്നു വികാസം സിദ്ധിക്കുന്നുണ്ടോ.? യഥാൎത്ഥമായ അറിവു ലഭിക്കുന്നുണ്ടോ ? യഥാൎത്ഥമായ സംസ്കാരമുണ്ടാകുന്നുണ്ടോ.?

ഇങ്ങനെ കുട്ടികൾക്കു നേരിടുന്ന ദോഷത്തെ അവരുടെ അഭ്യസനഭാഷ വൎദ്ധിപ്പിക്കുന്നു. പാശ്ചാത്യമനസ്ഥിതിയുള്ളവരും രാജ്യദ്രോഹികളുമായ ചിലരൊഴിച്ചു് എല്ലാവരും അഭ്യസനഭാഷ മാതൃഭാഷയായിരിക്കണമെന്നു് അഭിപ്രായപ്പെടുന്നുണ്ടു്. വിദേശഭാഷമൂലം വിദ്യാഭ്യാസം നൾകുന്നതുകൊണ്ടുള്ള ദോഷങ്ങൾ കണ്ടിട്ടും, അറിഞ്ഞിട്ടും, അനുഭവിച്ചിട്ടും ആ ഭാഷയിൽക്കൂടി തന്നെ അഭ്യസനം നൾകണമെന്നു് ചിലർ നിർലജ്ജം മുറവിളി കൂട്ടുന്നതും, മാതൃഭാഷാഭിജ്ഞന്മാരായ അവർ സ്വഭാഷയെ ആക്ഷേപിക്കുന്നതും ഏററവും ശോചനീയം തന്നെ. ഒരു വിദേശഭാഷ എത്ര മഹത്തായിട്ടുള്ളതാണെങ്കിലും, അതു പഠിക്കുന്നതു് - പ്രത്യേകിച്ചു അതിലെ വ്യാകരണമുറകളും മററും പഠിക്കുന്നതു് -അദ്ധ്യാപകാദ്ധ്യേതാക്കൾക്കു് ഒരുപോലെ ഹാനികരമായ ഒരു ജോലിയാണു്. തന്മൂലം ആത്മാവിനെ ബലികഴിക്കയാണു ചെയ്യുന്നതു്. എന്നു മാത്രമല്ല അദ്ധ്യയനംകൊണ്ടു മാത്രം ഒരു ഭാഷയുടെ മഹിമ മനസ്സിലാക്കാവുന്നതുമല്ല. ഇങ്ങനെ ഒരു വിദേശഭാഷ ഉപയോഗിക്കുന്നതും, വിദേശാന്തരീക്ഷം സൃഷ്ടിക്കുന്നതും നമ്മുടെ വളൎച്ചക്കു ഹാനികരമായിട്ടുള്ളതാണു്.

ഇന്നു വിദ്യാലയങ്ങളിൽ ഉപയോഗിക്കുന്ന പാഠപുസ്തകങ്ങൾ യുവജനങ്ങളുടെ ബഹുവിധമായ പീഡയെ സംപൂൎണ്ണമാക്കുന്നു. ഗുണതരമുള്ള ഭക്ഷണം നൾകേണ്ട വിദ്യാൎത്ഥികളെ പട്ടിണിയിടുന്നതും അവൎക്കു് വെറും ലഘുഭക്ഷണം നൾകുന്നതും ഏതൊരുവന്റേയും ഹൃദയത്തെ സങ്കടപ്പെടുത്തുന്നതാണു്. പാഠപുസ്തകങ്ങൾ അവയുടെ നിൎമ്മാതാക്കളുടെ ഉദരപൂരണത്തിന്നെ സഹായിക്കുന്നു. സകലതും കൃത്രിമമായതുകൊണ്ടു് വിദ്യാൎത്ഥികളുടെ യഥാൎത്ഥജീവിതവുമായി യാതൊരു ബന്ധവുമില്ല. മനസ്സു് പരിസരത്തിൽനിന്നും അകന്നിരിക്കുന്നു. അതിന്നു ശരിയായ ഭക്ഷണം ലഭിക്കുന്നില്ല; ശൂന്യതയിൽ വളരുന്നു. ഇൻഡ്യയിലെ യുവാക്കളിൽ ദേശീയഗുണങ്ങൾ കാണാത്തതിൽ എന്താണു് അത്ഭുതപ്പെടുവാനുള്ളതു്.? അവരുടെ ശരീരവും മനസ്സും ഛിന്നഭിന്നമായിരിക്കുന്നു. ജീവിതയാത്രയിൽ അവർ ഞൊണ്ടിയാണു നടക്കുന്നതു്. സംസ്കാരവും സാമൎത്ഥ്യവും ഉണ്ടാകുന്നില്ലെങ്കിലും ശുചിയും ആരോഗ്യവുമുള്ള ഒരു ജീവിതം നയിക്കുന്നതിന്നുള്ള ഒരു സാമാന്യജ്ഞാനംപോലും ലഭിക്കുന്നില്ല.

നമ്മുടെ വിദ്യാഭ്യാസത്തിൽ ഒരു മഹാവിപ്ലവം ആവശ്യമായിരിക്കുന്നു. അതു ഭാരതീയമാക്കിയാലെ നാം പുരുഷന്മാരായിത്തീരുകയുള്ളു. വിദ്യാഭ്യാസാധികൃതസ്ഥാനങ്ങളിൽ കേവലം അയോഗ്യരായിട്ടുള്ളവർ സ്ഥാനം പിടിച്ചിരിക്കുന്നു. ചിന്താശീലരും ബുദ്ധിമാന്മാരും രാജ്യത്തെ നയിക്കുന്നതിനു പ്രാപ്തരുമായ വിദ്യാഭ്യാസവിദഗ്ദ്ധക്ക് ആസ്ഥാനങ്ങൾ നൾകണം. നാം ഉൽകൃഷ്ടാദർശങ്ങളെപ്പററി പ്രസംഗിക്കുന്നതിന് കീർത്തികേട്ട ഒരു വർഗ്ഗക്കാരാണ്. അവ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിൽ മാത്രമെ നാം അമാന്തക്കാരായിട്ടുള്ളു. ഇതാണു നമ്മുടെ ഭൂതകാലത്തിലെ നാശഹേതുവായിരുന്നതു്. നമ്മുടെ ആദർശങ്ങളെ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതാണ് നമ്മുടെ ധർമ്മം. ഭാവിജനപരമ്പര അതുകൊണ്ടായിരിക്കും നമ്മെ പരിശോധിച്ചുനോക്കുന്നതു്.

# വിഹായസവിഹാരം.

പത്താം അദ്ധ്യായം.

(എം. രാജരാജവർമ്മ തമ്പുരാൻ എം. എ., ബി. എൽ.)

കഥയും ചരിത്രവും കഴിഞ്ഞ കാര്യങ്ങളെയാണല്ലൊ വിവരിക്കുന്നതു്. അന്തരിക്ഷചരിത്രം അവ്വണ്ണമല്ല. ഇന്നലെയും ഇന്നും നാളെയും നടക്കുന്ന കാര്യങ്ങളെയാണ് അതു പ്രസ്താവിക്കുന്നതു്. എന്നു മാത്രമല്ല; നമ്മുടെ കണ്ണിനുമുമ്പിൽത്തന്നെയാണ് അന്തരിക്ഷസമാചാരങ്ങൾ നടക്കുന്നതു്, പരോക്ഷമായല്ല. എങ്കിലും, കാണികൾക്ക് അവയുടെ വിവരങ്ങൾ ശരിയായി മനസ്സിലാകുന്നില്ലെന്നു വരാം. ഒരു മുറയൊ രീതിയൊ ഇല്ലാതെയാണ് അവിടെ നടക്കുന്നതെല്ലാമെന്ന് നമുക്കു തോന്നിയേക്കാം. ആകാശത്തു നോക്കിയാൽ ചിലപ്പോൾ തെളിവായിരിക്കുന്നു; പെട്ടെന്നു മേഘങ്ങൾ വരുന്നു; അവ ചിലപ്പോൾ മാരി ചൊരിയുന്നു; ചിലപ്പോൾ പൊകപോലെ പാറിപ്പോകുന്നു; ഉടനേ തെളിയുന്നു. ഇവയെല്ലാന്നും ഒരു ക്രമമുള്ളതായി തോന്നുന്നില്ല. മനുഷ്യരുടെ പ്രകൃതിപോലെ ക്ഷണേക്ഷണേ ഭിന്നമായിത്തീരുന്നു. ഒരു നിയമവുമുള്ളപോലെ തോന്നുന്നില്ല.

സത്യം അങ്ങനെയല്ല. അന്തരിക്ഷത്തിൻെറ നിയമങ്ങളെ മനസ്സിലാക്കാൻ വിദ്വാന്മാർ ഉദ്യമിച്ചുതുടങ്ങീട്ടു് കാലമേറെയായി. ശാസ്ത്ര

ങ്ങൾ പഠിക്കാനാരംഭിച്ചതുമുതൽ പ്രകൃതിയിൽ നടക്കുന്ന സംഗതികൾ തോന്ന്യാസമായല്ല എന്നുള്ള സത്യം വെളിപ്പെട്ടുതുടങ്ങി. എത്രത്തോളം ശാസ്ത്രജ്ഞാനമുള്ളവരാകുന്നുവോ അത്രത്തോളം പ്രകൃതിനിയമങ്ങൾ തെളിവായി കണ്ടുതുടങ്ങുന്നു. ഇനിയും വളരെ അറിയാനുണ്ടു്. ശാസ്ത്രജ്ഞാനമാകുന്ന ഉത്തുംഗശൈലത്തിന്റെ ഉയന്ന കൊടുമുടികളിൽ കയറിനോക്കീട്ടുപോലും, പുകകൊണ്ടു മൂടിയതുപോലെ മങ്ങി മാത്രമെ നമുക്കു് പ്രകൃതിന്യായങ്ങളുടെ കാഴ്ചയുണ്ടാകുന്നുള്ളൂ.! മുഴുക്കെ വ്യക്തമായി കാണാൻ മനുഷ്യനു സാധിക്കുമോ എന്തോ.? എങ്കിലും പരിശ്രമത്തിനു കുറവില്ല.

ഭൂമി സ്ഥിരയെന്നാണു് നമ്മുടെ ഭാവം. അതങ്ങനെയല്ലെന്നു യുക്തികൊണ്ടുവേണമറിയാൻ. അന്തരിക്ഷമങ്ങനെയല്ല. സർവദാ ചലിച്ചുകൊണ്ടിരിക്കുന്നു എന്നു് നമുക്കു കാണാം. സൂര്യന്റെ ചൂടു്, ശൂന്യാകാശത്തിന്റെ തണുപ്പു്, ഭൂമിയുടെ കറക്കം എന്നീ പലതുകൊണ്ടും വായുചലനങ്ങളുണ്ടാകുന്ന മാതിരി മുന്നദ്ധ്യായങ്ങളിൽ വിവരിച്ചിട്ടുണ്ടു്. അന്തരിക്ഷം ഒരു വാതക(Gas)മാണു്. വാതകസാമാന്യങ്ങൾക്കുള്ള നിയമങ്ങൾ അതിനും ഫലിച്ചുകാണാം. ആ നിയമങ്ങളെ ഈ അദ്ധ്യായത്തിൽ വിശദമാക്കാം. അവയെ മനസ്സിലാക്കുമ്പോൾ ആകാശത്തിൽ കാണുന്ന പെരുമാററങ്ങൾ യാദൃഛികങ്ങളല്ലെന്നു സ്പഷ്ടമാകും.

ഒന്നാമതു്, ബായിൽ (Dr. Boyle) എന്ന പണ്ഡിതൻ കണ്ടുപിടിച്ച നിയമം. അതെന്തെന്നുവച്ചാൽ, ഒരു വാതകത്തിന്റെ പരിമാണം (Volume) കുറച്ചാൽ തള്ളലേറും (Pressure) എന്നാകുന്നു. ഇതു വെളിവാക്കാൻ പ്രയാസമില്ല. ഒരു റബ്ബർസഞ്ചിയിൽ കാററടിക്കുക; എന്നിട്ടു് കാററു പുറത്തുപോകാതെ സഞ്ചിയെ ചുരുക്കുക; അപ്പോൾ സഞ്ചിക്കു പുറത്തോട്ടുള്ള തള്ളൽ കൂടുന്നു. മോട്ടോർവണ്ടിയുടെ ചക്രങ്ങളിൽ പിടിപ്പിച്ചിരിക്കുന്ന റബ്ബർടയറിൽ പമ്പടിച്ചു് കാററധികം കയററി ഞെരുക്കുമ്പോൾ കാറിന്റെ വലുതായ ഭാരംപോലും താങ്ങത്തക്കവണ്ണം ടയറിനു പുറന്തള്ളൽ ഏറി ശക്തിയുണ്ടാകുന്നതു നാമെന്നും കാണുമാറുണ്ടല്ലോ. കളികൾക്കുപയോഗിക്കുന്ന തുകൽപ്പന്തുകളിലും റബ്ബർപന്തുകളിലും കാററടിക്കുന്നതുനിമിത്തം അവ എത്ര അടിയും ഇടിയും സഹിക്കുന്നു.! വായുവിനു പരക്കാനുള്ള സ്ഥലം കുറയുന്തോറും എതിർക്കാനുള്ള ശക്തിയേറുന്നു. 'അങ്ങോട്ടുന്തിയാൽ ഇങ്ങോട്ടുന്തും' എന്നുള്ള ഞായം ജീവികൾക്കുള്ളതുപോലെ വാതകങ്ങൾക്കുമുണ്ടു്. വേട്ടയാടുമ്പോൾ ഓടാനിടയുള്ളിടത്തോളം വധ്യമൃഗം എതിർക്കുന്നില്ല; മുന്നോട്ടുപോകാൻ സ്ഥലം മുട്ടുമ്പോൾ തിരിഞ്ഞുനില്ക്കുന്നു. ക്ഷമയെ പരീക്ഷിച്ചാൽ ഏതു മുനിയും ദുർവാസസ്സാകും. ജീവികൾക്കും വാതകങ്ങൾക്കും ഒരു ഭേദമുണ്ടു്. ജീവികൾക്കു പോംവഴി പലതുണ്ടു്. വാതകങ്ങൾക്കു് അതില്ല. ജ്ഞാനത്തിന്റെ തൈക്ഷ്ണ്യം അളക്കാൻ തോതി

ല്ല; വാതകങ്ങളുടെ ശക്തി കണക്കാക്കാൻ ഭാരമാനക്കുഴലുണ്ട്.

ബായിലിൻെറ നിയമപ്രകാരം, തറയോട്ട് അടുത്തുള്ള വായു മേന്മേലുള്ളതിൻെറ സമ്മർദ്ദത്താൽ (Compression) ഘനമേറിയതും, മേലോട്ടുപോകുന്തോറും സമ്മർദ്ദക്കുറവിനാൽ അന്തരിക്ഷം നേർത്തുമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലൊ. ഏതെങ്കിലും കാരണവശാൽ കീഴുള്ള വായു മേലോട്ട് പാഞ്ഞുകയറിയാൽ സമ്മർദ്ദക്കുറവുകൊണ്ട് അതു വിസ്തൃത (Expands) മാകുന്നു. നേരേമറിച്ച്, മേലുള്ള വായു കീഴോട്ടുപതിച്ചാൽ അത് ഞെരുങ്ങി (Contract) സമ്മർദ്ദശക്തി അധികമുള്ളതാകുന്നു (Pressure). വായുവിനെ മേലോട്ടു ഉന്തുന്നത് ചൂടാണെങ്കിൽ സമസമ്മർദ്ദശക്തിയുള്ള അന്തരിക്ഷംവരെ അതുയരും; അതല്ല, മററുവല്ല ക്രിത്രിമഹേമംകൊണ്ടാണെങ്കിൽ ആ ശക്തി കെടുമ്പോൾ വായുവിൻെറ മേൽഗതിയും നിലയ്ക്കും. തീകത്തിച്ചു കാററുയരുകയും പമ്പടിച്ചു കാററുയർത്തുകയും ചെയ്യുമ്പോൾ വ്യത്യാസം കാണുക.

രണ്ടാമത്തെ നിയമം, 'ചാറത്സിൻെറ നിയമം' (Charles Law) എന്നാണു പറയാറുള്ളത്. അതെന്തെന്നാൽ, ഒരു കുഴലിൽ കാററടിച്ച് ചൂടുപിടിപ്പിച്ചാൽ അകത്തുള്ള വായുകണങ്ങ (Mole cules) ളുടെ ഗതാഗതമധികരിച്ച് പുറന്തള്ളൽ കൂടും എന്നുള്ളതാകുന്നു. വായുവിന് ചൂടു പിടിക്കുമ്പോൾ പരിമാണം (Volume) കൂടുന്നു; അതനുസരിച്ച് പ്രസരിക്കാൻ (Expand) ഇടമുള്ളപ്പോൾ അതു പരക്കുന്നു; അതിനിടമില്ലാതാകുമ്പോൾ നിരോധിക്കുന്ന സാധനത്തോടുള്ള അതിൻെറ സമ്മർദ്ദം (Pressure) കൂടുന്നു. അതിനാൽ വായുവിനെ ഞെക്കിക്കയററിയാലും (Compress) ചൂടുപിടിപ്പിച്ചാലും (Heat) ഫലം ഒന്നുപോലെയാണെന്നു ധരിക്കണം.

മൂന്നാമത്തേത്, പോസൻെറ നിയമമാണ് (Poisson's Law). പെട്ടെന്നു വായുവിനെ ഞെരുക്കിയാൽ (Compress) അതിന് ഉഷ്ണം കൂടുകയും, ഉടനെ പ്രസരിക്കാൻ (Expand) ഇടയാക്കിയാൽ ഉഷ്ണം കുറയുകയും ചെയ്യുമെന്നാണ് അതിൻെറ സാരം. പെട്ടെന്നു സംഭവിക്കുമ്പോൾ മാത്രമെ ഈ ഫലമുണ്ടാകയുള്ളു എന്ന് പ്രത്യേകം മനസ്സിലാക്കണം.

മേൽവിവരിച്ച മൂന്നു നിയമങ്ങളനുസരിച്ചാണ് വ്യോമമണ്ഡലത്തിൽ വാത്യകൾ, ചുഴലിവാതങ്ങൾ, മേഘങ്ങൾ, മഴ മുതലായതെല്ലാം ഉണ്ടാകുന്നത്. സത്യത്തിൽ ഈ നിയമങ്ങൾ പ്രപഞ്ചനിയമത്തിൻെറ (Law of the Universe) വകഭേദങ്ങൾ മാത്രമത്രെ. സർവ്വം അനശ്വരമെന്നാണ (Conservation of energy) പ്രപഞ്ചനിയമം. ലോകത്തിൽ ഒന്നും നശിക്കുന്നില്ല, വേഷം മാറുന്നതേയുള്ളു. വായു, തേജസ്സ്, ഉഷ്ണം, വിദ്യുച്ഛക്തി, കാന്തശക്തി എന്നുള്ള പാഞ്ചഭൗതികങ്ങളായ ശക്തികളാസകലം ഒന്നൊന്നായി പരിണമിക്കുന്നതല്ലാതെ നശിക്കുന്നില്ല എന്നുള്ളതുകൊണ്ട്,

അവയെല്ലാം ഒരേ ശക്തിയുടെ വകഭേദങ്ങൾ മാത്രമാണെന്ന് ഊഹിക്കാം. ജീവശ്ശക്തിയും അപ്രകാരം തന്നെ. ഈ പ്രപഞ്ചനിയമത്തെത്തന്നെയാണ് വേദാന്തഭാഷയിൽ ബ്രഹ്മത്തിൻെറ മായകളാണ് കാണുന്നതെല്ലാമെന്നു പറഞ്ഞിട്ടുള്ളത്. ആത്മാവ് (അതായതു ബ്രഹ്മം) അനശ്വരമെന്നും മായാവൃതമായ ജീവന് പുനർജ്ജന്മമുണ്ടെന്നും നാം വിശ്വസിക്കുന്നത്, കേവലം അന്ധവിശ്വാസമല്ലെന്ന് ഇതുകൊണ്ടു ധരിക്കണം. ചൂട് പ്രവൃത്തിയായും നേരെമറിച്ചുമുണ്ടാകുന്ന പരിണാമം ഏതു യന്ത്രശാലയിലും കാണാം; വിദ്യുച്ഛക്തി വെളിച്ചമാകുന്നത് മിന്നൽപിണർ കണ്ടിട്ടുള്ളവർക്കൊക്കെയറിയാം; വിദ്യുച്ഛക്തിയേററാൽ ഏതും കത്തി ഭസ്മമാകുമെന്ന് പറഞ്ഞു മനസ്സിലാക്കേണ്ടതില്ല. ഭൗതികശക്തികളുടെ പുനർജ്ജന്മം കാണുന്നതുപോലെ എളുപ്പമല്ല ജീവശ്ശക്തിയുടെ പുനർജ്ജന്മം കാണ്മാൻ. അതിൻെറ പരിണാമം സിദ്ധന്മാർക്കുമാത്രമെ ഗോചരമാകുന്നുള്ളു. വാസനാനുസരണമായിരിക്കും അതിൻെറ ഗതിയെന്നു ഭൗതികന്യായങ്ങൾ തെളിവാക്കുന്നുണ്ട്. ഒന്നൊന്നായി മാറുമ്പോൾ ഒന്നും നശിക്കുന്നില്ല.

ഇനി പ്രകൃതത്തിലേക്കു കടക്കാം. ചൂടെന്നുള്ളതു ചലനഭേദം തന്നെയാകുന്നു. രണ്ടു മുളയുടെ കഷണങ്ങൾ ഉരച്ചായിരുന്നല്ലോ പണ്ട് അഗ്നിയെ സൃഷ്ടിച്ചത്. ഒരു കരിങ്കൽചില്ലോ ഇരുമ്പുതുണ്ടോ ഉരസിയാൽ തീപ്പൊരി പറക്കും. കരിങ്കൽ കൊത്തുമ്പോൾ കണ്ടിട്ടില്ലേ.? വാതകങ്ങളെല്ലാം അല്പിഷ്ഠങ്ങളായ കണങ്ങ (Mole cules)ളാണെന്നു രസതന്ത്രം പ്രതിപാദിക്കുന്നു. ഈ കണങ്ങൾ സർവ്വദാ ചലിക്കുന്നു; അപ്പോൾ അവ തമ്മിലുരസുന്നു; അതുകൊണ്ടാണ് വാതകം ഉഷ്ണമാകുന്നത്. സൂര്യരശ്മി സുഷിരങ്ങളിൽ കൂടി പുരയ്ക്കുള്ളിൽ കടക്കുന്നതു നിങ്ങൾ നോക്കീട്ടുണ്ടോ ? അതിൽ അനവധി പൊടികൾ കൂത്താടുന്നതു കാണാം. അതുപോലെയാണ് വാതകങ്ങളിൽ കണങ്ങളുടെ കളി. വിസ്താരം ധാരാളമുള്ള സ്ഥലത്തു് കണങ്ങൾ തങ്ങളിലുള്ള ഉരസൽ കുറയും; അപ്പോൾ ചൂടും കുറയും. അതല്ലെ പുരയ്ക്കുള്ളിലുള്ള തിരക്കാൾ തുറസ്സായ ദിക്കിൽ ഉഷ്ണം കുറവ്.

ഒരു സഞ്ചിക്കകത്തു് വാതകമടച്ചാൽ അതിന് സമ്മർദ്ദം അധികമാകും; ഇതാണു ബായിലിൻെറ നിയമം. വാതകത്തിൻെറ ഉഷ്ണം കൂട്ടിയാൽ അതിനെ സഞ്ചിക്കുള്ളിലടച്ച ഫലം കിട്ടും, അതായതു സമ്മർദ്ദമേറും; ഇതാണ് ചാറത്സിൻെറ നിയമം. പെട്ടെന്നു ഞെരുക്കിയാൽ കണങ്ങൾ തമ്മിലുള്ള സമ്മർദ്ദമേറി വാതകം ഉഷ്ണമാകും; ഇതാണ് പോസൻെറ നിയമം. ഇപ്രകാരം സംഭവിക്കുന്നതിലൊന്നിലും ശക്തിയുടെ (Energy) ഒരംശവും നഷ്ടമാകുന്നില്ല. ചലനം ചൂടായി പരിണമിക്കുന്നതിൻെറ കണക്ക് ഡാക്ടർ ജൂൾ (Dr. Goule) ഇങ്ങനെ വിവരിക്കുന്നു:—

ഒരു റാത്തൽ (Pound) ഭാരം 783 അടി വീഴുന്നതു തടഞ്ഞാൽ,

അതിൻെറ ചൂടുകൊണ്ട് ഒരു റാത്തൽ വെള്ളം സാക്ഷാൽ ശൂന്യസ്ഥാന (Absolute Zero)ത്തുനിന്ന് ഒരു ഡിഗ്രി ഉഷ്ണമാകുന്നതാണ്. [സാക്ഷാൽ ശൂന്യസ്ഥാനമെന്നതു സാധാരണ പനിക്കുഴലിൽ (Fahr thermometer) കാണിച്ചിരിക്കുന്ന ശൂന്യസ്ഥാനത്തുനിന്ന് 461 ഡിഗ്രി കീഴാണെന്നു ധരിക്കണം.]

അന്തരിക്ഷത്തിൽ നാം വീക്ഷിക്കുന്ന അത്ഭുതചലനങ്ങൾക്കെല്ലാം നിദാനം ചൂടു ചലനമായിത്തീരുന്നതാകുന്നു. കെട്ടിടങ്ങളെ മറിക്കയും വൃക്ഷങ്ങളെ പിഴുത്തുകയും കപ്പലുകളെ ഉടയ്ക്കുകയും മനുഷ്യരെ ഹനിക്കയും വിമാനങ്ങളെ കുഞ്ചികുത്തിക്കയും മററും ചെയ്യുന്ന മഹാവാത്യകളും ചക്രവാതങ്ങളുമെല്ലാം, സൂര്യനിൽ നിന്നു ലഭിക്കുന്ന ചൂടു ചലനമായി അന്തരിക്ഷത്തിൽ പരിണമിക്കുന്നതിൻെറ ഫലമാകുന്നു. ചൂടുകൊണ്ട് വായു പ്രസരിക്കയും, പ്രസരണം കൊണ്ട് തണുക്കയും ചെയ്യുന്നതിൻെറ ഫലങ്ങളത്രെ കൊടുങ്കാററും മഴയും മുകിലും.

ആവിയേറെയില്ലാത്ത വായു മേലോട്ടു പൊങ്ങുമ്പോൾ 183 അടിക്ക് ഒരു ഡിഗ്രി വീതം തണുക്കും. പൊങ്ങുന്തോറും തണുപ്പു കൂടും. ആയിരം അടിയുയരത്തിൽ 5.2° ഡിഗ്രി തണുക്കും. ഈ തണുപ്പ് എപ്പോഴുമുണ്ടായിരിക്കയില്ല. വായു സഞ്ചരിക്കുന്നതാണ് അതിനു കാരണം. ആവി അധികമുള്ള വായു ഉയരുമ്പോൾ അതു തണുത്ത് മേഘങ്ങളുണ്ടാകുന്നു. ആവിയെ ഉൾക്കൊള്ളത്തക്കച്ചൂട് വായുവിനില്ലാതാകുമ്പോഴാണ് ആവി മേഘമായി പ്രത്യക്ഷീഭവിക്കുന്നത്. അപ്പോൾ ഉള്ളടങ്ങിയിരുന്ന (latent) ചൂട് പ്രത്യക്ഷമായി (Patent) ചുററുമുള്ള വായുവിനെ ഉഷ്ണമാക്കുന്നു. ഘനീഭവനക്രിയയിൽ (Saturation) പുറന്തള്ളുന്ന ഉഷ്ണംമററ് വായു പിന്നേയും ചൂടാകുന്നതിനാൽ ആവിയെ താങ്ങാൻ ശേഷിയുള്ളതാകുന്നു. അതിനാൽ ആവി മുഴുക്കെ വെടിയുന്നതുവരെ വായു ഉയരുന്നു. ഇങ്ങനെ പല തട്ടുകളായി മേഘങ്ങൾ ഉണ്ടാകുന്നു.

ഒരു വാതകത്തിൽ മറെറാരു വാതകം ചേരുമ്പോൾ ഉണ്ടാകുന്ന ഫലത്തെപ്പററിയുള്ള നിയമംകൂടി മനസ്സിലാക്കിയെങ്കിൽ മാത്രമെ വായുമണ്ഡലവിശേഷങ്ങളെപ്പററി നമുക്കു ശരിയായ ജ്ഞാനം ലഭിക്കയുള്ളൂ. അതു് അടുത്ത അദ്ധ്യായത്തിലാകാം.

# മൂഷികസ്ത്രീ പോയ് വീണ്ടും മൂഷികസ്ത്രീയായ് വന്നു.

(എം. രാമവർമ്മതമ്പാൻ ബി. എ., എൽ. ടി.)

ഇന്നത്തെ വിദ്യാഭ്യാസത്തെ ആകമാനം ഗ്രസിച്ചു കീഴടക്കിയിരിക്കുന്നതു് ഉദ്യോഗയോഗ്യത നിശ്ചയിക്കുന്ന പരീക്ഷയാണല്ലൊ. ഉദ്യോഗങ്ങൾക്കു് ആളുകൾ ധാരാളം ആവശ്യമുള്ളപ്പോൾ പരീക്ഷാവിജയം സുലഭവും ഉദ്യോഗങ്ങൾ കുറയുന്ന കാലങ്ങളിൽ പരീക്ഷയിൽ ജയം കുറഞ്ഞിരിക്കയും ആവശ്യമാണല്ലൊ. ഇതിനായി ചോദ്യക്കടലാസുകൾ എങ്ങിനെയിരുന്നാലും, അവയ്ക്കെഴുതുന്ന ഉത്തരങ്ങൾ എങ്ങിനെയിരുന്നാലും മേൽവിവരിച്ച പ്രമാണം അനുസരിച്ചുള്ള ശതമാനം ജയിപ്പിക്കണം, അത്രയേ ജയിപ്പിക്കാവൂ എന്നു് ഒരുവിധം മുന്നറിവു പരീക്ഷകന്മാൎക്കുണ്ടു്. പണ്ടത്തെ മററ്റിക്കുലേഷൻപരീക്ഷ മുന്നറിവനുസരിച്ചുള്ള ഈ പ്രവൃത്തിയിലെ അനീതിയെ നഗ്നമായി പ്രത്യക്ഷപ്പെടുത്തി, തോൽവി സഹിക്കവഹിയാതായി. പഠിപ്പിച്ച അദ്ധ്യാപകൻ ചോദ്യക്കടലാസുണ്ടാക്കുന്നു, പഠിപ്പിച്ച മററു അദ്ധ്യാപകർ ഉത്തരക്കടലാസുകൾ നോക്കുന്നു. പരീക്ഷയിൽ ജയിക്കാൻ യോഗ്യതയുണ്ടെന്നു് ഈ പരീക്ഷകന്മാർതന്നെ അദ്ധ്യാപകന്മാരുടെ നിലയിൽ തങ്ങൾക്കു ബോദ്ധ്യംവന്നു തിരഞ്ഞെടുത്ത കുട്ടികളെ പരീക്ഷക്കയക്കുന്നു. എന്നിട്ടും ജയിച്ചവരുടെ ശതമാനം 25, 20, 17, 15, 12, 11–വരെയാണു കണ്ടിരുന്നതു്. രക്ഷാകൎത്താക്കന്മാർ ബഹളംകൂട്ടി ഒരു കമ്മററിയെ നിശ്ചയിച്ചു. ആ കമ്മിററി അന്വേഷണംനടത്തി ഒരു റിപ്പോർട്ടു തയ്യാറാക്കി. അതു വായിച്ചിട്ടുള്ളവർ മററ്റിക്കുലേഷൻ എന്നു കേട്ടാൽ ഒന്നു ഞെട്ടിപ്പോകും.

അക്കാലത്തെ വിദ്യാഭ്യാസനേതാക്കന്മാർ ഇതിനു് ഒരു പ്രതിവിധി വേണമെന്നു് നിശ്ചയിച്ചു. അവർ അവധാനപൂർവ്വം ആലോചിച്ചു ഏൎപ്പെടുത്തിയതാണു് എസ്. എസ്. എൽ. സി. ഇതിന്റെ മൂലതത്വം കുട്ടിയുടെ യഥാൎത്ഥയോഗ്യതയെ വിളിച്ചുപറയുക മാത്രമായിരുന്നു. ഒരാണ്ടു് നിശ്ചിതകാലം പഠിച്ച കുട്ടി ക്ലാസിൽ ചെയ്ത ജോലിക്കും എഴുത്തുപരീക്ഷയിൽ കാണിച്ച ഉത്തരങ്ങൾക്കും വില കല്പിച്ചു് മാൎക്കുകൾ സർട്ടിഫിക്കെററിലെഴുതും. ആരും ജയിക്കയാകട്ടെ തോല്ക്കയാകട്ടെ ചെയ്കയില്ല. കാളേജുകാരൊ ഉദ്യോഗദാതാക്കളൊ സർട്ടിഫിക്കെററു നോക്കി ഉൽകൃഷ്ടവിദ്യാഭ്യാസത്തിനൊ ഉദ്യോഗത്തിനൊ പററിയവരെ സ്വീകരിച്ചുകൊള്ളട്ടെ. ഇതായിരുന്നു സ്കൂൾലീവിംഗ്സർട്ടിഫിക്കെററിന്റെ ആദികാലത്തെ ധൎമ്മം.

ഈ സമ്പ്രദായം യുക്തിയുക്തമാണെങ്കിലും മൂന്നു കൂട്ടക്കാർ ഇതി

നെ ദുരുപയോഗപ്പെടുത്തി. ഉൽകൃഷ്ടവിദ്യാഭ്യാസം നല്കുന്നവർ കണ്ണടച്ച് ആദായത്തിനായി യോഗ്യരേയും അയോഗ്യരേയും കാളേജിൽ ചേർത്തുതുടങ്ങി. അവൎക്കാദായം കിട്ടി എങ്കിലും മററിക്കുലേഷനിലെ പണ്ടത്തെ തോൽവി ഇൻററർമീഡിയെററിലേക്കു പകൎന്നു. അതു് സ്വാഭാവികമാണല്ലോ. സൎവ്വകലാശാല, കാളേജിൽ ചേരേണമെങ്കിൽ ചിലലക്ഷണങ്ങൾ വഹിക്കുന്ന സട്ടിഫിക്കെററുള്ളവരെമാത്രമെ പാടുള്ളു എന്നു് കലശൽകൂട്ടി. ഓരോ സർട്ടിഫിക്കെററിനും ആ ലക്ഷണം ഉണ്ടോ എന്നു നോക്കാൻ കാളേജധികൃതൎക്കു കഴിയുകയില്ല. ആ ലക്ഷണങ്ങൾ ഉള്ളവരെ കാളേജുപ്രവേശനാൎഹർ എന്നു് ചുവട്ടിൽ കുറിക്കണം എന്നും അവരുടെ ഒരു ലിസ്ററു സൎവ്വകലാശാലക്കാർ തന്നെ പ്രസിദ്ധം ചെയ്യാമെന്നും നിശ്ചയിച്ചു. സട്ടിഫിക്കെററിനു മററിക്കുലേഷനുമായുള്ള ഒരു ഭേദം ഇവർ ഇല്ലാതാക്കി.

ക്ലാസുമാൎക്കു കൊടുക്കുക എന്നതിൻെറ ഉദ്ദേശം എഴുത്തുപരീക്ഷകൊണ്ടറിയാൻ സാധിക്കാത്ത ചില യോഗ്യതകളെ അറിയാനായിരുന്നു. അദ്ധ്യാപകന്മാൎക്കു കുട്ടിയുടെ യോഗ്യതയെപ്പററി ശരിയായ ഒരഭിപ്രായം രൂപീകരിക്കുക പ്രയാസമൊ ക്ലേശകരമൊ ആയി തോന്നി. അവർ അതിനുപകരം ചില ചില്ലറ എഴുത്തുപരീക്ഷ കൊടുത്തു് അതിൻെറ മാൎക്കു ക്ലാസുമാൎക്കായി കൊടുത്തുതുടങ്ങി. സർട്ടിഫിക്കെററുസമ്പ്രദായത്തിൻെറ രണ്ടാമത്തെ ഗുണവും നശിച്ചു. ചില സ്കൂളുകൾ അധികം കുട്ടികളെ ഉൽകൃഷ്ടവിദ്യാഭ്യാസാർഹന്മാരാക്കാനായി ക്ലാസുമാൎക്കു ക്രമാതീതമായി കൂട്ടി, ശരാശരി താഴ്ത്തി അയോഗ്യരുടെ ക്ലാസുമാൎക്കു കൂട്ടി, കലാശാലക്കാരുടെ യോഗ്യതാനിൎണ്ണയപ്രമാണത്തെ തോല്പിച്ചു. കലാശാലക്കാർ ക്ലാസുമാൎക്കു വേണ്ട എന്നുവച്ചു.

ഉദ്യോഗദാതാക്കളാകട്ടെ തങ്ങൾക്കു് പററും പാൎശ്വവുമുള്ളവരെ നിയമിക്കാൻ സർട്ടിഫിക്കെററുകൾ ഉപയോഗിച്ചുതുടങ്ങി. ഇതും ഫലക്കു കാരണമായി. ഉദ്യോഗത്തിനു യോഗ്യനാണെന്നും സർട്ടിഫിക്കെററിൽ കുറിക്കണമെന്നും വന്നു.

ഇനി സർട്ടിഫിക്കെററിൽ മററിക്കുലേഷനെ അപേക്ഷിച്ച് ഒന്നുരണ്ടു വ്യത്യാസങ്ങളെയുള്ളു. അവ ഐച്ഛികവിഷയങ്ങളും അനൈച്ഛികവിഷയങ്ങളുമാകുന്നു. വിഷയങ്ങൾ മൂന്നുതരം. നിൎബ്ബന്ധിതം, ഐച്ഛികം, അപരീക്ഷകം. ഇവയിൽ ഒടുവിലത്തതു് ആദ്യമെ അനാസ്ഥയിൽ ആണു്. മററു രണ്ടിനങ്ങൾക്കും വിജയപരിമാണമായ ശതമാനം കുറക്കണമെന്നായി. ഇന്നു് ഐച്ഛികവിഷയം ഒന്നു മതി എന്നും ജയപരിമാണശതമാനം കുറക്കാമെന്നും തീൎച്ചയായി.

ഇതാ ഈ ഐച്ഛികവും കൂടി വേണ്ടാ എന്നു് അദ്ധ്യാപകസമ്മേളനങ്ങൾ നിശ്ചയങ്ങൾ പാസ്സാക്കുന്നു. അതുകൂടി സമ്മതിക്കുക. അപ

രീക്ഷകവിഷയങ്ങളും നിർബന്ധവിഷയങ്ങളായി. സർട്ടിഫിക്കെററു പണ്ടത്തെ തനി മററ്റിക്കുലേഷനായി പരിണമിക്കും. മററ്റിക്കുലേഷൻമൂഷികസ്ത്രീ പല മാററങ്ങളും പരീക്ഷിച്ച് ഒടുവിൽ വീണ്ടും മററ്റിക്കുലേഷൻ മൂഷികസ്ത്രീയായി തന്നെ വന്നു. സകലർക്കും തൃപ്തിയായി. ഇനിയും പണ്ടത്തെ ഭീമമായ തോൽവിഗീത പാടാം. ഒരു ചുററൽകൂടി ചുററാം. കുട്ടികൾ മാത്രം നിന്നെടത്തു നില്ക്കുമോ? അതുവൊ.

# താമസ് കാർലൈൽ.

(ജീവചരിത്രസംക്ഷേപം)

(ആർ. ഈശ്വരപിള്ള ബി. എ.)

പത്തൊമ്പതാംനൂററാണ്ടിലെ യൂറോപ്യൻപരിഷ്കാരത്തിന്റെ ഗുണദോഷനിരൂപകനും അതിന്റെ ഭൗതികാംശത്തിന്റെ യഥാർത്ഥവ്യാഖ്യാതാവും അക്കാലത്തെ രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ നിർദ്ദയനായ വിമർശകനും ഇംഗ്ലീഷുസാഹിത്യത്തിലും ഭാഷാരീതിയിലും ഒരു അനനുകരണീയമാർഗ്ഗം സൃഷ്ടിച്ചയാളും ഗംഭീരനായ ചിന്തകനും ഒരു വിശിഷ്ടനായ തത്വോപദേഷ്ടാവും ദീർഘദർശിയും ത്യാഗശീലനുമായ ഒരു മഹാന്റെ ജീവചരിത്രം സംക്ഷിപ്തമായിരുന്നാലും ഏറെക്കുറെ വിജ്ഞാനപ്രദവും രസജനകവും ഉൽകൃഷ്ടവികാരോദ്ദീപകവും ചിന്തോത്തേജകവുമല്ലാതിരിക്കാൻ തരമില്ല

"ഓർക്കിൽസൽചരിതത്തിൽനിന്നുപരമാംസാരംഗ്രഹിക്കാംനമു
ക്കാകും ജന്മമിദംപ്രയത്നമതിനാലുൽകൃഷ്ടമാക്കാംഭുവി."

എന്നാണ് ഒരു മഹാകവിതന്നെ പറയുന്നതു്. എമേഴ്സൻ പറയുന്നതുപോലെ:—.

മഹാന്മാർ നമ്മുടെ കണ്ണുകളിൽനിന്നും അഹംഭാവതിമിരത്തെ ദൂരീകരിക്കുന്ന അഞ്ജനശലാകകൾ തന്നെയാണ്. മഹത്ചരിതം വായിക്കുമ്പോളാണ് നാം നമ്മുടെ നിസ്സാരതയെ യഥാവൽ ഗ്രഹിക്കുന്നതു്. ഇവരുടെ ജീവിതരീതിയും സ്വഭാവമഹാത്മ്യവും ബുദ്ധിവൈഭവവും നമ്മുടേതിൽനിന്നും ഗുണവിഷയത്തിൽ എത്രയോ കവിഞ്ഞുനില്ക്കുന്നുവെന്നുള്ള ബോധംതന്നെ നമ്മുടെ അബദ്ധവിചാരങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് പര്യാപ്തമായി ഭവിക്കുന്നു. ഇതുകൂടാതെ പ്രത്യക്ഷമായ ലോകജ്ഞാനം, ഗു

ന്നദ്ദോഷവിവേചനാശക്തി, ചിന്താശക്തി, രസാനുഭൂതി, ഉല്ക്കർഷപ്രാപ്തിക്കുള്ള മാർഗ്ഗങ്ങൾ മുതലായവയും നമുക്കു സിദ്ധിക്കാൻ സൗകര്യമുണ്ട്. അതുകൊണ്ട് മഹാന്മാരുടെ ജീവചരിത്രപഠനം വ്യക്തികളിൽക്കൂടി പ്രതിഫലിക്കുന്ന കാലദേശാവധിഭേദങ്ങളില്ലാത്ത സന്മാർഗ്ഗപഠനം തന്നെയാണെന്നുവേണം പറവാൻ. നാം ജിജ്ഞാസയോടും ശ്രദ്ധയോടും തുറന്ന മനസ്സോടും കൂടി മഹൽചരിതം പഠിക്കുന്നതായാൽ നമുക്ക് എന്തുമാത്രം ഗുണങ്ങൾ സിദ്ധിക്കുമെന്നുള്ളതിന്നു കണക്കില്ല. നാം ഇതിൽ വ്യയം ചെയ്യുന്ന ഒരു നിമിഷംപോലും വ്യർത്ഥമായി വരികയില്ലെന്നുള്ളതു തീർച്ചയാണ്.

"പദമനുവിധേയംച മഹതാം"

എന്ന മഹദ്വാക്യത്തിൻെറ സാരം ഇവിടെ ചിന്തനീയമാണ്.

താമസ് കാർലൈയിൽ 1795 ഡിസംബർമാസം 4 ാംനു സ്കോട്ട്ലണ്ടിൽ ഇംഗ്ലണ്ടിൻെറ വടക്കെ അതിർത്തിയോടു തൊട്ടുകിടക്കുന്ന ഡംഫ്രിസ് ഷയറിലുള്ള എക്കിൾഫെക്കാൻ എന്ന ചെറുഗ്രാമത്തിൽ ജനിച്ചു. ഈ സ്ഥലത്തിന് അന്നു യാതൊരുവിധമായ പ്രസിദ്ധിയും ഇല്ലായിരുന്നു. ഇവിടെ ഒരു കുടിലിൽ കൽപണിക്കാരനായ ജെയിംസ് കാർലൈലും തൻെറ ഭാര്യയായ മാർഗററ്റ് അയിററ്കെൻ എന്ന മഹതിയും വസിച്ചിരുന്നു. ഇവരിരുവരുടേയും പ്രഥമസന്താനമായിരുന്നു താമസ് കാർലൈൽ. ഇവർക്കു താമസിനെ കൂടാതെ വേറെ എട്ടു സന്താനങ്ങൾകൂടി പിന്നീടുണ്ടായി. തൻെറ ജനനസ്ഥലമായ ഈ ഗ്രാമത്തോട് കാർലൈലിന്നു ആജീവനാന്തം അതിയായ സ്നേഹം ഉണ്ടായിരുന്നു. തലസ്ഥാനമായ ലണ്ടനിൽ താമസമായിരുന്ന കാലത്തും താമസ് വല്ല അസ്വാസ്ഥ്യവും നേരിടുന്ന അവസരങ്ങളിലൊക്കയും "അനൻഡെയിലി"ൽ ചെന്നു പ്രശാന്തചിത്തനായി സുഖവാസം ചെയ്യാറുണ്ട്. കാർലൈലിൻെറ നാമം ഇന്നും ഈ സ്ഥലത്തോടു ദൃഢമായി ബന്ധിക്കപ്പെട്ടിരിക്കുന്നു.

ജെയിംസ് കാർലൈൽ നല്ല സ്വഭാവഗുണവും അസാമാന്യമായ വാഗ്വൈഭവവും ഈശ്വരഭക്തിയും ഉള്ള ഒരു മനുഷ്യനായിരുന്നു. വിദ്യാഭ്യാസത്തിൻെറ യഥാർത്ഥവിലയും അദ്ദേഹം വേണ്ടവണ്ണം ഗ്രഹിച്ചിരുന്നു. തന്നിമിത്തം തൻെറ ബുദ്ധിമാനായ പുത്രനു കഴിയുന്നതും ഉൽകൃഷ്ടവിദ്യാഭ്യാസം നൽകുന്നമെന്ന് അദ്ദേഹം തീർച്ചയാക്കി. മാതാവും ദൈവവിശ്വാസവും പുത്രവാത്സല്യവുമുള്ള ഒരു സ്ത്രീയായിരുന്നതിനാൽ താമസ്സിനു ബാല്യത്തിൽതന്നെ ഉൽക്കർഷപ്രാപ്തിക്കനുകൂലമായ ഒരു പരിതസ്ഥിതി ലഭിക്കാൻ ഭാഗ്യമുണ്ടായി. കാർലൈലിൻെറ പ്രാരംഭവിദ്യാഭ്യാസം ആ ഗ്രാമത്തിലുണ്ടായിരുന്ന പ്രാഥമികപാഠശാലയിൽതന്നെ ആയിരുന്നു. ഇവിടെ കാർലൈൽ തൻെറ ബുദ്ധിശക്തികൊണ്ട് സബ്രഹ്മചാരികളെയെല്ലാവരേ

യും അതിശയിച്ചിരുന്നു. പത്താമത്തെ വയസ്സിൽ ഇവിടത്തെ അദ്ധ്യയനം കഴിഞ്ഞു് അടുത്തുണ്ടായിരുന്ന ‘ഒന്നാൻ’ എന്ന സ്ഥലത്തെ അല്പം ഉയർന്നതരം വിദ്യാലയത്തിൽ ചെന്നുചേർന്നു. നാലുവർഷം പഠിച്ചതിന്റെ ശേഷം കാർലൈൽ ഇവിടംവിട്ടു് എഡിൻബറോസർവ്വകലാശാലയിൽ പ്രവേശിച്ചു. എഡിൻബറോസർവ്വകലാശാല തന്റെ വാസസ്ഥലത്തുനിന്നും നൂറു മൈൽ ദൂരത്താണു് സ്ഥിതിചെയ്തിരുന്നതു്. നാലഞ്ചുദിവസത്തെ നടപ്പുകൊണ്ടു് കാർലൈൽ ഏതാനും ചങ്ങാതിമാരോടുകൂടി അവിടെ ചെന്നു് ഒരു കുടിൽ എടുത്തു താമസിച്ചു. ഗൃഹത്തിൽനിന്നും മാതാപിതാക്കന്മാർ പതിവായി അയച്ചുകൊടുത്തിരുന്ന ഭക്ഷണസാധനങ്ങൾ കൊണ്ടു് ഉപജീവിച്ചുവന്നു. ഇങ്ങിനെയുള്ള ജീവിതം ബാലനായ കാർലൈലിൽ പൗരുഷത്തേയും സ്വാശ്രയശീലത്തേയും ഉദ്ദീപിപ്പിക്കുന്നതിനു് സഹായിച്ചു.

ഇദ്ദേഹത്തിന്റെ ബുദ്ധിശക്തി ആദ്യമായി പ്രത്യക്ഷപ്പെട്ടതു് ഗണിതശാസ്ത്രത്തിലായിരുന്നു. ഇതിൽ അദ്ദേഹം എഡിൻബറോസർവ്വകലാശാലയിൽ അനന്യസാധാരണമായ വിജയം പ്രാപിച്ചു. അന്നത്തെ സാഹിത്യഭാഷകളായിരുന്ന ലാററിൻ ഗ്രീക്കു് മുതലായവയിൽ അക്കാലത്തു കലാശാലാപണ്ഡിതന്മാരിൽനിന്നും പറയത്തക്ക സഹായം ഒന്നും ലഭിച്ചില്ല. എങ്കിലും കാർലൈൽ സ്വപ്രയത്നംകൊണ്ടും സബ്രഹ്മചാരികളുമായുള്ള സംഭാഷണം മൂലവും തനിക്കു് ഈ വിഷയത്തിലുണ്ടായിരുന്ന വാസനയേയും അഭിരുചിയേയും പോഷിപ്പിച്ചുവന്നു. എഡിൻബറോസർവ്വകലാശാല താമസ്സിനു് യോജിച്ച ഒന്നായിരുന്നു. അദ്ദേഹത്തിന്റെ സ്വാഭാവികമായ ബുദ്ധിവൈഭവത്തിനും മാതാപിതാക്കന്മാരിൽനിന്നും ജന്മനാ സിദ്ധിച്ച മററു ഗുണങ്ങൾക്കും ഇവിടെ അവശ്യം വേണ്ടതായ വികാസം സിദ്ധിച്ചു. ഇവിടെവച്ചുതന്നെ പിൻകാലത്തു് അദ്ദേഹത്തിൽ പ്രത്യക്ഷീഭവിച്ച വാഗ്വിലാസവും ഏറെക്കുറെ പ്രകാശിച്ചുതുടങ്ങി. അന്യന്മാരെ പ്രേരിപ്പിക്കുന്നതിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന സാമർത്ഥ്യവും അദ്ദേഹം ഒരു വിദ്യാർത്ഥിയായിരുന്നപ്പോൾതന്നെ അവ്യക്തമായിട്ടെങ്കിലും കണ്ടുതുടങ്ങി. എന്നാൽ അദ്ദേഹത്തിന്റെ സർവ്വകലാശാലാജീവിതം ഒരുവിധത്തിലും അദ്ദേഹത്തിന്റെ പൗരുഷത്തിനും സ്വാശ്രയസിദ്ധിക്കും ഹാനികരമായി ഭവിച്ചില്ല. ഇവിടെ അദ്ദേഹത്തിന്റെ ജീവിതരീതിയും ഏററവും ആഡംബരരഹിതവും ലഘുവുമായിരുന്നു. “വിനീതജീവിതവും വിശിഷ്ടചിന്ത”യുമായിരുന്നു എന്നും അദ്ദേഹത്തിന്റെ ജീവിതാദർശം. ഇവിടെ അദ്ദേഹത്തിനു പ്രധാനഭക്ഷണം ഓട്ടസ്ധാന്യമാവും പാലും മാത്രമയിരുന്നു. ഇതുതന്നെ ആയിരുന്നു മരണംവരെയും അദ്ദേഹത്തിനു നിത്യവും ഹൃദ്യവുമായ ഭക്ഷണം. അഞ്ചുവർഷത്തെ സർവ്വകലാശാലാജീവിതത്തിനു ശേഷം പത്തൊമ്പതാമത്തെ വയസ്സിൽ കാർലൈൽ ഈ വിദ്യാലയത്തോടു് യാത്രപറഞ്ഞു പിന്നീടു് പ

ത്തുപന്ത്രണ്ടുകൊല്ലം മററു സാഹിത്യകാരന്മാരുടെ പതിവനുസരിച്ച് പല തൊഴിലുകളും ഓരോന്നായി പരീക്ഷിച്ചുനോക്കി. വൈദികവൃത്തി സ്വീകരിക്കണമെന്നായിരുന്നു മാതാപിതാക്കന്മാരുടെ താല്പര്യം. അതിലേക്കുള്ള ഒരുക്കമായി 1824-ൽ അദ്ദേഹം അദ്ധ്യാപകവൃത്തി കൈക്കൊണ്ടു. ആദ്യം "അനാൻ" എന്ന സ്ഥലത്തെ വിദ്യാലയത്തിലും പിന്നീടു "കിത്ക്കാൻഡി"യിലൊരു വിദ്യാലയത്തിലും ഗണിതശാസ്ത്രം അഭ്യസിപ്പിച്ചു.

എന്നാൽ കാർലൈലിനു അദ്ധ്യാപകവൃത്തിയോടുള്ള വിരക്തിയേയും അതൃപ്തിയേയും പ്രദർശിപ്പിക്കുന്നതിന് അധികം താമസം വേണ്ടിവന്നില്ല. ഇതിൽപിന്നെ കുറച്ചുകാലം നിയമപഠനം പരീക്ഷിച്ചുനോക്കി. അതിലും ഇദ്ദേഹത്തിനു നല്ല തൃപ്തിയുണ്ടായില്ല. അഭിരുചിയും ആ വഴിക്കല്ല ചാഞ്ഞിരുന്നതു്. പിന്നീടു് ഉപജീവനമാർഗ്ഗമായി ഏതാനും ബാലന്മാരെ ഗൃഹത്തിൽവച്ചു പഠിപ്പിച്ചുവന്നു. ഇതിലും വിരക്തിയാണുണ്ടായതു്. മനുഷ്യനിൽ ലയിച്ചുകിടക്കുന്ന സഹജമായ വാസന അത്ര എളുപ്പം പ്രത്യക്ഷപ്പെടുക പതിവില്ല. അതിനെ ഉണർത്തുന്നതിന് പല ദുർഘടങ്ങളുടേയും സംഘട്ടനം ആവശ്യമാണ്. ഉദാഹരണമായി ഷെക്സ്പീയരുടെ ജീവിതംതന്നെ നോക്കുക. കാർലൈലിൻെറ സഹജവാസന വെളിപ്പെടുന്നതിന് ഇനിയും കാലമായിരുന്നില്ല.

ഇക്കാലത്തു കാർലൈലിന് ഒരു സുഹൃത്തിനെ ലഭിക്കാൻ ഭാഗ്യമുണ്ടായി. അതു് എഡ്വെർഡ്ഇർവിങ്ങ് എന്ന പ്രസിദ്ധമതപ്രാസംഗികനായിരുന്നു. ഇദ്ദേഹം കാർലൈലിൻെറ സ്വദേശിയും തന്നേക്കാൾ അഞ്ചുവയസ്സ് പ്രായം കൂടുതലുള്ള ഒരാളുമായിരുന്നു. ദുർഘടങ്ങളിൽ കിടന്നു കുഴങ്ങുമ്പോൾ പലപ്പോഴും നാം വിചാരിക്കാത്ത സ്ഥലത്തുനിന്നും സഹായം ലഭിക്കുന്നതു് അത്ര അസാധാരണമല്ല.

ഇദ്ദേഹം കാർലൈലിൻെറ ജീവിതത്തെ രൂപവൽക്കരിക്കുന്നതിൽ പ്രയുക്തന്മാരായിരുന്ന ചുരുക്കം ചിലരിൽ ഒരുവനായിരുന്നു. ഇർവിങ്ങ് കിർക്കാൻഡിയിൽ കാർലൈലിൻെറ സുസ്ഥിരസഖാവായിരുന്നു. പാരായണത്തിനായി പല പുസ്തകങ്ങളും ഇദ്ദേഹം കാർലൈലിന് പതിവായി കൊടുത്തുവന്നു. ദിവസവും ഒന്നിച്ച് നഗരപരിസരങ്ങളിൽ സവാരിപോകുന്നതും പതിവായിരുന്നു. ചുരുക്കത്തിൽ ഇവർതങ്ങളിൽ വലിയ കൂട്ടുകെട്ടായിരുന്നു. ഇദ്ദേഹത്തോടുകൂടിയുള്ള സഞ്ചാരവും സരസസല്ലാപവും സഹവാസവും കാർലൈലിൻെറ ചിന്താപ്രരോഹങ്ങളെ പോഷിപ്പിക്കയും നിരീക്ഷണശക്തിയെ ഉത്തേജിപ്പിക്കയും ചെയ്യുന്നതിന് പര്യാപ്തങ്ങളായി ഭവിച്ചു. ഇതൊക്കെയും കാർലൈൽ അദ്ദേഹത്തിൻെറ "സ്മരണകൾ" എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1822-ൽ കാർലൈൽ ഇർവിങ്ങിൻെറ ശിപാർശപ്രകാരം ബുള്ളർകുടുംബത്തിൽ ഒരു ഉപാദ്ധ്യായനായി

പ്രവേശിച്ചു. ചാർൽസ് ബുള്ളർ എന്ന യുവാവ് ഒരു ബുദ്ധിമാനും സൽസ്വഭാവിയും ആയിരുന്നു. സഹോദരൻ ആർത്തർബുള്ളരും കൂടി അഭ്യസിച്ചുവന്നു. രണ്ടുകൊല്ലത്തോളംകാലം കാർലൈൽ ഈ യുവാവിന്റെ ഗൃഹോപാദ്ധ്യായനായിരുന്നു. എന്നാൽ നിർഭാഗ്യവശാൽ ഈ യുവാവ് അകാലചരമം പ്രാപിക്കുന്നതിനിടയായി എങ്കിലും പിന്നീട് ഈ കുടുംബക്കാർ കാർലൈലിന്റെ ഉററ സഹായികളായിത്തന്നെ ഇരുന്നു. ഇവിടെനിന്നും പലപ്പോഴും സ്വല്പമായ ധനസഹായം ലഭിച്ചതുകൂടാതെ അദ്ദേഹത്തിന്റെ ജ്ഞാനസമ്പാദനത്തിനുവേണ്ട സൗകര്യങ്ങളും അവിടെ ഉണ്ടായിരുന്നു. ഇപ്രകാരമുള്ള ധനസഹായമില്ലായിരുന്നുവെങ്കിൽ താമസ്സിന്റെ സഹോദരനായ ജാൺ വൈദ്യം അഭ്യസിക്കയൊ അലക്സാണ്ടർ കൃഷിചെയ്യുകയൊ ചെയ്യുകയില്ലായിരുന്നു. 1821-ൽ ഇർവിങ്ങ് ഇദ്ദേഹത്തിനെ ഹാഡിങ്ങ്ടൻ എന്ന ദിക്കിലേക്ക് കൊണ്ടുപോകയും അവിടെ പിന്നീടു തന്റെ സഹധർമ്മിണിയായിത്തീർന്ന ജയിൻബെയിലിവെൽഷ എന്ന യുവതിയുമായിട്ട് പരിചയപ്പെടുത്തുകയും ചെയ്തു. ഇർവിങ്ങിന്റെ ആർജ്ജവബുദ്ധിയും ഭൂതദയയും അദ്ദേഹത്തിന്റെ ഉത്സാഹശീലവും പ്രസന്നവദനവും മററു ഗുണങ്ങളും അദ്ദേഹത്തെ കാർലൈലിന് അനുരൂപനായ ഒരു സഖാവാക്കിതീർത്തു. ഇദ്ദേഹത്തിനു കാർലൈലിന്റെ യഥാർത്ഥസ്വഭാവം മനസ്സിലായിരുന്നു. ഇതു മററാർക്കും സാധിച്ചിട്ടില്ലാത്ത ഒരു കാര്യമാണ്. ഇക്കാലത്തൊക്കെയും കാർലൈൽ ഒരു സുസ്ഥിരജീവിതമാർഗ്ഗവും അവലംബിക്കാതെ സുവിസ്തൃതമായ ഒരു തത്വാന്വേഷണപരിധിയിൽ വ്യാപരിച്ചുകൊണ്ടിരുന്നു. ഈ വിഷയത്തിൽ കാർലൈലിന്റെ ജീവിതം ഡാക്ടർ സാമുവൽ ജാൺസന്റെ സ്ഥിതിയോട് ഏറെക്കുറെ ഉപമിക്കാം. ഈ ദുർഘടാവസ്ഥയിൽ ഇർവിങ്ങ് അദ്ദേഹത്തിന് ഒരു ഉററ ബന്ധുവായിരുന്നു. കാർലൈലിന്റെ മനസ്സിൽ ഉത്സാഹത്തെ ഉജ്വലിപ്പിച്ചുകൊണ്ടിരുന്ന മറെറാരു സംഗതി തന്നോട് കുടുംബാംഗങ്ങൾക്കുണ്ടായിരുന്ന സൗഹാർദ്ദവും വിശ്വാസവും തനിക്ക് ഗൃഹത്തിൽ സദാ ലഭിച്ചിരുന്ന ഹാർദ്ദമായ സ്വാഗതവുമായിരുന്നു. താമസ്സ് ഇപ്പോൾ സ്വല്പം അസ്ഥിരനായി തോന്നാമെങ്കിലും ഒരിക്കൽ ഒരു പ്രസിദ്ധനായിത്തീരുമെന്ന് അവർക്കെല്ലാവർക്കും നല്ല വിശ്വാസം ഉണ്ടായിരുന്നു. കാർലൈലിന്റെ കുടുംബം 1814-ൽ മെയിൽഹിൽ എന്ന സ്ഥലത്തേക്കും 1826-ൽ സ്കാട്ട്സ്ബ്രിംഗ് എന്ന സ്ഥലത്തേക്കും മാറി താമസിച്ചിരുന്നു. കാർലൈലിന് ഈ രണ്ടു സ്ഥലങ്ങളിലും വാസസൗകര്യവും ഹൃദ്യഭക്ഷണവും നിർവ്യാജമായ സ്നേഹവും മനസ്സമാധാനവും സ്വൈരതയും ലഭിക്കാതിരുന്നില്ല. എന്നാൽ ഈ വിധജീവിതം ഏറെക്കുറെ അവസാനിക്കാറായിരുന്നു. ഇനി ഇവിടെ ജീവിതത്തിന്റെ ഒരു പുതിയ ഘട്ടം ആരംഭിക്കുന്നു. "ജയിൻബയിലിവെൽഷ" ഒരു കുലീനയായ

യുവതിയായിരുന്നു. ഇവരുടെ ബുദ്ധിസാമർത്ഥ്യവും, പ്രസന്നതയും, ആകർഷണീയമായ സ്വഭാവഗുണവും ഏതു സദസ്സിലും സദാ പ്രകാശിച്ചുകൊണ്ടിരുന്നു. ഹാഡിങ്ങ്ടണ്ണിലെ സ്ത്രീലോകത്തിൽ ഈ മഹതിക്ക് ഒരു മാന്യസ്ഥാനം സിദ്ധിച്ചിരുന്നു. ഇർവിങ്ങും ഈ വനിതയും തമ്മിൽ അനുരാഗം വർദ്ധിച്ചുവന്നു. എന്നാൽ സംഗതിവശാൽ ഇവർതമ്മിൽ വിവാഹം സാധ്യമായിരുന്നില്ല. ഈ യുവതിയുടെ ബുദ്ധിവൈഭവം സൗന്ദര്യവും കാർലൈലിനെ ആകർഷിക്കുന്നതിന് അധികം താമസം വേണ്ടിവന്നില്ല. ഇരുവർക്കും തുല്യഗുണങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ഈ മഹതി അത്ര എളുപ്പത്തിൽ വശപ്പെടുന്നതായി കാണപ്പെട്ടില്ല. ഏതെങ്കിലും 1824-ൽ കാർലൈലിനെ വരനായി സ്വീകരിക്കാമെന്ന് ഇവർ സമ്മതിച്ചു. എന്നാൽ പല കാരണങ്ങൾകൊണ്ടും വിവാഹത്തിനു പിന്നെയും അല്പം താമസം വേണ്ടിവന്നു. അവരുടെ ജീവിതരീതിയിലുണ്ടായിരുന്ന ഭിന്നതയാണ് ഇതിനുണ്ടായ പ്രധാനകാരണം. കാർലൈലിന്റെ ജീവിതംതന്നെ ഒരു സ്ഥിരതയില്ലാത്ത മട്ടിലായിരുന്നു. അദ്ദേഹത്തിന്റെ പ്രാരംഭങ്ങളും ഒട്ടും പ്രായോഗികങ്ങളായിരുന്നില്ല. അദ്ദേഹത്തിന്റെ ഉദ്ദേശ്യം തനിക്കു ജ്ഞാനസമ്പാദനത്തിന് നിർബാധമായി വേണ്ട ഗ്രന്ഥപാരായണം ചെയ്യുന്നതിന് സൗകര്യമുള്ളതായ ഒരു വിജനസ്ഥലത്തിൽ വസിക്കണമെന്നായിരുന്നു. അദ്ദേഹത്തിന്റെ മാതാവിനെപ്പോലെ സഹധർമ്മിണിയും ഗൃഹകൃത്യങ്ങൾ തന്നെ ചെയ്യണമെന്നായിരുന്നു തല്പര്യം. എന്നാൽ ജയിൻവെൽഷിന്റെ സ്വഭാവവും അവർ ശീലിച്ചിരുന്ന ജീവിതരീതിയും കാർലയിൽ കുടുംബത്തിന്റേതിൽനിന്നും വളരെ വ്യത്യസ്തപ്പെട്ടിരുന്നു. ജെയിൻവെൽഷ കാർലൈലിന്റെ ബുദ്ധിവൈഭവത്തെ ബഹുമാനിക്കയും അദ്ദേഹത്തിന്റെ സഹവാസം കാംക്ഷിക്കയും ചെയ്തുവെങ്കിലും, താൻ ശീലിച്ചുവന്ന സുഖജീവിതത്തെയും, താൻ പ്രാപിച്ചിരുന്ന പൂജ്യമായ സമുദായനിലയേയും ഉപേക്ഷിക്കുന്നതിന് നല്ല തൃപ്തിയില്ലായിരുന്നു. അവർതങ്ങളിലുള്ള പ്രേമവും അക്കാലത്ത് അതിനുതക്കവണ്ണം മൂർച്ഛിച്ചിട്ടില്ലായിരുന്നു. എങ്കിലും കാർലൈലിന്റെ അഭിലാഷപൂർത്തി അത്ര വിദൂരമായിരുന്നില്ല. 1826 അക്ടോബറിൽ അവർതമ്മിലുള്ള വിവാഹം നടന്നു. അന്നു കാർലൈലിന് മുപ്പതും പത്നിക്ക് ഇരുപത്തിഅഞ്ചും വയസ്സു പ്രായമായിരുന്നു. ഇക്കാലത്തിനിടയ്ക്ക് കാർലൈലിന്റെ സ്വഭാവം ഏറക്കുറെ പ്രത്യക്ഷപ്പെട്ടുതുടങ്ങി.

കാർലൈലിന്റെ ജ്ഞാനസമ്പാദനത്തിലുള്ള അത്യാസക്തിയും, ചിന്താശീലവും, ഇടക്കിടെയുള്ള അപ്രസന്നതയും, കോപവും, ജിഹ്വയെ ഭരിക്കാനുള്ള അപ്രാപ്തിയും മററും അദ്ദേഹത്തിന്റെ എഴുത്തുകളിൽ പ്രതിബിംബിച്ചു കണ്ടുതുടങ്ങി. മൗനവും ത്യാഗവും മഹൽഗുണങ്ങളായി വരിച്ചിരുന്ന ഒരാളിൽ ഇവ അല്പം അസ്ഥാനത്തിലായി കാണപ്പെട്ടു. ഏതു

ജോലിയും ശാന്തമായ മനസ്സോടും അനുക്രമമായ വിധത്തിലും ചെയ്ക എന്നുള്ളത് അദ്ദേഹത്തിനു സാധ്യമല്ലായിരുന്നു. ഇക്കാലത്തു് കാർലൈൻ ജർമ്മൻസാഹിത്യഗ്രന്ഥങ്ങൾ വായിക്കുന്നതിലും അതിനെപ്പററി തനിക്കു ലഭിച്ച അറിവിനെ തൻെറ ദേശക്കാൎക്കു വിതരണം ചെയ്യുന്നതിലും ജാഗരൂകനായിരുന്നു. ഇതിനുംപുറമെ, അദ്ദേഹം ഫ്രഞ്ച്, ഇററാലിയൻ ഈ ഭാഷകളിലുള്ള സാഹിത്യഗ്രന്ഥങ്ങളും വായിച്ചു് ജ്ഞാനം സമ്പാദിച്ചുവന്നു. എന്നാൽ ജർമ്മൻവിദ്വാന്മാരായ കാൻറ്, ഗീഥി, ഷില്ലർ ഇവരുടെ കൃതികളിലായിരുന്നു അദ്ദേഹത്തിന് പ്രത്യേകം അഭിരുചിയുണ്ടായിരുന്നതു്. അദ്ദേഹം 1823-ൽ ഗീഥിയുടെ "വിൽഹെൽമംമീസ്റ്റർ" എന്ന ആഖ്യായികയെ ഇംഗ്ലീഷിൽ ഭാഷപ്പെടുത്തി. അതേ തുടൎന്ന് ഷില്ലരുടെ ജീവചരിത്രം എഴുതിത്തീൎത്തു. എന്നാൽ ഇവയ്ക്കു് അക്കാലത്തു വലിയ പ്രചാരംഒന്നും ഉണ്ടായില്ല. അദ്ദേഹത്തിൻെറ യശസ്സ് സുസ്ഥാപിതമായതിൽപിന്നെ മാത്രമെ ഈ ഗ്രന്ഥങ്ങൾക്ക് സുവിസ്തൃതമായ പ്രചാരം സിദ്ധിച്ചുള്ളൂ. ഇക്കാലത്തെല്ലാം അദ്ദേഹം സാഹിത്യവിഷയത്തിൽ പരിശ്രമിക്കയായിരുന്നു. അദ്ദേഹത്തിന് പരാധീനത കൂടാതെ ജീവിക്കുന്നതിനുള്ള ഒരു മാൎഗ്ഗം അവലംബിക്കണമെന്ന് വലിയ താല്പര്യം ഉണ്ടായിരുന്നു. എന്നാൽ ഇനിയും ഇതിനായി സോത്സാഹം പ്രവൃത്തിക്കയൊ നിരന്തരമായി ക്ലേശിക്കയൊ ചെയ്തില്ല.

കാർലൈലിൻെറ വിവാഹാനന്തരജീവിതവും ഒരു മാതൃകാജീവിതമായിരുന്നുവെന്ന് പറവാൻ തരമില്ല. വിവാഹം കഴിഞ്ഞു രണ്ടുകൊല്ലംവരേയും കാർലൈൽ ഉദ്ദേശിച്ചിരുന്നതുപോലെ ഏകാന്തവാസം സാധിച്ചില്ല. അവർ എഡിൻബറോവിൽതന്നെ വസിച്ചിരുന്നു. ഇക്കാലം തനിക്കു വളരെ സുഖമായിരുന്നു എന്ന് കാർലൈൽ പ്രസ്താവിച്ചിട്ടുണ്ടു്. അവിടെ അവരുടെ കുടുംബത്തിലെ പ്രധാനസുഹൃത്തു് കാർലൈലിൻെറ പത്നിയുടെ ഒരു ബന്ധുവും "എഡിൻസ്ബറോറിവ്യൂ" എന്ന പത്രത്തിൻെറ പ്രസാധകനുമായ "ജെഫ്രി" എന്നയാൾ ആയിരുന്നു. "ജഫ്രി" ഈ ദമ്പതിമാരുടെ പ്രിയസുഹൃത്തായിത്തീൎന്നതിൽപിന്നെ അദ്ദേഹം ഇവരിരുവരേയും തലസ്ഥാനത്തെ യോഗ്യന്മാരുമായി പരിചയപ്പെടുത്തുകയും തൻെറ "റിവ്യൂ"വഴിക്ക് ജർമ്മൻസാഹിത്യകാരന്മാരെപ്പററി കൂടുതൽ അറിവു ജനങ്ങളുടെ ഇടയിൽ പരത്തുകയും ചെയ്തു. രണ്ടു വൎഷംവരെ എഡിൻബറോവിൽ താമസിച്ചതിനു ശേഷം അല്പം വിരക്തിതോന്നി തൻെറ പത്നിയുടെ വകയായ "ക്രയിഗ് ജൻവുട്ടാക്ക്" എന്ന സ്ഥലത്തേക്കു് മാറിത്താമസിച്ചു. ഇതു് ഡംഫ്രീസിൽനിന്നും 16 മൈൽ ഉള്ളിലും സമുദ്രനിരപ്പിൽനിന്നും 700 അടി ഉയരത്തിലും ഉള്ള ഒരു വിജനമായ അന്തൂപപ്രദേശമായിരുന്നു. ഈ വിജനസ്ഥലവാസം കാർലൈലിന് എത്രയും പ്രിയകരമായി

രുന്നു. ഇവിടെ അദ്ദേഹം നയിച്ചതായ ആറു കൊല്ലങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ ഏത്രയും ഫലഭൂയിഷ്ഠവും പരിശ്രമസങ്കീർണ്ണവുമായിരുന്നു. ഈ വിജനവാസത്തിലാണ് കാർലൈലിന്റെ അസാധാരണബുദ്ധിക്ക പൂർണ്ണവികാസവും പുഷ്ടിയും സിദ്ധിച്ചതു്. ഇവിടെ പത്നി ഗൃഹജോലിയിലും അസുഖത്തിലും ഏകാന്തമായും പതി വായനയിലും ജ്ഞാനാർജ്ജനത്തിലും ഗ്രന്ഥരചനയിലും ആറുകൊല്ലം നയിച്ചു. ഇവിടെ വച്ചാണ് കാർലൈൽ ഗീഥിയെക്കുറിച്ചുള്ള വിമർശനവും ബേൺസിനെക്കുറിച്ചുള്ള ഉപന്യാസവും മററും എഴുതിയതു്. അദ്ദേഹത്തിന് ഇവിടെ യാതൊരു ശല്യവും ഉണ്ടായിരുന്നില്ല. എന്നാൽ ഈ സ്ഥലം നമ്മുടെ സാഹിത്യയോഗിക്ക് ചേർന്നതായിരുന്നുവെങ്കിലും വിജനജീവിതം പത്നിക്ക് ദുസ്സഹമായ ക്ലേശമായിരുന്നു. ഇവർ വിദ്യാഭ്യാസവും, ബുദ്ധിസാമർത്ഥ്യവും, സൗജന്യവുമുള്ള ഒരു സ്ത്രീയായിരുന്നു. എങ്കിലും ഇവിടെ ഒരു ഭൃത്യയെപ്പോലെ വേല ചെയ്യേണ്ടിവന്നു. എന്നാൽ ക്ലേശമൊക്കെയും ക്ഷമാപൂർവം സഹിച്ചുവന്നു. ആറുവർഷത്തെ ഈ മട്ടിലുള്ള ജീവിതം അവരുടെ ആരോഗ്യത്തെ ഏറെക്കുറെ നശിപ്പിക്കയും ശീലത്തെ അല്പം ഭേദപ്പെടുത്തുകയും ചെയ്തു. ഈ വിധമുള്ള "ക്രെയിഗ് ജൻപുട്ടാക്കിലെ" വിജനവാസത്തിന്റെ പരമാർത്ഥഫലം "സാർട്ടർറിസാർട്ടസ്" എന്ന കൃതിയായിരുന്നു. കാർലൈലിന്റെ യശസ്സ് ഇതുവരെയും സുസ്ഥാപിതമായിട്ടില്ലായിരുന്നു. ഇതിലെ അഭിപ്രായങ്ങളും ഭാഷാരീതിയും അസാധാരണമായിരുന്നതിനാൽ ഇതിനെ പ്രസിദ്ധീകരിക്കുന്നതിന് ആർക്കും സമ്മതമുണ്ടായില്ല. അതുകൊണ്ട് അല്പാല്പമായി "ഫ്രെസർസ് മാഗസിൻ" എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തുകയാണു ചെയ്തതു്.

ഇതു് അന്നത്തെ ചില സമുദായാചാരങ്ങളെ കഠിനമായി ആക്ഷേപിച്ചിരുന്നു. 1833-ൽ അമേരിക്കയിൽനിന്ന് എമേഴ്സൺ എന്ന പ്രസിദ്ധഗദ്യകാരൻ ഇദ്ദേഹത്തെ സന്ദർശിക്കുന്നതിനായിട്ടു വന്നു. ഇദ്ദേഹം പിന്നീട് ഉത്തമശിഷ്യനായിത്തീർന്നു. ഇവിടെ കാർലൈൽ തന്റെ അധികസമയവും "ഫ്രഞ്ചുവിപ്ലവ"ത്തെപ്പററി വായിക്കുന്നതിലാണ് വ്യയം ചെയ്തിരുന്നതു്. ഇതേപ്പററി ഒരു ചരിത്രം എഴുതുവാൻ അദ്ദേഹം ഉദ്ദേശിച്ചിരുന്നു. ഇക്കാലത്തൊക്കെയും കാർലൈൽ ഒരു സുസ്ഥിരമായ ഉപജീവനമാർഗ്ഗം അന്വേഷിച്ചുകൊണ്ടിരുന്നു. എഡിൻബറോ, സെൻറാൻഡ്രൂസ് ഈ സർവകലാശാലകളിൽ പ്രാസംഗികസ്ഥാനം ചില പത്രങ്ങളുടെ പ്രസാധകത്വം ഇവ ലഭിക്കാൻ താല്പര്യമുണ്ടായിരുന്നു. എന്നാൽ ഈ ആഗ്രഹങ്ങൾ ഒന്നും ഫലിച്ചില്ല. ഇവയിൽ ചിലതിന് ഇദ്ദേഹത്തിനു യോഗ്യത മതിയായിരുന്നില്ല. ചിലതിനു തക്കതായ ആനുകൂല്യം ഇല്ലാതെയുമിരുന്നു. ഇതൊക്കെയും നിമിത്തം ഇദ്ദേഹം സ്കോട്ട്ലണ്ടിനെ ഉപേക്ഷിച്ചുംവച്ച് ലണ്ടനിൽ ചെന്നു ശ്രമം ചെയ്യുവാൻ തീർച്ചയാക്കി. 1834-ൽ ചെത്സിയിൽ

'ചെയിൽറൊ'എന്ന ഒരു വീട്ട് എടുക്കയും അന്തപ്രഭൂമിയിലെ ആശ്രമത്തെ ഉപേക്ഷിക്കയും ചെയ്തു.

ഈ സ്ഥലം ഇന്നും സുരക്ഷിതമായിരിക്കുന്നതു കാണാം. ഇവിടെ ഇദ്ദേഹത്തിൻെറ ഒരു പ്രതിമയും കാണ്മാനുണ്ട്. ഈ ഗൃഹത്തിലാണ് കാർലൈൽ തൻെറ ആയുഷ്കാലത്തിൻെറ ഒടുവിലത്തെ 47കൊല്ലവും ന യിച്ചിട്ടുള്ളതു്. തന്നിമിത്തം ഇദ്ദേഹത്തിന് 'ചെത്സിയിലെ ഋഷി'എന്നുള്ള സുപ്രസിദ്ധനാമവും ലഭിച്ചു. ഇവിടെ ഒരു മുറിയിൽവെച്ചാണ്, പുറത്തു നിന്നും ഉള്ള അൽപം ചില ശല്യങ്ങളെ വകവയ്ക്കാതെയും ഉള്ളിലുള്ള അ സംതൃപ്തിയേയും ഇച്ഛാഭംഗത്തേയും വിഗണിച്ചും കാർലൈൽ അദ്ദേഹത്തി ൻെറ സുപ്രസിദ്ധമായ ചരിത്രത്രിതയത്തെ രചിച്ചതു്. ലണ്ടനിലെ താ മസത്തിൻെറ ആദ്യകാലത്തു് അദ്ദേഹത്തിനു ആശയ്ക്കൊന്നും വഴിയില്ലായി രുന്നു. 1834-ൻെറ അവസാനംവരെ അദ്ദേഹത്തിനു വലിയ ആദായവും ഒന്നുംതന്നെ ലഭിച്ചില്ല. എന്നാൽ ഈ ദുരവസ്ഥയിൽ അദ്ദേഹത്തിന് ഒ രു ആശ്വാസം ഉണ്ടായിരുന്നു. അതു് തൻെറ ബുദ്ധിവൈഭവത്തെപ്പററി പൂർണ്ണമായ വിശ്വാസവും അതിനെ യഥാവൽ വിലമതി ക്കുന്നതിനുള്ള പ്രാപ്തിയും ഉള്ളതായ ഒരു സഖി തൻെറ പാർശ്വ ത്തിൽ ഉണ്ടായിരുന്നു എന്നുള്ളതായിരുന്നു ഇപ്രകാരം ഒരു സമാധാന ത്തോടുകൂടി അദ്ദേഹം അൽപം ദാരിദ്ര്യത്തിലും കഷ്ടതയിലും ഇരുന്നു നിര ന്തരമായി വേലചെയ്തു് 'ഫ്രഞ്ചുവിപ്ലവം' എന്ന ചരിത്രഗ്രന്ഥം എഴുതുവാൻ തുടങ്ങി. ഇതിലെ പ്രധാനപ്രവർത്തകന്മാരേയും പ്രസിദ്ധസംഭവങ്ങളേയും അദ്ദേഹം തൻെറ അനതിശയനീയങ്ങളായ തൂലികാരേഖകൾകൊണ്ടു് എ ത്രയും വിശദമായി ചിത്രീകരിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നു് അതു വായിക്കുന്ന വക്കറിയാം. "ഈ ഗ്രന്ഥം ചരിത്രമൊ, ഇംഗ്ലീഷുഭാഷയൊ, മറ്റൊരിക്ക ലും എഴുതപ്പെടാത്ത ഒരു പ്രത്യേകരീതിയിലാണ് എഴുതപ്പെട്ടിരിക്കുന്നതെ ന്നു്" ഒരു വിമർശകൻ പറഞ്ഞിരിക്കുന്നു. സാഹിത്യനിയമങ്ങളേയും നട പടികളേയും വ്യാകരണസൂത്രങ്ങളെ തന്നെയും അദ്ദേഹം ഇവിടെ തൃണവ ല്ഗണിച്ചിരിക്കുന്നു. എന്നാൽ പുസ്തകം പുറത്താകുന്നതിനു മുമ്പു് നിർഭാഗ്യ വശാൽ 1835-ൽ ഒരു ആപത്തു് സംഭവിച്ചു. ഒന്നാംപുസ്തകത്തിൻെറ കൈയെഴുത്തുപ്രതി ജാൺസ്റ്റ്യൂവാർട്ട് മില്ലിനു നോക്കാൻ കൊടുത്തിരുന്ന തു് എങ്ങിനേയൊ തീപിടിച്ചു നശിച്ചുപോയി. കാർലൈലിന് അനൽപ മായ നിരാശ ഉണ്ടായെങ്കിലും അതിനെ പുറത്തുകാണിക്കാതെ പിന്നേയും സധൈര്യം എഴുതുവാൻ തുടങ്ങി. കിംബഹുനാ 1837-ൻെറ ആരംഭ ത്തിൽ യേനകേനപ്രകാരേണ ഒരു പുതിയ പ്രതി എഴുതിത്തീർത്തു. ചരി ത്രനിർമ്മാണവിഷയത്തിൽ ഈ ഗ്രന്ഥം ഒരു നവീനപ്രസ്ഥാനത്തെയാണ് സൂചിപ്പിക്കുന്നതു്. ഇതുകൂടാതെ ഈ ഗ്രന്ഥം അദ്ദേഹത്തിൻെറ ജീവിത

ത്തിൻെറ അഭ്യുദയാരംഭഘട്ടത്തെ കൂടി ലക്ഷീകരിച്ചിരുന്നു. അന്നത്തെ പ്രധാനസാഹിത്യകാരന്മാർ ഈ ഗ്രന്ഥത്തിന് വിവൃതഹസ്തത്തോടെ സ്വാഗതം നല്കി. അതു പദാൽപദം സാമാന്യജനങ്ങളുടെ പ്രീതിബഹുമാനാദികൾക്ക് പാത്രീഭവിക്കയും ചെയ്തു. ഇതോടുകൂടി സാഹിത്യകാരന്മാരുടെ ഇടയിൽ അദ്ദേഹത്തിന് സുസ്ഥിരമായ ഒരു മാന്യസ്ഥാനം ലഭിച്ചു. ഇരുവരുടേയും ഉപജീവനമാൎഗ്ഗത്തിനുവേണ്ടി മേലാൽ ക്ലേശിക്കേണ്ട ആവശ്യവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. ഇതോടുകൂടി അദ്ദേഹത്തിന് അനേകം യോഗ്യന്മാരായ സുഹൃത്തുക്കളേയും ലഭിച്ചു. മിസ്റ്റർ ഹാറിയററ ബയനിങ്ങും പത്നിയും കൂടാതെ സ്റ്റെർലിങ്ങ്, റസ്കിൻ, ടെന്നിസൺ ഫ്രെഡ് എന്നിവരും നിത്യസ്നേഹിതന്മാരായിത്തീൎന്നു. ഇങ്ങിനെ എല്ലാം ഇരുന്നിട്ടും ലണ്ടനിലെ വാസം കാർലൈലിനു പല അസുഖങ്ങൾക്കും പ്രജാഗരത്തിനും ഇടയായിത്തീൎന്നു. ഇതിൽപിന്നെ മൂന്നുനാലു കൊല്ലംകൊണ്ട് "ജൎമ്മൻ സാഹിത്യം", "സാഹിത്യചരിത്രം", "ആധുനികയൂറോപ്പിലെ വിപ്ലവങ്ങൾ", "വീരന്മാരും വീരപുരുഷാരാധനയും", "ഭൂതവും വൎത്തമാനവും" എന്നിങ്ങനെ പല ഗ്രന്ഥങ്ങളും അദ്ദേഹം എഴുതിത്തീൎത്തു. (തുടരും)

# വിദ്യാഭ്യാസകാൎയ്യങ്ങൾ.

(സി. ജി. അനന്തൻപിള്ള ബി. എ.)

വിദ്യാഭ്യാസത്തിൻെറ പ്രധാനഉദ്ദേശം ഏതു കാലത്തും ഉത്തമരായ പൌരന്മാരെ സൃഷ്ടിക്കുകയാകുന്നു. ഉത്തമരായ പൌരന്മാർ ആരാണെന്നുള്ളതിനെ സംബന്ധിച്ച് വിവിധജനങ്ങളുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങളുണ്ടു. ചിലരുടെ അഭിപ്രായം ധീരന്മാരും സമൎത്ഥന്മാരുമായ ഭടന്മാരാകുന്നു ഉത്തമപൌരന്മാരെന്നാണ്. ഈ ആദൎശത്തെ അടിസ്ഥാനമാക്കിയാണ് പുരാതനഗ്രീക്കുകാർ വിദ്യാഭ്യാസം നൽകിയിരുന്നതു്. വേറെ ചിലരുടെ അഭിപ്രായം സംഗീതസാഹിത്യാദികലകളിൽ പ്രവീണന്മാരായിട്ടുള്ളവരാണ് ഉത്തമപൌരന്മാരെന്നാകുന്നു. പുരാതനറോമാക്കാരുടെ വിദ്യാഭ്യാസത്തിൻെറ പ്രധാനോദ്ദേശം ഇതുതന്നെയായിരുന്നു. മററുചിലരുടെ അഭിപ്രായം സ്വന്തം കാൎയ്യത്തിലെന്നപോലെ സ്വസമുദായത്തിൻേറയും സ്വദേശത്തിൻേറയും അഭിവൃദ്ധിയിൽ താൽപൎയ്യമുള്ളവരാണ് ഉത്തമപൌര

ന്മാർ എന്നാകുന്നു. ഇങ്ങനെ വിവിധാഭിപ്രായങ്ങൾ ഉണ്ടെങ്കിലും ഉത്തമ പൌരന്മാരെ സൃഷ്ടിക്കുന്നതു വിദ്യാലയങ്ങളാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്.

ഇൻഡ്യയിൽ ബ്രിട്ടീഷുഭരണം സുസ്ഥാപിതമായിട്ട് ഏകദേശം രണ്ടു നൂററാണ്ടുകളോളമായിരിക്കുന്നു. ഇൻഡ്യയുടെ സർവ്വതോമുഖമായ അഭിവൃദ്ധിയെ അടിസ്ഥാനമാക്കിയാണ് ഭരണം നടത്തുന്നതെന്നും പറയുന്നുണ്ട്. വിദ്യാഭ്യാസവിഷയത്തിൽ ഭരണാധികാരികൾ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ടെന്നും, അവർ നടപ്പിലാക്കിയ വിദ്യാഭ്യാസസമ്പ്രദായം നിമിത്തമാണ് ഭാരതീയർ 'മനുഷ്യരാ'യതെന്നും അവർതന്നെ അഭിപ്രായപ്പെടുന്നു. എന്നാൽ ഒരു പരിഷ്കൃതസമുദായത്തിലുണ്ടായിരിക്കേണ്ട പല ഗുണങ്ങളും നമ്മിൽ കാണുന്നില്ലെന്ന് ഈ നാട്ടുകാരും അന്യനാട്ടുകാരും ഒരുപോലെ അഭിപ്രായപ്പെടുന്നുണ്ട്. നമുക്കു സഹകരണമില്ല, നമുക്കു പ്രായോഗികബുദ്ധിയില്ല, വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള മനസ്ഥൈര്യമില്ല, സദ്ബുദ്ധിയില്ല, ഉത്തരവാദിത്വബോധമില്ല, സ്വാതന്ത്ര്യബുദ്ധിയില്ല, സംഘടനാശീലമില്ല, വിമർശനബുദ്ധിയില്ല എന്നിങ്ങനെ പല ആക്ഷേപങ്ങൾക്കും നാം പാത്രീഭവിച്ചിട്ടുണ്ട്. ഈ ആക്ഷേപങ്ങൾ യഥാർത്ഥങ്ങളായിട്ടുള്ളവയാണെങ്കിൽ നമ്മുടെ വിദ്യാലയത്തിൻെറ പ്രവൃത്തി ശരിയായി നിർവഹിക്കുന്നുണ്ടോ എന്നു സംശയമാണ്. അതിൻെറ കർത്തവ്യമായ ഉത്തമപൌരന്മാരെ സൃഷ്ടിക്കുന്ന കാര്യം നിറവേററുന്നുണ്ടോ.? ഇതു് ഗാഢമായ ചിന്തക്കു വിഷയീഭവിക്കേണ്ടതാണ്. ചില ന്യൂനതകൾ പണ്ടുകാലം മുതല്ക്കേ നമ്മളിലുള്ളതാണെന്നു പറയുന്നുണ്ട്. എന്നാൽ അവയെ അകററുവാൻ സാധിച്ചില്ലെങ്കിൽ വിദ്യാഭ്യാസംകൊണ്ടു എന്താണ് പ്രയോജനം.? ഇന്നത്തെ വിദ്യാലയങ്ങൾ അവയുടെ കർത്തവ്യം നിറവേററുന്നുണ്ടോ.? ഏതു വിദ്യാഭ്യാസരീതിയും ഒരു ജനതതിയിലുള്ള ന്യൂനതകളെ അകററുകയും അവരുടെ ആവശ്യങ്ങൾ നിറവേററുകയും ചെയ്യുന്നില്ലെങ്കിൽ, അതു് പരാജയമാണെന്നു സമ്മതിക്കാതെ തരമില്ല. വെറും പുസ്തകപഠനം വിദ്യാഭ്യാസമല്ല. കൊല്ലത്തിൽ ഒന്നോരണ്ടോ തവണ പരീക്ഷകൾ ഏർപ്പെടുത്തുന്നതുകൊണ്ട് വിദ്യാഭ്യാസകാര്യം സാധിച്ചു എന്ന് വിചാരിച്ചുകൂടാ. പരീക്ഷകൊണ്ട് കുട്ടികളുടെ സാമർത്ഥ്യത്തെ നിശ്ചയിച്ചുംകൂടാ. ചില പാഠപുസ്തകങ്ങൾ കാണാതെ പഠിച്ചാൽ അതു് വിദ്യാഭ്യാസമാകയില്ല. ഇവയെല്ലാമാണ് വിദ്യാഭ്യാസാദർശങ്ങളെങ്കിൽ മുൻപറഞ്ഞ ആക്ഷേപങ്ങൾക്ക് നാം പാത്രീഭൂതരായതിൽ എന്താണ് അത്ഭുതപ്പെടുവാനുള്ളതു്.?

നമ്മുടെ വിദ്യാഭ്യാസത്തിലുള്ള ന്യൂനതകൾ എന്തെല്ലാമാണെന്ന് നമുക്ക് ഏറക്കുറെ അറിയാം. അവയെ അകററുന്നതിനാണ് നാം ശ്രമിക്കേണ്ടതു്. കുററങ്ങൾ ചൂണ്ടിക്കാണിച്ചതുകൊണ്ടു ഫലമൊന്നുമില്ല, ന

മ്മുടെ കുറവുകൾ പരിഹരിക്കുന്നതിന് അന്യനാട്ടുകാർ ശ്രമിക്കയില്ല. വിദ്യാഭ്യാസം നമ്മുടെ ഗുണത്തിനുവേണ്ടിയാണെന്നുള്ള ബോധത്തോടുകൂടി, ന്യൂനതകൾ പരിഹരിച്ച്, വിദ്യാലയങ്ങൾ ഇൻഡ്യക്ക് അഭിമാനാർഹരായ പൌരന്മാരെ സൃഷ്ടിക്കുന്നുണ്ടെന്നു കാണുന്നതു് നമ്മുടെ കത്തവ്യമത്രെ. ഒരാൾക്ക് അറിവുണ്ടായിരുന്നാൽ മാത്രം അയാൾ ഉത്തമനായ പൌരനായിരിക്കണമെന്നില്ല. ;അതു് പ്രവൃത്തിരൂപത്തിൽ കാണിച്ചാൽ മാത്രമെ അയാൾ യഥാത്ഥപൌരനാകയുള്ളു. അറിവും പ്രവൃത്തിയും ഒന്നിച്ചു പോകണം. വിദ്യാത്ഥികളെ ശരിയായി പ്രവത്തിക്കുവാൻ പഠിപ്പിക്കണം. പ്രവൃത്തിയിൽനിന്നാണ് ശീലങ്ങൾ ഉണ്ടാകുന്നതു്. ഒരു ഉത്തമപൌരന്റെ പ്രവൃത്തികൾ ചെയ്താൽ മാത്രമെ ഒരാൾ ആ സ്ഥാനത്തിനർഹനാകയുള്ളു. ബുദ്ധിശക്തി, ആദശ്ങ്ങൾ, സ്വഭാവം ഇവയാണ് ഒരുത്തമപൌരന്റെ ലക്ഷണങ്ങൾ. നാം ഈ ആദർശങ്ങൾ കുട്ടികളെ മനസ്സിലാക്കണം. അനന്തരം അവ പ്രവൃത്തിരൂപത്തിൽ വരുത്തുന്നതിനുള്ള സന്ദർഭങ്ങൾ നൾകണം.

ഒരു വിദ്യാർത്ഥി ജനകീയഭരണത്തിൻകീഴിൽ ജീവിക്കുന്നതിന് പ്രാപ്തനായിരിക്കണം. വിദ്യാലയഭരണം ഇതിനുള്ള സൌകര്യം നൾകണം. പൌരജീവിതത്തിലെ ഉത്തരവാദിത്വം വിദ്യാത്ഥികാലത്തുതന്നെ ഉണ്ടായിരുന്നാൽ, അനന്തരകാലത്തു് ആ ഉത്തരവാദിത്വബോധം നിലനില്ക്കുന്നതും, അതിനെ സംരക്ഷിക്കുന്നതുമാണ്. വിദ്യാത്ഥികളെ സ്വാശ്രയശക്തിയും സ്വാത്മനിയന്ത്രണവുമുള്ളവരാക്കിത്തീർക്കേണ്ടതു് ഏതു പാഠശാലയുടേയും ധമ്മമാകുന്നു. കുട്ടികളിൽ സ്വഭാവദൂഷ്യം കാണുന്നുണ്ടെങ്കിൽ, അവരുടെ മാതാപിതാക്കന്മാർ സ്വാശ്രയശക്തിയിലും ആത്മനിയന്ത്രണത്തിലും വേണ്ട പരിശീലനം നൾകിയില്ലെന്നാണ് മനസ്സിലാക്കേണ്ടതു്. ആത്മനിയന്ത്രണത്തിനുള്ള വില എത്രയും അമൂല്യമായിട്ടുള്ളതാണ്. കുട്ടികളിൽ സഹകരണശീലമുണ്ടാക്കേണ്ടതു് ഒരു വിദ്യാലയത്തിന്റെ വേറൊരു കത്തവ്യമാണ്. എന്നാൽ ഇന്നത്തെ പാഠശാലകൾ ഇക്കാര്യത്തിൽ ഒന്നുംതന്നെ പ്രവത്തിക്കുന്നുണ്ടെന്നു തോന്നുന്നില്ല. വിദ്യാത്ഥിസമാജം മുതലായവകൊണ്ടു് ഈ ബോധം കുട്ടികളിൽ ഉണ്ടാക്കാവുന്നതാണ്. വിദ്യലയത്തോടു് കുട്ടികൾക്കുള്ള താല്പര്യത്തെ വദ്ധിപ്പിക്കേണ്ടതു് വേറൊരു ചുമതലയാണ്. വിദ്യാലയഭരണത്തിൽ അവക്കും ഒരു പങ്കുനൽകിയാൽ ഇതു് എത്രയും വേഗത്തിൽ സാധിക്കാവുന്നതാണ്. വിദ്യാലയത്തിലെ പല കാര്യങ്ങളും നിർവഹിക്കുവാൻ അവക്കു കഴിയുന്നതാണ്. അതു അഭിമാനജനകമായിട്ടാണ് അവർ കരുതുന്നതു്. ഇങ്ങനെയുള്ള സന്ദർഭങ്ങൾ വദ്ധിപ്പിക്കുകയാണെങ്കിൽ അവക്കു വിദ്യാലയത്തോടു് കൂടുതൽ സ്നേഹം ജനിക്കുകയും, അദ്ധ്യാപകന്മാക്കു് കൂടുതൽ സ്നേഹിതന്മാരെ ലഭിക്കുകയും ചെയ്യും. വിദ്യാ

ൎഥിലഹള മുതലായ അനാശാസ്യസംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതുമാണ്. ഇവയിലെല്ലാററിലുമുപരിയായി വിദ്യാലയത്തിന് വേറൊരു കർത്തവ്യമുണ്ട്. അതു വിദ്യാൎത്ഥികളിൽ നീതിബോധവും, നിയമബോധവും, സമാധാനശീലവുമുണ്ടാക്കുകയത്രെ. ഇതു നിയമനംകൊണ്ടു സാധിക്കേണ്ടതാണ്. ഭയംകൊണ്ടുണ്ടാകുന്ന നിയമനം ഏ്രയും നിസ്സാരമായിട്ടുള്ളതാകുന്നു. അതു് ആന്തരികമായിട്ടുള്ളതായിരിക്കണം. ചട്ടങ്ങൾ കൂട്ടുന്തോറും കുട്ടികൾക്ക് അവ ലംഘിക്കണമെന്നു തോന്നും. ഭയപ്പെടുത്തൽ അവക്കു തന്നെ ഉപദ്രവകരമായിത്തീരുകയേയുള്ളു. എല്ലാ പ്രവൃത്തികളും സ്നേഹപരമായിട്ടുള്ളവയായിരിക്കണം. എന്നാൽ വിദ്യാലയസുഹൃത്തുക്കളുടെ എണ്ണം വൎദ്ധിക്കുന്നതും നിയമനത്തിന്റെ ആവശ്യം കുറയുന്നതുമാണ്.

ഇൻഡ്യയിലെ വിദ്യാലയങ്ങൾ മുൻപറഞ്ഞ ആദൎശങ്ങൾ സാധിക്കുന്നതിനു വേണ്ട സന്ദർഭങ്ങൾ നൾകുന്നില്ല. ജ്ഞാനവിഷയത്തിലാണ് അവ പ്രധാനമായി ശ്രദ്ധിക്കുന്നതു്. ഇന്നത്തെ പാഠപദ്ധതികൊണ്ട് ഇവ സാധിക്കുന്നതല്ല. ഇവ ഏതുപ്രകാരത്തിൽ സാധിക്കാമെന്ന് നാം ആലോചിച്ചുനോക്കേണ്ടതാണ്.

# ആരെ ഞാൻ വന്ദിക്കേണ്ടു.

(ഇംഗർസാൾ)

(എം. രാമവൎമ്മതമ്പാൻ ബി. എ. എൽ. ടി.)

നാം ആരോടാണ് കടപ്പെട്ടിരിക്കുന്നതു് ? ആൎക്കാണ് നാം നന്ദിപറയേണ്ടതു് ? ദൈവത്തിനോടാണൊ? അല്ല. പിന്നെയാരെയാണ് ഞാൻ വന്ദിക്കേണ്ടതു് ?.

ഈ പത്തൊൻപതാം ശതകത്തിന്റെ അവസാനദശയിൽനിന്നുംകൊണ്ട്, ചിന്താവിജയങ്ങളുടെയും ബുദ്ധിവിജയങ്ങളുടെയും ഇടയിൽ ജനഭരണക്കൊടിയിൻകീഴിൽ നിന്നുകൊണ്ടു, മാനുഷചരിത്രം ഏറെക്കുറെ അറിഞ്ഞു കൃതജ്ഞതാപ്രകടനത്തിനായി നിശ്ചയിച്ചിരിക്കുന്ന ഇന്നെദ്ദിവസം ഏററവും ഭക്തിയോടെ ഞാൻ പണ്ടുണ്ടായിരുന്ന നല്ലവരായ പുരുഷന്മാരോടും സ്ത്രീകളോടും നന്ദിപറയുന്നു. അപരിഷ്കൃതകാലത്തെ ദയവാന്മാരായ പിതാക്കളോടും സ്നേഹവതികളായ മാതാക്കന്മാരോടും ഞാൻ നന്ദിപറയുന്നു. തങ്ങളുടെ സന്താനത്തോടു ആദ്യമായി സൗമ്യവചനം ഉച്ചരിച്ച പി

താവിനോടും സ്നേഹമസൃണമായി പുഞ്ചിരിതൂകിയ മാതാവിനോടും ഞാൻ നന്ദിപറയുന്നു. ആദ്യത്തെ യഥാർത്ഥസ്നേഹിതനെ ഞാൻ വന്ദിക്കുന്നു. ആദികാലത്തിൽ തങ്ങളുടെ കുട്ടികളുടെ രക്ഷക്കായി വേട്ടയാടുകയും മീൻ പിടിക്കയും ചെയ്ത അപരിഷ്കൃതനെ ഞാൻ വന്ദിക്കുന്നു. ആദ്യമായി കാടു വെട്ടിത്തെളിച്ചു ഭൂമി കൃഷിചെയ്തവരെ ഞാൻ വന്ദിക്കുന്നു. ശില്പിശാസ്ത്രം അറിയാതെ വീടുകെട്ടി അതിൽഇരുന്നു അവരുടെ കുട്ടികളുടെ പ്രസന്നവദനവും മന്ദസ്മിതവും കണ്ടാനന്ദിച്ച പുണ്യവാന്മാരെ ഞാൻ വന്ദിക്കുന്നു. ആദ്യമായി കുതിരയേയും പശുവിനേയും കാളയേയും ആടിനേയും ഇണക്കി വീട്ടുജന്തുക്കളാക്കിയവനേയും ഞാൻ വന്ദിക്കുന്നു. ചക്രങ്ങളും തറികളും കണ്ടുപിടിച്ചു ആദ്യം നൂൽനൂൽക്കാനും തുണിനെയ്യാനും പഠിച്ചവരേയും ഞാൻ വന്ദിക്കുന്നു. കൃഷിചെയ്തു കാട്ടുപുല്ലുകളെ കോതമ്പും ചോളവും നെല്ലുമായി സംസ്കരിച്ചവരേയും ഞാൻ വന്ദിക്കുന്നു. കയ്പുള്ള കാകളെ മധുരപഴങ്ങളാക്കിയും നിരുപയോഗങ്ങളായ ചെടികളെ തുഷ്ടിപ്രദങ്ങളായ പുഷ്പങ്ങളാക്കിയും പരിഷ്കരിച്ചു കലയുടെ വിത്തു മനുഷ്യഹൃദയത്തിൽ വിതച്ച ആപൂർവ്വികകലാനിർമ്മാതാക്കളെ ഞാൻ വന്ദിക്കുന്നു. ലോകത്തിന്റെ ഉഷഃകാലത്തെ കവികളെയും കഥാകൃത്തുകളേയും പുരാണകർത്താക്കന്മാരെയും സുഖദുഃഖദായികളും പ്രണയപ്രതീക്ഷാദായികളും ആയ ഗായകന്മാരെയും ഞാൻ വന്ദിക്കുന്നു. കല്ലുകളിൽ മനുഷ്യരൂപം കൊത്തുകയും ചായംചേർത്തു മനുഷ്യമുഖം വരയ്ക്കുകയും ചെയ്ത കലാനിപുണന്മാരെയും ഞാൻ വന്ദിക്കുന്നു. സത്യാന്വേഷണത്തിനു നമ്മുടെ ബുദ്ധി എങ്ങിനെ ഉപയോഗിക്കണമെന്നു നമ്മെ പഠിപ്പിച്ച തത്വജ്ഞാനികളേയും ചിന്തകന്മാരെയും ഞാൻ വന്ദിക്കുന്നു. ആകാശം പര്യടനംചെയ്തു നക്ഷത്രരഹസ്യങ്ങളേയും പ്രഭാപടലമഹാത്മ്യങ്ങളേയും നമുക്കു വെളിപ്പെടുത്തിത്തന്ന ജ്യോതിശ്ശാസ്ത്രജ്ഞന്മാരെ ഞാൻ വന്ദിക്കുന്നു. പാറകളിൽ നിക്ഷിപ്തങ്ങളായിരുന്ന ജീവിശരീരാവശിഷ്ടങ്ങളിൽനിന്നും തിരമാലകളും ഹിമാനികളും അഗ്നിയും വരച്ചിട്ടുള്ള രേഖകളിൽനിന്നും ഭൂഗോളചരിത്രം വെളിപ്പെടുത്തിത്തന്ന ഭൂഗർഭശാസ്ത്രജ്ഞരെ ഞാൻ വന്ദിക്കുന്നു. നമ്മുടെ മാനസങ്ങളിലും ഞരമ്പുകളിലും എല്ലുകളിലും നിക്ഷിപ്തങ്ങളായിരുന്ന ജീവിതരഹസ്യങ്ങളെ വെളിവാക്കിത്തന്ന ശരീരശാസ്ത്രജ്ഞരെ ഞാൻ വന്ദിക്കുന്നു. പ്രകൃതിരഹസ്യത്തെ വെളിവാക്കി പ്രകൃതികൌശലം പഠിക്കാറാക്കിത്തന്ന രസതന്ത്രജ്ഞരെയും ഞാൻ വന്ദിക്കുന്നു. വേദന അനുഭവിക്കുന്നവന്റെ നെററിയിൽ ശാസ്ത്രകരം പതിപ്പിച്ച വൈദ്യരെയും പ്രകൃതി നശിപ്പിക്കാനുദ്യോഗിച്ചവരെ ശസ്ത്രപ്രയോഗംമൂലം നിർബന്ധിച്ചു ജീവിപ്പിച്ച ശസ്ത്രജ്ഞരെയും ഞാൻ വന്ദിക്കുന്നു. ക്ലോറഫോറം, ഈതർ ഇവ കണ്ടുപിടിച്ചു വേദനിക്കുന്ന മനസ്സിനെ മനോഹരസ്വപ്നരംഗമാക്കി മയക്കിയ ഈ ദൈവദൂതരെ മാനുഷട്രീത്യരാ

ക്കി ചെയ്ത മഹാന്മാരെ ഞാൻ വന്ദിക്കുന്നു. അച്ചടിയന്ത്രം കണ്ടുപിടിച്ചു തന്മൂലം മഹത്തായ ചിന്തകൾക്കും കണ്ടുപിടിക്കപ്പെട്ട സംഗതികൾക്കും ചിരഞ്ജീവിത്വം നൽകിയ ആ മഹാത്മാവിനേയും ഞാൻ വന്ദിക്കുന്നു. യന്ത്രനിർമ്മാതാക്കൾ, കപ്പൽപണിക്കാർ, റെയിൽവെപണിക്കാർ, കരയിലും കടലിലും കമ്പിസ്ഥാപിച്ചവർ ഇവരെ എല്ലാം ഞാൻ വന്ദിക്കുന്നു. ഇരുമ്പും ഉരുക്കുംകൊണ്ടും, മരവും കല്ലുംകൊണ്ടും പണിയെടുക്കുന്നവരെയും ഞാൻ വന്ദിക്കുന്നു. സുഖത്തിനും ആവശ്യത്തിനും വേണ്ടതെല്ലാം കണ്ടുപിടിച്ചവരെ ഞാൻ വന്ദിക്കുന്നു-

പരിശ്രമശീലന്മാരായ പുരുഷന്മാരെയും സ്നേഹരൂപിണികളായ സ്ത്രീകളേയും ഞാൻ വന്ദിക്കുന്നു. ഇവരല്ലേ മാനുഷവംശസന്ധാരകർ?.

മൊട്ടുസൂചി നിർമ്മിച്ചവൻ അനേകായിരം പാപ്പമാരെയും വൈദികന്മാരെയും പുരോഹിതരെയുംകാൾ എത്രയോ അധികം ഗുണം ലോകത്തിനു ചെയ്തവരാണ്? ലോകത്തിൽ മതം പാടി നടക്കുന്ന ലക്ഷോപലക്ഷം മതാചാര്യന്മാരെക്കാൾ എത്രയോ അധികം ലോകോപകാരം ചെയ്തവൻ. അദ്ദേഹത്തേയും ഞാൻ വന്ദിക്കുന്നു.

തീപ്പെട്ടി ഉണ്ടാക്കിയ മഹാൻ മനുഷ്യന്റെ സുഖസൗകര്യങ്ങൾക്കു അനേക മതസ്ഥാപകന്മാരെക്കാളും ഭ്രഷ്ടരും സ്വാർത്ഥികളുമായ സന്ന്യാസിമാരെക്കാളും എത്രയോ കൂടുതൽ പ്രവർത്തിച്ചവനാണ്. ഞാൻ ആ മഹോപകാരിയെയും വന്ദിക്കുന്നു. തങ്ങളുടെ വിചാരങ്ങളെ നിർഭയം പ്രകടിപ്പിക്കുന്ന മാന്യരായ പുരുഷന്മാരെയും സ്ത്രീകളെയും ഞാൻ വന്ദിക്കുന്നു.

സീനൊ, എപിക്യൂറസ്, സിസറൊ, ലുക്രിഷിയസ് എന്നീ യവനരും റോമരുമായ ചിന്തകന്മാരേയും ഞാൻ വന്ദിക്കുന്നു. മനുഷ്യരിൽവച്ചു ഏററവും ധീരനായ ബ്രൂണോവിനേയും ഏററവും സൂക്ഷ്മബുദ്ധിയായ സ്പയിനോസരയയും ഞാൻ വന്ദിക്കുന്നു.

മനുഷ്യന്റെ ബുദ്ധിയിൽ ജ്വലിക്കുന്ന വിചാരത്തിന്റേയും അതിലെ അന്ധവിശ്വാസനികേതനങ്ങളായ ഇരുട്ടറകളുടെ താക്കോലായ ചിരിയുടെയും ഉടമസ്ഥനായി തന്റെ സമകാലീനരായ ലക്ഷോപലക്ഷം ജനങ്ങൾക്കു ചിന്താസ്വാതന്ത്ര്യം സമ്പാദിച്ചുകൊടുത്ത വാൾടയർ എന്ന മഹാനെ ഞാൻ വന്ദിക്കുന്നു. വാൾടയർ എന്ന നാമം പ്രകാശം നൽകുന്ന ഒന്നാകുന്നു. അന്ധകാരമയമായ ഈ ലോകത്തിലെ അജ്ഞാനാന്ധകാരത്തെ ഒരിക്കലും തൃപ്തി അടയാതെ ആട്ടി ഓടിച്ച ഒരു നക്ഷത്രവിശേഷമാണ് വാൾടയർ. അദ്ദേഹത്തെ ഞാൻ വീണ്ടും വീണ്ടും വന്ദിക്കുന്നു.

മഹാകവികളെയും മഹാനാടകകർത്താക്കളെയും ഞാൻ വന്ദിക്കുന്നു. ഹോമറേയും ഇസ്കൂലസിനേയും വന്ദിക്കുന്നു. അവർക്കൊക്കെക്കാൾ ഉപരിയായി ഷെക്സ്പിയറെ ഞാൻ വന്ദിക്കുന്നു. ഹൃദയസ്പന്ദനത്തെ ഗാനമാക്കി

ത്തിൎത്തും ഉള്ളുരുക്കുന്ന ഗാനം തീൎത്തും വാന്നിരുന്ന ബൎൺസിനെ ഞാൻ വന്ദിക്കുന്നു. വാനമ്പാടിപക്ഷിയെപ്പററി പാടിയ ഷെല്ലിയേയും ഗ്രീഷ്യൻ അൎൺസ് പാടിയ കീററ്സിനെയും ഷില്ലോന്നിലെ തടവുകാരനെ വൎണ്ണിച്ച ബയറണേയും ഞാൻ വന്ദിക്കുന്നു. ആഖ്യായികാകാരരെ ഞാൻ വന്ദിക്കുന്നു. രൂപംകൊത്തുകാരേയും വാൻ വന്ദിക്കുന്നു. വീനസ്, ഡി, മൈലൊ എന്ന രൂപം കൊത്തിയ അജ്ഞാതനാമാവായ ആ കലാവിചക്ഷണനെ ഞാൻ വന്ദിക്കുന്നു. മഹാന്മാരായ ചിത്രകാരന്മാരെയും ഞാൻ വന്ദിക്കുന്നു. റെബ്രാൻറാ, കോറൊ എന്നീ ചിത്രകാരന്മാരെ ഞാൻ വന്ദിക്കുന്നു. ജീവിതത്തെ അലങ്കരിക്കയും, ധന്യമാക്കുകയും മാഹാത്മ്യതരമാക്കുകയും ചെയ്ത എല്ലാവരേയും ഞാൻ വന്ദിക്കുന്നു. വമ്പിച്ചതും മാഹാത്മ്യമേറിയതും, വീരത്വമേറിയതും സൗകുമാൎയ്യമേറിയതുമായ വസ്തുക്കളെ സൃഷ്ടിച്ചവരെ എല്ലാം ഞാൻ വന്ദിക്കുന്നു.

മനുഷ്യൻെറ അവകാശങ്ങളെ സംരക്ഷിച്ച രാജ്യതന്ത്രകുശലന്മാരെ ഞാൻ വന്ദിക്കുന്നു. 1876-ൽ ജനഹൃദയത്തിൽ സ്വാതന്ത്ര്യബീജം വിതച്ച ടൊംപെയിനിനെ ഞാൻ വന്ദിക്കുന്നു. സ്വാതന്ത്ര്യത്തിനായി അത്യുച്ചത്തിൽ ലോകമാസകലം കേൾക്കത്തക്കവണ്ണം വാദിച്ച ജഫേർസനെ ഞാൻ വന്ദിക്കുന്നു. ജനഭരണത്തെ സ്ഥാപിച്ചവരെയും കാത്തുരക്ഷിച്ചവരെയും ഞാൻ വന്ദിക്കുന്നു. ലിൻകണെ അദ്ദേഹത്തിൻെറ വിശ്രുതപ്രഖ്യാപനത്തിനായി ഞാൻ വന്ദിക്കുന്നു. മാനുഷസ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതിയ ഗ്രാൻററിനെയും അദ്ദേഹത്തെ സഹായിച്ചനുഗമിച്ച അസംഖ്യം ഭടന്മാരെയും ഞാൻ വന്ദിക്കുന്നു. മുൻപു മരിച്ചവരെയും ഇന്നു ജീവിക്കുന്നവരെയും എല്ലാവരെയും ഞാൻ വന്ദിക്കുന്നു.

കാൎയ്യത്തിൻെറ കാതലറിഞ്ഞു യഥാൎത്ഥസംഭവങ്ങളിന്മേൽ ജ്ഞാനസൗധം പണിത ശാസ്ത്രജ്ഞന്മാരെ ഞാൻ വന്ദിക്കുന്നു. ശാസ്ത്രജ്ഞർ ഒരിക്കലും സഹജാതരായ മനുഷ്യരെ ഉപദ്രവിക്കയൊ തടവിലിടുകയൊ ചെയ്തിട്ടില്ല. അവർ വിലങ്ങു വാത്തിട്ടില്ല, കാരാഗൃഹം കെട്ടിയിട്ടില്ല, കഴുവു നാട്ടിയിട്ടില്ല പഴുപ്പിച്ച ചവണകൊണ്ടു മനുഷ്യൻെറ മാംസം വലിച്ചുകീറി എടുത്തിട്ടില്ല. ശരീരത്തിലെ സന്ധുക്കളെ വളച്ചുഞെരിച്ചിട്ടില്ല. ഇരിമ്പുചെരിപ്പിലിട്ടു എല്ലൊടിച്ചിട്ടില്ല. കണ്ണു പൊട്ടിച്ചിട്ടില്ല. നാക്കറുത്തിട്ടില്ല. ജീവനോടെ ആരെയും ദഹിപ്പിച്ചിട്ടില്ല. അവർ ദൈവാവേശമുള്ളവരെന്നൊ, പ്രവാചകരെന്നൊ, പുണ്യാളരെന്നൊ, പുനൎജ്ജീവികളെന്നൊ അഭിമാനിച്ചിട്ടില്ല. അവർ ബുദ്ധിമാന്മാരും സത്യവാന്മാരും മാത്രമായിരുന്നു. അവർ ബലത്തെയും ഭയത്തെയും പ്രയോഗിച്ചിട്ടില്ല. അവർ മനുഷ്യരെ ഭയപ്പെടുത്തി ഭരിക്കേണ്ടവരായിക്കരുതിയില്ല. അടിക്കയൊ തവിലിടുകയൊ ചെയ്യേണ്ടവരായും വിചാരിച്ചില്ല. വ്യാമോഹംകൊണ്ടു ച

തിക്കയൊ, ബുദ്ധിഹീനമായ മതശാസന തൊഴിലിലിട്ടു ആട്ടുകയൊ ചെയ്യേണ്ട കുട്ടികളായും മനുഷ്യരെ അവർ കരുതിയിരുന്നില്ല. അവരെ നുണത്താരാട്ടുപാടി ഉറക്കണമെന്നും വിചാരിച്ചിരുന്നില്ല.

അവർ ആരെയും മുറിവേല്പിച്ചില്ല. മുറിവുണക്കിയതെയുള്ളു. അവർ ആരെയും കൊന്നില്ല, ജീവിതകാലം ദീർഘിപ്പിച്ചതെയുള്ളു. അവർ ആരെയും അടിമകളാക്കിയില്ല, അടിമച്ചങ്ങല പൊട്ടിച്ച് മനുഷ്യരെ സ്വതന്ത്രരാക്കുകയാണു ചെയ്തതു്. അവർ ജ്ഞാനവിത്തുപാകി, ലക്ഷോപലക്ഷം പേർ അതിന്റെ വിളവു കൊയ്തു. കൊയ്യുന്നു. മേലും കൊയ്തു് എടുത്തു് സുഖിക്കും.

ഹംബോൾട്ടിനേയും, ഹെംഹോൾട്ട്സിനേയും, ഹെക്കലിനേയും, ബുക്നറിനേയും ഞാൻ വന്ദിക്കുന്നു. ഞാൻ ലാമാർക്കിനെ വന്ദിക്കുന്നു, മാനുഷമാനസലോകത്തിൽ വിപ്ലവമുണ്ടാക്കിയ ഡാർവിനെ ഞാൻ വന്ദിക്കുന്നു. ഹക്സിലിയേയും സ്പെൻസരേയും ഞാൻ വന്ദിക്കുന്നു. സകല ശാസ്ത്രജ്ഞരെയും ഞാൻ വന്ദിക്കുന്നു.

വീരന്മാരെയും ദുസ്സാമ്രാജ്യനാശകരേയും ഭയഹന്താക്കളേയും അപരിഷ്കൃതദൈവധ്വംസകരേയും നരകബോധനാശകരേയും സ്വതന്ത്രരാജ്യസ്ഥാപകരേയും നീതിന്യായനിർമ്മാതാക്കളേയും അടക്കളത്തിൽ പൊരുതി അണഞ്ഞ അനവധി വീരന്മാരെയും തടവിൽകിടന്നു തടവിനെതന്നെ പുണ്യക്ഷേത്രങ്ങളാക്കിയ വീരന്മാരെയും തങ്ങളുടെ രക്തംകൊണ്ടു മരണസ്ഥലത്തെ പവിത്രീകരിച്ച വീരന്മാരെയും, യുക്തിപ്രചാരകന്മാരെയും സത്യദാസന്മാരെയും സ്വാതന്ത്ര്യയോദ്ധാക്കളേയും, ജ്ഞാനദീപം ഉയർത്തിപ്പിടിച്ച് ലോകത്തെ പ്രകാശിതമാക്കിയ വീരന്മാരെയും ഞാൻ ഹൃദയപൂർവ്വമായ ഭക്തിസ്നേഹബഹുമാനങ്ങളോടെ വന്ദിക്കുന്നു.

# * ഒരു ചിത്രം.

(കവിതിലകൻ ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. ഏ., ബി. എൽ.)

കേക

കണ്ടുവോ നീയിച്ചിത്രമോരോന്നും? പോരെന്നാകി-
ലുണ്ടെനിക്കേറെപ്പടം വേറെയും കാണിക്കുവാൻ.
പെൺകിടാങ്ങളിൽ പ്രീതിയെന്നമ്മയ്ക്കുണ്ടെന്നിനി-
ശ്ശങ്കിയാ,യ്കതിന്നുള്ള സാക്ഷ്യമിച്ചിത്രാവലി.

* ചിത്രശാല എന്ന ഗ്രന്ഥത്തിൽനിന്നു്

ഇപ്പടങ്ങളിൽപ്പേർത്തും ജ്യേഷ്ഠരെപ്പശ്ചാൽകരി-
ച്ചത്ഭുതം! കനിഷ്ഠമാരാദ്യന്തം വിളങ്ങുന്നു.
എൻ പുരാണേതിഹാസദുഗ്ദ്ധാബ്ധിമഥനത്തിൽ
ജൃംഭിപ്പൂ നഞ്ഞായ് പ്പുമാ, നമൃതായ് വധൂടിയും.
കണ്ടേക്കാമങ്ങേവശം മററുമട്ടിലും രേഖ;
രണ്ടിലും തമ്മിൽഭേദം നാരിയെന്നോർത്താൽ മതി.
ഭാരതം പണ്ടേ പരാശക്തിയിൽ പ്രതിഷ്ഠിതം;
ഭാരതാ സ്ത്രീജാതിയിൽ ദേവതാബുദ്ധിവ്രതം.
സർവ്വസൌഭാഗ്യദാത്രി ഞങ്ങൾക്കു ലക്ഷ്മീദേവി;
സർവ്വവിദ്യാധിഷ്ഠാത്രി സാമ്പ്രതം സരസ്വതി.
ഋക്കുകൾ ദർശിച്ചവരിന്നാട്ടിൽ പണ്ടേതന്നെ
മൈക്കണ്ണാൾമണികളും പൂരുഷന്മാരെപ്പോലെ.
കാക്ഷീവാൻതൻപുത്രിയാം ഘോഷതൊട്ടേറെസ്ത്രീകൾ
വീക്ഷിച്ച മന്ത്രങ്ങൾതൻ വൈശിഷ്ട്യം വിശേഷോത്തരം.
ഗായത്രിക്കൊപ്പമില്ല ദേവത വേദങ്ങളി-
ലായവർക്കേതും പുംസ്ത്വമാപ്തന്മാർ കല്പിച്ചീല.
അക്കാലം വധൂടിമാർ നിശ്ശേഷമുപനയ-
സംസ്കാരവിശുദ്ധമാർ തത്സഗർഭ്യരെപ്പോലെ;
ശിഷ്ടയാം ശ്രുത്യംബയെസ്സേവിച്ച ഗുരുകുല-
ക്ലിഷ്ടമാർ തൽസീമന്തനൈപത്ഥ്യസൈരന്ധ്രിമാർ.
ഗാർഗ്ഗിതന്നാദ്ധ്യാത്മികപ്രശ്നങ്ങൾ കേൾക്കെക്കേൾക്കെ
ശ്ലാഘ്യനാം യാജ്ഞവൽക്യൻ സന്തോഷബാഷ്പം വാർത്താൻ.
ഏതുമമ്മഹാനോടു വേറിട്ടൊന്നിരന്നീല
വേദാന്തവിത്തം വിട്ടു മൈത്രേയി തൽപ്രേയസി.
വിലവേററ തത്ത്വമണികൾ ജനകന്നു
സുലഭസുകൃതയാം സുലഭ സമർപ്പിച്ചാൾ.
നന്മയിജ്ജഗത്തിന്നു നല്കിന ചിരന്തന-
ബ്രഹ്മവാദിനിമാരേ! നിങ്ങൾക്കു നമസ്കാരം.
കോമളക്കാൽത്താർകൊണ്ടു പാറയ്ക്കു ജീവൻ നല്കാൻ
രാമന്നു സാധിക്കുമോ രാമയല്ലതെന്നാകിൽ?
ആപത്തും സമ്പത്തെന്നു തോന്നിപോലവിടേയ്ക്കു
താപസി ശബരിതൻ പ്രാഭൃതം ഭക്ഷിക്കവേ.
ലാക്ഷയാൽ തീർത്തോരില്ലം വിട്ടപ്പോൾക്കണ്ടാർ പാർത്ഥർ
രാക്ഷസന്മാരിൽപ്പോലും സ്ത്രീപുംസഗുണഭേദം.
ഭക്ഷിപ്പാൻ ഹിഡിംബനും രക്ഷിപ്പാൻ ഹിഡിംബയും-

മക്ഷിക്കു ലക്ഷ്മീഭവിച്ചാശ്ചര്യമവർക്കേകി.
സിന്ധുരാജാഭിഭ്രുതൻ സഞ്ജയന്നുപദേശ-
മെന്നുതാൻ വിദുലാഖ്യ തന്മാതാവരുളീല!
തദ്വാക്യം സ്മരിക്കുകിലിപ്പൊഴും മൃതപ്രായ-
നതഥായി ജിതൻ ജിഷ്ണു; സാധ്വസം ശശ്വദ്ധൈര്യം.
ഭാരതായോധനത്തിൻ പ്രാരംഭത്തിങ്കൽ കുന്തി
പൌരുഷം പാലിക്കുവാൻ പുത്രരോടരുൾചെയ്താൾ.
വിശ്രുതൻ യുധിഷ്ഠിരൻ സാമ്രാട്ടായ് വാഴുംനാളിൽ
ശ്വശ്രുവിൻ ശുശ്രൂഷയ്ക്കായ് സ്വച്ഛന്ദം വനം പുക്കാൾ.
ഭോഗത്തെകാംക്ഷിപ്പീല സാധ്വിമാർ; പരാർത്ഥമാം
ത്യാഗംതാൻ തദ്ധർമ്മമെന്നോതിനാൾ സ്വചര്യയാൽ.
അപ്രമത്തമാർ സ്ത്രീകൾ; പൂരുഷന്മാരല്ലെന്നു
വിപ്രപത്ന്യനുഗ്രഹലീലയാൽ കാട്ടീ കൃഷ്ണൻ;
അന്തണരന്നപാനമാനികൾ; വിശപ്പോർക്കു
ബന്ധുക്കൾ ദയാർദ്രമാം ഹൃത്തൊഴും തൽപത്നിമാർ.
ആയിരക്കണക്കിനുണ്ടിമ്മട്ടിലാഖ്യാനങ്ങൾ
മായമററസ്മദ്വധൂമാഹാത്മ്യം സ്ഥാപിക്കുവാൻ.
ഞങ്ങൾക്കു മാതൃ, പ്രിയാ, സോദരി, ദുഹിതാക്കൾ
മംഗലപ്രതിപാദനോൽകകൾ മാർഗ്ഗോല്ക്കകൾ.
പ്രജ്ഞയും രസജ്ഞയും വാണിയും കവിതയും
വിജ്ഞന്മാർ സ്ത്രീരൂപത്തിൽ പണ്ടേക്കുപണ്ടേ കണ്ടാർ
പ്രാസാദമെങ്കിൽ പുമാൻ ഭാമിനി മലർവാടി;
കാസാരമെങ്കിൽ പുമാൻ കാമിനി കല്ലോലിനി.
അർക്കനാണെങ്കിൽ പുമാൻ തൽപ്രഭയത്രേ വധു;
അഗ്നിയാണെങ്കിൽ പുമാൻ തച്ഛിഖയത്രേ വധു.
സ്കന്ധംതാൻ പുമാനെങ്കിൽച്ചെന്തളിർ വധു; പുമാൻ
ചെന്തളിരെങ്കിൽ വധു നന്മലർ—മണം—മധു.
ചർമ്മവും രസനയും കണ്ഠവും മൂലമായ്
നിർമ്മിച്ച ചതുർമ്മുഖൻ ചേതസ്സു കല്ലാക്കുമോ?
ആനനത്തിങ്കൽ വായ്ക്കും രോമങ്ങൾപോലും ചൊൽവൂ
വാനരൻ പുമാനെന്നും ദേവത വധുവെന്നും.
ചെയ്യുന്നു ധർമ്മം പുമാൻ സ്ത്രീവ്യക്തിപ്രമോദേച്ഛു;
ചെയ്യുന്നീലപചാരം സ്ത്രീവ്യക്തിവ്യഥാഭീതൻ.
അന്തര്യ്യാമിക്കുപോലുമുൽപഥഭ്രാന്തന്മാരെ-
പ്പിന്തിരിപ്പിപ്പാൻ ലജ്ജാഭൂതിതാനേകാലംബം.

ആരുതാൻ ത്രയീഗങ്ഗാസാധ്വിമാരല്ലാതെയി-
ബ്ഭാരതാവിയെസ്സാക്ഷാൽപ്പുണ്യഭൂവാക്കീട്ടവർ?
മാനുഷന്നുയച്ചയ്ക്കു മാൎഗ്ഗമൊന്നുണ്ടെന്നാകിൽ
മാനിനി താനമ്മാൎഗ്ഗം; മറ്റൊന്നില്ലവനിയിൽ
ദിഗ്ജയത്തിനായ് ദൈവം തന്ന വാൾകൊണ്ടങ്ങിങ്ങൊ-
രജ്ഞൻ തന്നാത്മഹത്യചെയ്കിലാക്കതിൻ ക്ഷതി?
അഷ്ടസിദ്ധികൾ വായ്ക്കും യോഗിക്കും പ്രജാനിധി-
കിട്ടവോന്നല്ല നാരീസാഹായ്യം ലഭിക്കാഞ്ഞാൽ.
ഏതെല്ലാം പരിഷ്കാരമെത്രമേൽ വ്യാപിച്ചാലും
സ്ത്രീതന്നെ വഹിക്കണമമ്മഹാഭാരം-ഗൎഭം.
ഈററുനോവനുഭവിച്ചീടണം; ശിശുവിനെ-
പ്പോററണം സ്വാൎത്ഥം തീരെ വിസ്മരിച്ചേകാഗ്രയായ്,
അമ്മഹായജ്ഞത്തിന്നു പൂരുഷനപ്രാപ്തനെ-
ന്നുണ്മയിൽ സ്രഷ്ടാവോൎത്തു മാതൃത്വം സ്ത്രീക്കേകിനാൻ.
സത്യത്തിൽ തായെന്നൊരാശ്ശബ്ദമാമോങ്കാരത്തിൽ
'തത്ത്വമസ്യാ'ദിവാക്യം സൎവ്വവും ലയിക്കുന്നു.
വസുധാവലയമേ! വധുവൊന്നിനാൽ താൻ നീ
മസൃണം; മനോഹരം; മഹിതം; മഹാമൂല്യം;
ആ മഹസ്സൊന്നില്ലെങ്കിലക്ഷണം സ്ഥൂലോപലം,
പാഴ് മണൽക്കാടന്ധാന്ധു; ഘോരരൌരവഗത്തം.
ബന്ധുക്കൾ മൎത്ത്യനുണ്ടു രണ്ടുപേർ സംസാരത്തി-
ലന്തരാത്മാവൊ,ന്നൊന്നു തൻ പ്രിയപ്രാണേശ്വരി.
അന്തരപുരുഷനുമാവാത്തൊരുപദേശം
കാന്ത നല്കുന്നു; കാന്തൻ കൈക്കൊണ്ടു നന്നാകുന്നു.
കാന്തോപദേശത്തെത്താൻ കാവ്യത്തിന്നുപമയായ്
സ്വാന്തത്തിൽ സമീക്ഷിച്ചാർ സാഹിതീവേധസ്സുകൾ.
ഐഹികം പാരത്രികം രണ്ടിന്നുമുതകുന്ന
ലോകത്തിൽ പുരുഷന്നു കല്യാണി സധൎമ്മിണി.
ഏതു രാക്ഷസൻ സ്ത്രീയാൽ ദേവനായ്ത്തീരുന്നതി-
ല്ലേതു താമ്രത്തെ സ്ത്രീക്കു തങ്കമായ് മാററിക്കൂടാ!
ജന്മദാത്രികൾ സ്ത്രീകൾ; കൎമ്മനേത്രികൾ സ്ത്രീകൾ;
ശൎമ്മഹേതുക്കൾ സ്ത്രീകൾ; ധൎമ്മസേതുക്കൾ സ്ത്രീകൾ.
നിങ്ങൾക്കെന്നൊരാരാത്രികം ശക്തിരൂപിണികളെ!
നിങ്ങൾക്കെന്നാശീൎവ്വാദം മുക്തിദായിനികളെ!
ആചാരം, ധൎമ്മം, ശൌചം, ശാന്തിയീ വിഷയങ്ങ-

ളാശാസ്യങ്ങളെന്നോർപ്പൂ ഭാരതമനാരതം.
കമ്മശൃംഖലകളാൽ ബദ്ധമാം ലോകത്തിന്നു
ജന്മമോക്ഷത്തിൻ മാർഗ്ഗമെന്തെന്നു തിരയുന്നു.
കേവലം ധനം ഭോഗമീരണ്ടു ദൈവങ്ങളെ-
സ്സേവിച്ചു മത്താടുന്നു പാശ്ചാത്യമഹീതലം.
കൈവന്നതൊന്നും പോരാ; പിന്നെയും വേണം; മേന്മേ-
ലാവശ്യമേറും തോറുമാനന്ദമതിന്നുള്ളിൽ!
വ്യാധിയെക്കൈക്കൊള്ളുന്നു; ഭേഷജം സേവിച്ചതു
ഭേദമാക്കുന്നു; വീണ്ടും തേടുന്നു ഗദാന്തരം.
ഭ്രാന്തിലക്ഷ്യധ്വാവിൽസ്സഞ്ചരിപ്പവർക്കുണ്ടോ
ശാന്തിയെ—ശ്ശശ്വൽസൌഖ്യദാത്രിയെ—ക്കാണ്മാൻ തരം?
ഓതുന്നു ചിലർ നിത്യം ഭാരതം പരലോക-
പാഥേയത്തിന്നുവേണ്ടിപ്പട്ടിണികിടപ്പതായ്;
ഓതിടാമതിന്മട്ടു വാരുണി തൻജന്മമ-
പ്പാഥേയസ് മൃതിവിട്ടു ദീപാളികുളിപ്പതായ്.
ഐഹികാമുഷ്മികങ്ങളൊപ്പമായ് സാധിക്കുവാൻ
ദേഹിയെദ്ദേഹക്കൂട്ടിലിണക്കീ തണ്ടാർമകൻ.
ദേഹത്തെ സ്മരിപ്പീല ഭാരതം വേണ്ടുംപോലെ;
ദേഹിയൊന്നുണ്ടെന്നതേ വാരുണി ചിന്തിപ്പീല.
വ്യക്തിയെപ്പൂഗത്തിങ്കൽ ഭാരതം ബന്ധിക്കുന്നു;
വ്യക്തിയെക്കാമചാരിയാക്കുന്നു ഹാ! വാരുണി.
മാനുഷൻ തുരങ്ഗമം; മാർഗ്ഗമോ നതോന്നതം;
വേണം തൽഗതിക്കൊപ്പം രശ്മിയും പ്രതോദവും.
സ്ത്രീകളെഗ്ഗ്രഹിക്കയോ ഭാരതം? ശിവ! ശിവ!
ലോകത്തിലെങ്ങുണ്ടിതു പാവനം സ്ത്രീസേവനം?
സ്ത്രീകളെദ്ദൈവങ്ങളായ് കല്പിച്ചു തദ്വാസത്തി-
ന്നേകിനാർ സൽക്ഷേത്രങ്ങൾ പൂർവികർ ഗൃഹാഖ്യങ്ങൾ.
നേരാരും ഗ്രഹിക്കാതെ തീർന്നനാളവയ്ക്കുണ്ടായ്
കാരാഗാരത്തിൻ ഛായ കാലത്തിൻ വ്യത്യാസത്താൽ.
സ്ത്രീകൾതൻ സംശുദ്ധിയെത്തീവ്രമായ് പ്പാലിക്കുവാൻ
ലോകസങ്ഗ്രഹോൽകരാം തദ്ധ്വംസ്യർ തുടങ്ങവേ
വാച്ചു തൽപരാശ്രയം മേൽക്കുമേൽ വെളുക്കുവാൻ
തേച്ചപ്പോൾപ്പുററിപ്പോയ പാണ്ടെന്ന്യേ മറെറാന്നല്ല.
ആയതിൻദോഷം കാണ്മൂ ഭാരതം പ്രസ്പഷ്ടമായ്;
ന്യായമാം പ്രതിക്രിയയ്ക്കാരംഭിക്കയും ചെയ്‌വൂ.

ഭാരതം തൽസ്ത്രീകളെക്കണ്ടത്ര നാണിക്കേണ്ട;
വാരുണി തൽസ്ത്രീകളെക്കണ്ടത്ര മദിക്കേണ്ട.
ഇന്നത്തെ സ്ഥാനം രണ്ടുദിക്കിലും നന്നല്ലവ,-
ക്കൊന്നുടുക്കളെയെങ്കിൽ മററേതു ക്രുത്തമ്പലം!
പാകശാലയും കൊള്ളാം; നൃത്തരംഗവും കൊള്ളാം;
പോകട്ടെ രണ്ടിങ്കലും തുല്യമായ് നതാംഗിമാർ.
ശഷ്പഭൂവത്തിൽ കിടപ്പതുമഭ്രത്തിൽ പറപ്പതും
സർപ്പവും പതത്രിയും; മദ്ധ്യവർത്തിതാൻ മർത്ത്യൻ.
പ്രായമിപ്പൊഴും പാർത്താൽ ശൈശവം ലോകത്തിന്നു;
തീയിലോ വെള്ളത്തിലോ വീഴകിൽ കണക്കല്ല.
ഭാരതം മാറീടുന്നു; മാറട്ടെ; പക്ഷേതന്നി-
വാരുണീരൂപത്തെയെങ്ങാതാവു വരിപ്പീല;
ധർമ്മത്തെയർത്ഥത്തിന്നുമർത്ഥത്തെക്കാമത്തിന്നു-
മമ്മയേതാപത്തിലുമാഹൂതി കഴിപ്പീല,
വസ്ത്രത്തെ മാറുംപോലെ വസ്ത്രദൻ ഭർത്താവിനെ
നിസ്ത്രപം യഥാകാമം മാറുവാൻ കൊതിപ്പീല;
സസ്യത്തിൻ ധർമ്മം ഭുക്തി, തിര്യക്കിൻ ധർമ്മം ഭോഗ-
മിസ്സത്യം കിനാവിലും ലേശവും മറപ്പീല;
മാനുഷനാത്മാവിനാൽ മാനുഷനെന്നുള്ളൊര-
ജ്ഞാനത്തെയാഴിക്കുള്ളിൽ തള്ളുവാൻ തരിപ്പീല.
സ്വാതന്ത്ര്യമാകുന്നില മര്യാദാവ്യതിക്രമം;
ഭൂതലം സൈരിക്കുള്ളൊരാഖേടവനമല്ല;
പാരിടം, ചതുർവർഗ്ഗകേദാരം, സസ്യാഢ്യമായ്-
ത്തീരുവാൻ നിർബാധമാം നീരൊഴുക്കല്ലീ വേണ്ടൂ?
സേതുവില്ലാഞ്ഞാലുണ്ടോ വേനലിൽ ജലാഗമം?
സേതു പൊയ്പ്പോയാൽ കുല്യപാഴ് മണൽത്തൊണ്ടല്ലയോ?
വേലയാലഴകല്ലീ നേടുന്നു കടൽ? തള
കാലിന്നു കാന്തിക്കല്ലീ കാന്തമാരണിയുന്നു?
കഴലിൻ വളർച്ചയ്ക്കു സമമായ് മാറും പദ-
കടകം നിഗഡമല്ലതിനാൽ ക്ഷതിയില്ല.
പുരുഷനൊപ്പം സ്ത്രീയും സ്വാതന്ത്ര്യം കൈക്കൊള്ളട്ടെ;
പേറട്ടെ സീമാദരം രണ്ടുകൂട്ടരും സമം.
അമ്മെരിക്കയുമമ്മയ്ക്കാചാര്യതന്നേ; പക്ഷേ-
യമ്മയുമമ്മെരിക്കയ്ക്കാചാര്യൈകാചാര്യതൻ.
അമ്മയങ്ങയോടർത്ഥകാമങ്ങൾ ഗ്രഹിക്കട്ടേ;

ധർമ്മമോക്ഷങ്ങളങ്ങേയ്ക്കോതിയും ജയിക്കട്ടെ.
അക്കൊള്ളക്കൊട്ടുക്കയ്ക്കു കാലമൊട്ടടുക്കുന്നു;
നിൽക്കുകെൻവിമാതാവേ! നിന്മനം തെളിയട്ടെ.
വിസ്മരയായും ഭൃശം വ്രീഡയ്ക്കു വശയായും
മിസ് മേയോമതാമ്മ വിത്തത്വങ്ങൾ ധരിക്കട്ടെ!"

*　　*　　*　　*　　*

വാക്യമിത്തരം ചൊല്ലി വണ്ണീന്ദ്രൻ മറയവേ-
യാക്കനീയസിയായ രാഷ്ട്രദേവതമേന്മേൽ
തൻ തനൂഭവയുടെ ധാർഷ്ട്യത്തിൽത്താപം പൂണ്ടു
ഹന്ത! പോയ് ച്ചേന്നാൾ വീണ്ടുമാത്മീയധാമത്തിങ്കൽ.

*　　*　　*　　*　　*

റാൾഫ് വാർഡോ എമെഴ്സണും തോറോയും വില്യം ജേംസും
വാൾട് ഹ്വിററ്മാ, നെല്ലാഹ്വീലർവിൽകോക്സും ഭവതിയിൽ
ജാതരായ് ജയിച്ചില്ലേ? നവ്യാർലധാത്രീദേവി!
താദൃശം ത്വന്മാഹാത്മ്യം മേൽക്കുമേൽ വദ്ധിക്കട്ടെ.

## മഹദ്വാക്യങ്ങൾ.

### ആത്മദമനം

17. നിന്റെ അന്തരംഗത്തിൽ പോരാടുന്നവരെ ശൃംഖലിതരാക്കുക. നിന്റെ അടിമത്വത്തെ അടിമയാക്കുക. എന്നാൽ നീയൊരു ചക്രവത്തിയാകും.
18. നിന്റെ പരമശത്രുവായി നിന്നെത്തന്നെ എണ്ണുക. അതിനാൽത്തന്നെ നിന്റെ പരമബന്ധുവും നീയുതന്നെയാണ്.
19. മററൊരുവനിൽ കാണുന്ന എന്തെല്ലാം നിനക്കു അപ്രീതികരമൊ അവയെല്ലാം ശാന്തവീക്ഷണംചെയ്തു നിന്നിൽനിന്നും മാററുക.
20. ത്യാഗമൊന്നൊഴികെ മററെല്ലാം ഫലശൂന്യമാണ്.
21. മററുള്ളവരെ വിഗണിക്കുന്നതുപോലെ തന്നെയും ത്യജിക്കുന്നവൻ എത്ര ഭാഗ്യവാനാണ്.
22. ത്യാഗനിയമം സാധാരണ വസ്തുക്കളോടു ചെയ്യുന്നവൻ കത്തവ്യത്തെ ഒരു പ്രകാരത്തിൽ അനുഷ്ഠിക്കുന്നു.

23. സ്വാത്മപരിത്യാഗത്തെ ഒഴിച്ചു മററെന്തെല്ലാം എത്ര നന്നായി പഠിപ്പിക്കുന്നതിനേക്കാൾ ആ അഭ്യാസം എത്ര ഹീനമായിട്ടാണെങ്കിലും അത്യുത്തമമാണു്.

24. സ്ഥിരപ്രതിഷ്ഠയുള്ള ശീലത്തിനു സ്വാത്മത്യാഗം അനപേക്ഷണീയമത്രെ. സനാതനധർമ്മകലവറയിൽനിന്നു മാത്രമെ ഇത്തരം ശ്രേഷ്ഠവസ്തുക്കൾ ഉൽഗളിക്കുകയുള്ളു.

25. ഭീരു അവൻെറ കർമ്മങ്ങളെല്ലാം ശ്രദ്ധാപൂർവമെന്നു ഗണിക്കുന്നു. ലുബ്ധനും മിതവ്യയശീലൻ എന്നു അഭിമാനിക്കും.

# ഉദ്ധാരണങ്ങൾ.

## കൊച്ചിയിലെ വ്യവസായവിദ്യാഭ്യാസം

എറണാകുളത്തുവച്ചു് നടത്തിയ വ്യവസായപ്രദർശനത്തിൻെറ അദ്ധ്യക്ഷംവഹിച്ച കൊച്ചി വിദ്യാഭ്യാസഡയറക്ടർ ശ്രീമാൻ കെ. എൻ. മേനോൻ അവർകളുടെ പ്രസംഗസംഗ്രഹമാണു് താഴെ ഉദ്ധരിക്കുന്നതു്. ഇതിൽ സാരമായ പല സംഗതികളും അടങ്ങിയിട്ടുണ്ടു്. വിദ്യാഭ്യാസമേലദ്ധ്യക്ഷൻ എന്ന നിലയിൽ, വ്യവസായവിദ്യാഭ്യാസസമ്പ്രദായത്തെ അവലോകനം ചെയ്തു്, അതിലുള്ള ന്യൂനതകളെചൂണ്ടിക്കാണിക്കുന്നതു് അഭിനന്ദനാർഹം തന്നെയാണു്.

"ഈ സംസ്ഥാനത്തിലെ എല്ലാ കൈത്തൊഴിൽശാലകളും അവയുടെ ശൈശവദശയിലാണു് ഇപ്പോഴും സ്ഥിതിചെയ്യുന്നതു്. അവയുടെ അഭിവൃദ്ധിക്കു ആശാസ്യമെന്നു തോന്നുന്ന ചില നിർദ്ദേശങ്ങൾ ചെയ്യുവാൻ ഞാൻ ആഗ്രഹിക്കുന്നു. വ്യവസായവിദ്യാഭ്യാസം ദേശത്തിലെ ഇടത്തരക്കാരായ ജനങ്ങളുടെ ഇടയിലുള്ള തൊഴിലില്ലായ്മയെ സാരമായവിധം കുറക്കുവാൻ പര്യാപ്തമായിരിക്കണം. ഈ വ്യവസായവിദ്യാലയങ്ങൾ സമർത്ഥന്മാരായ തൊഴിൽക്കാരെ സൃഷ്ടിച്ചിട്ടുണ്ടോ? നമ്മുടെ നാട്ടിലെ തൊഴിലില്ലായ്മയെ കുറച്ചെങ്കിലും കുറക്കുവാൻ അവയ്ക്കു് സാധിച്ചിട്ടുണ്ടോ? ഇന്നു

ത്തെ നിലക്ക് നിഷേധരൂപത്തിലുള്ള ഉത്തരങ്ങളാണ് ഈ ചോദ്യങ്ങൾക്ക് ലഭിക്കുന്നത്. തൊഴിലില്ലായ്മയെ കുറയ്ക്കുന്നതിനു പകരം അവ വർദ്ധിപ്പിക്കുകയാണ് ചെയ്തിട്ടുള്ളത്. തൊഴിൽ സംബന്ധിച്ചു നോക്കുന്നപക്ഷം ചില കാര്യങ്ങളിൽ ഈ വിദ്യാലയങ്ങളിൽ പരിശീലനം സിദ്ധിക്കുന്നവർ മററു പാരമ്പര്യതൊഴിൽക്കാരെ അപേക്ഷിച്ച് കൂടുതൽ കാര്യക്ഷമതയുള്ളവരാണെന്നു പറയാം. എങ്കിലും അവരുടെ വരുമാനം വർദ്ധിപ്പിക്കുവാനുള്ള സാമർത്ഥ്യം അവർക്കുണ്ടായിട്ടില്ല. അതിനാൽ നമ്മുടെ വ്യവസായവിദ്യാഭ്യാസത്തിന് എന്തോ സാരമായ തരക്കേട് പററിയിട്ടുണ്ടെന്നു സ്പഷ്ടമാകുന്നു. കൈത്തൊഴിൽ വിദ്യാലയങ്ങളുടെ ഉദ്ദേശത്തെ നാം തെററിദ്ധരിക്കയൊ തെററായി വ്യാഖ്യാനിക്കയൊ ചെയ്തിരിക്കുന്നു. കൈത്തൊഴിൽവിദ്യാഭ്യാസം സാഹിത്യാഭ്യസനത്തിൻെറ സ്ഥാനത്ത് സ്വീകരിക്കാവുന്ന ഒന്നല്ല. തൊഴിൽക്കാർക്ക് സാമാന്യവിദ്യാഭ്യാസം അത്യന്താപേക്ഷിതമാണുതാനും. പണ്ട് തൊഴിൽക്കാർ നിരക്ഷരകുക്ഷികളായിരുന്നു. അന്ന് അവർക്ക് സാമാന്യവിദ്യാഭ്യാസം വലിയആവശ്യമായിരുന്നില്ല. ഇന്നാകട്ടെ പ്രാഥമികവിദ്യാഭ്യാസം എല്ലാവർക്കും ഒഴിച്ചുകൂടാത്ത.ഒന്നായിത്തീർന്നിട്ടുണ്ട്. വളരെച്ചെറുപ്പത്തിൽതന്നെ കുട്ടികളെ ജീവനംനേടാൻ ഉത്സാഹിപ്പിക്കുകയൊ നിർബ്ബന്ധിക്കുകയൊ ചെയ്യുന്നത് നന്നല്ല. തൊഴിൽപരിശീലനത്തിനു മുമ്പ് സാമാന്യവിദ്യാഭ്യാസം കഴിഞ്ഞിരിക്കണം. തൊഴിൽക്കാരുടെ സാഹിത്യപരമായ വിദ്യാഭ്യാസത്തിൻെറ നില ഉയർത്തുവാൻ പ്രത്യേകിച്ചു ശ്രമിക്കേണ്ടതാണ്. അദ്ധ്യാപകന്മാരെ തൊഴിൽ പരിശീലിപ്പിക്കുന്നതിനേക്കാൾ തൊഴിൽവിദഗ്ദ്ധന്മാരായവരെ അദ്ധ്യാപനവൃത്തിയിൽ പരിശീലിപ്പിക്കുകയാണ് കൂടുതൽ പ്രയോജനകരമായിട്ടുള്ളത്. അദ്ധ്യാപകന്മാരെയല്ല, കൈത്തൊഴിൽ പരിചയമുള്ള വേലക്കാരെയാണ് നമുക്കാവശ്യം. ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ചു പോകുന്നാണെങ്കിൽ വ്യവസായവിദ്യാഭ്യാസം പ്രയോജനകരമായിത്തീരുകയില്ല. ഇന്നത്തെ വ്യവസായവിദ്യാലയങ്ങളുടെ ഭരണത്തെ നിയന്ത്രിക്കുന്ന നിയമങ്ങളെ ഒന്നു പരിഷ്കരിക്കുന്നത് ഉപകാരപ്രദമായിരിക്കും. വ്യവസായവിദ്യാലയങ്ങൾ ആദായകരങ്ങളായിരിക്കുവാൻതരമില്ല. വിദ്യാഭ്യാസവും ലാഭമുണ്ടാക്കലും ഒരേസമയത്തു സാദ്ധ്യമല്ല. ചെറിയകുട്ടികളെ തൊഴിൽപഠിപ്പിക്കുന്നതുകൊണ്ട് സാധനങ്ങൾ പലവിധത്തിലും നഷ്ടപ്പെടും. നമ്മുടെ വ്യവസായവിദ്യാലയങ്ങളുടെ പരിശീലനപരമായ നിലയെ ഒന്നുയർത്തുകയും വാണിജ്യപരമായ നിലയെ അല്പം താഴ്ത്തുകയും ആണ് വേണ്ടത്. അതായത് വിദ്യാലയങ്ങൾ കച്ചവടനിലക്ക് ആദായകരങ്ങളാക്കുവാനല്ല, പ്രയോജനകരങ്ങളായ പരിശീലനകേന്ദ്രങ്ങളാക്കുവാനാണ് ശ്രമിക്കേണ്ടത്. ഇപ്പോൾ തൊഴിൽവിദ്യാഭ്യാസത്തിനു വരുന്നവർക്കെല്ലാം സഹായധനം നൽകുന്ന സമ്പ്രദായം ഗുണത്തേക്കാൾ കൂടുതൽ ദോഷമുണ്ടാ

ക്കുന്നതായിട്ടാണ് അനുഭവം. സാഹിത്യപരമായ വിദ്യാഭ്യാസം വളരെ ചിലവുള്ളതാണ്. പരീക്ഷയിൽ ജയിച്ചാൽതന്നെ ഉദ്യോഗം ലഭിക്കുവാൻ വളരെ പ്രയാസമുള്ള ഇക്കാലത്ത് പഠിക്കുവാൻ തുടങ്ങുമ്പോഴെ പ്രതിഫലം കിട്ടുന്നവെന്നു കേൾക്കുമ്പോൾ ആരാണ് കുട്ടികളുടെ വാസന നോക്കാതെ വിദ്യാലയങ്ങളിലയക്കാതിരിക്കുന്നതു്? തന്നിമിത്തം പിൻകാലത്ത് ഈ തൊഴിലുകളെ കൊണ്ടുനടക്കണമെന്ന് ആഗ്രഹമൊ, അതിൽ അഭിരുചിയൊ ഇല്ലാത്ത വിദ്യാർത്ഥികളെക്കൊണ്ട് വ്യവസായവിദ്യാലയങ്ങൾ നിറയുന്നു. എല്ലാവക്കും സഹായധനം നൽകുക എന്ന ഏർപ്പാടു നിറുത്തി പ്രത്യേകവാസനയും അഭിരുചിയും ഉള്ളവക്ക് നൽകുക എന്നു വയ്ക്കണം.

കൃഷിക്കു നമ്മുടെ കൈത്തൊഴിൽവിദ്യാലയങ്ങളിൽ സ്ഥാനം കൊടുത്തിട്ടില്ലാത്തതു് ശോചനീയംതന്നെ. കൃഷി പലപ്രകാരത്തിൽ പരിഷ്കരിക്കപ്പെടാവുന്നതും പരിഷ്കരിക്കേണ്ടതുമായ ഒരു തൊഴിലാണ്. യുദ്ധകാലത്തിനു മുമ്പു് കൃഷിസ്ഥലങ്ങൾ കളിനിലങ്ങളായിരുന്നു. എന്നാൽ യുദ്ധം തുടങ്ങി പുറത്തുനിന്നു ഭക്ഷണസാധനം ലഭിക്കാതായപ്പോൾ കളിനിലങ്ങളും വിനോദസങ്കേതങ്ങളും എല്ലാം കൃഷിനിലങ്ങളാക്കി മാറേറണ്ടിവന്നു. പരിഷ്കൃതസമ്പ്രദായം അനുസരിച്ച് കൃഷിനടത്തുന്നതു് ആദായകരമാണെന്ന് നമ്മുടെ ജനങ്ങളെ പഠിപ്പിക്കേണ്ടിയിരിക്കുന്നു. കൃഷിപരിശീലനംകൂടി നമ്മുടെ വ്യവസായവിദ്യാലയങ്ങളിൽ കൂടിയേ കഴിയൂ."

---

## ബാലപരിശീലനം.

'സ്കാളർ' എന്ന മാസികയിൽ പി. എൻ. ചാരി എം. ഏ. എൽ. ടി. എഴുതിയിട്ടുള്ള ഒരു ചെറുലേഖനമാണ് താഴെ ഉദ്ധരിക്കുന്നതു്.

മനശ്ശാസ്ത്രത്തിലുണ്ടായിട്ടുള്ള അഭിവൃദ്ധി ബാലപരിശീലനത്തിന് പ്രാധാന്യം നൽകിയിട്ടുണ്ട്. ബാല്യദശയുടെ പ്രാരംഭകാലത്തോടുകൂടിത്തന്നെ കുട്ടികളിൽ ശീലങ്ങൾ ഉണ്ടാകുന്നു. അക്കാലത്തെ പരിശീലനദോഷംകൊണ്ടുണ്ടാകുന്ന സ്വഭാവമാലിന്യത്തെ ഭാവിയിൽ യാതൊന്നിനും ദൂരീകരിക്കുവാൻ സാധിക്കുന്നതല്ല. സ്വഭാവരൂപവൽക്കരണം സാധിക്കുന്ന ഈ ഘട്ടത്തിൽ മാതാപിതാക്കന്മാക്ക് വലിയ ഉത്തരവാദിത്വമുണ്ടെന്നാണ് ഇതിൽനിന്നും സ്പഷ്ടമാകുന്നതു്. കുട്ടികളെ പരിശീലിപ്പിക്കുന്ന വിഷയത്തിൽ മാതാപിതാക്കന്മാർ സാധാരണ അയോഗ്യരായിട്ടാണ് കണ്ടുവരുന്നതു്. ഈ പ്രസ്താവന അവരെ ക്ഷോഭിപ്പിക്കുമായിരിക്കും; എന്നാൽ വാസ്തവം ഇതുതന്നെയാണ്. വളരെക്കാലമായി അവരുടെ തൊഴിൽ അ

തായിരിക്കുന്നതുകൊണ്ടുമാത്രം അവർ അതിന് യോഗ്യതയുള്ളവരായിരിക്കണമെന്നില്ലല്ലോ. സാധാരണയായി ഒരു മാതാവിനൊ പിതാവിനൊ കുട്ടികളുടെ മനശ്ശാസ്ത്രസംബന്ധമായ ജ്ഞാനമില്ല. അതു് സമ്പാദിക്കുന്നതിനു സൌകര്യമൊ ആഗ്രഹമൊ കാണുന്നില്ല. ഇതുകൊണ്ടു് അവരുടെ സന്താനങ്ങൾക്കു വലിയ ദോഷം നേരിടുന്നു. അവരുടെ പരിശീലനം തെററിപ്പോകുന്നു. കുട്ടികൾക്കു് വിനോദങ്ങൾ ആവശ്യമാണു്; വിനോദത്തിനു് കളിപ്പാട്ടങ്ങൾ വേണം. മററു കുട്ടികളുടെ കൂട്ടം അത്യാവശ്യമാണു്. അവർതമ്മിലുള്ള പെരുമാററത്തിൽനിന്നാണു് ശീലങ്ങളുണ്ടാകുന്നതു്. ചില ഗൃഹങ്ങളിൽ സ്ഥലസൌകര്യം വളരെ കുറവായിരിക്കും. പ്രഭുകുടുംബങ്ങളിലും മററും കുട്ടികളെ പരിശീലിപ്പിക്കുന്നതിനു് അന്യർ വേണം. ചില മാതാപിതാക്കന്മാർ ഈ ചുമതല കൂടാതിരിക്കാൻ മുലകുടി മാറിയതോടുകൂടി കുട്ടികളെ പാഠശാലകളിൽ കൊണ്ടുപോയി തള്ളുന്നു. മാതാപിതാക്കന്മാരുടെ ഈ ഉത്തരവാദിത്വബോധക്കുറവുകൊണ്ടു് കുട്ടികൾക്കുണ്ടാകുന്ന ദോഷം അപരിമിതമായിട്ടുള്ളതാണു്.

ബാലപരിശീലനത്തിനു വളരെ അറിവും അനുഭവവും അത്യാവശ്യമാണു്. സ്നേഹം എത്രവലിയ ഒരു ഗുണമായിരുന്നാലും അതിന്റെ പിന്നിൽ അറിവില്ലെങ്കിൽ അതുകൊണ്ടു് പ്രയോജനമുണ്ടാകുന്നതല്ല. ബാലപ്രകൃതിയെപ്പററിയുള്ള ഈ അജ്ഞതയാണു് പലദോഷഫലങ്ങൾക്കും ഹേതു. കുട്ടികളുടെ ജീവശ്ശക്തി പലപ്രകാരത്തിൽ പുറത്തു പ്രകടിക്കുന്നു. ഈ പ്രകടനങ്ങൾ പ്രായമായവക്കു് ഉപദ്രവകരമായിത്തോന്നുന്നു. കുട്ടികൾ സ്വതസ്സിദ്ധമായ വാസനയനുസരിച്ചു് ഓരോന്നു പ്രകടിപ്പിക്കുമ്പോൾ അവയുടെ പ്രാധാന്യവും ഗൌരവവും മനസ്സിലാക്കാതെ അവയെ തടയുന്നു. കുട്ടികളുടെ ആഗ്രഹങ്ങളെ തടയുന്നവരോടു് അവക്കു് സ്വതസ്സിദ്ധമായ വെറുപ്പുണ്ടാകുന്നു. കുട്ടിയുടെ സ്വാതന്ത്ര്യേച്ഛയും പ്രായമായവരുടെ സമാധാനതുഷ്ടിയും തമ്മിൽ ഒരു യുദ്ധം നടക്കുന്നു. ആ യുദ്ധത്തിൽ സാധാരണയായി പ്രായമായവരാണു് വിജയം സമ്പാദിക്കുന്നതു്. പ്രായമായവർ ചൂണ്ടിക്കാണിക്കുന്ന രീതികൾ അനുഷ്ഠിക്കുന്നതു് പലപ്പോഴും കുട്ടികൾക്കു് അസാദ്ധ്യമായിട്ടുള്ള ഒരു കാര്യംതന്നെയാണു്.

ഇപ്രകാരം നോക്കുകയാണെങ്കിൽ വിദ്യാലയജീവിതത്തിനു മുമ്പുള്ള കുട്ടികളുടെ ജീവിതഘട്ടം അതിപ്രധാനമായിട്ടുള്ള ഒന്നാകുന്നു. ശരിയായ ശ്രദ്ധയും പരിസരവുമുണ്ടായാൽ കുട്ടികളുടെ ഭാവിജീവിതവിജയത്തിന്റെ അടിസ്ഥാനം അന്നു് ഉറപ്പിക്കുന്നതാണു്. ഇതു് അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികളുടെ കാര്യമാണു്. ബാലപരിശീലനത്തിനു് മിക്ക മാതാപിതാക്കന്മാരും അയോഗ്യരാണെന്നുള്ളതു് വാസ്തവമാണെങ്കിൽ, അതിനായി പുതിയതരത്തിലുള്ള അദ്ധ്യാപകന്മാരെ ആവശ്യമാണെന്നുള്ളതും

പരമാർത്ഥംതന്നെ. പഴയ അദ്ധ്യാപകന്മാർ ചാക്കിനേയും നാക്കിനേയുമാണ് അവലംബിച്ചിരുന്നതു്. ചൂരലായിരുന്നു അവരുടെ നിയമനത്തിനുള്ള ചെങ്കോൽ. ഇവർ അജ്ഞരായ മാതാപിതാക്കന്മാരേക്കാൾ കൂടുതൽ ദോഷം കുട്ടികൾക്കു നൾകിയിരുന്നു. എന്നാൽ ഭാഗ്യവശാൽ ഒരു നവയുഗത്തിന്റെ അരുണോദയം കണ്ടുതുടങ്ങിയിരിക്കുന്നു. പൂർവ്വദിഗംബരം ബാലാർക്കന്റെ അരുണവർണ്ണങ്ങൾകൊണ്ടു് പരിശോഭിച്ചുതുടങ്ങിയിരിക്കുന്നു. ഈ നവയുഗത്തിൽ നിയമനത്തെപ്പററി ഒരു പുതിയ ബോധമുണ്ടായിരിക്കുന്നു. അഞ്ചുവയസ്സിനു താഴെയുള്ള കുട്ടികളുടെ സംരക്ഷണത്തിനായി പരിചരണവിദ്യാലയങ്ങൾ ഏർപ്പെടുത്തിവരുന്നു. ഇവ കുട്ടികളുടെ ആവശ്യങ്ങൾ സാധിക്കുന്നു. പരിശുദ്ധവായുവിന്റേയും സൂര്യവെളിച്ചത്തിന്റേയും സുലഭത, ആരോഗ്യസംവൎദ്ധകങ്ങളായ കെട്ടിടങ്ങൾ, വിനോദസൗകര്യം, ഭക്ഷണത്തിനും നിദ്രക്കുമുള്ള സൗകര്യം, കിൻറർഗാർട്ടൻരീതിയിലുള്ള വിദ്യാഭ്യാസം, വിജ്ഞാനികളായ അദ്ധ്യാപകന്മാർ ഇവയാണ് ഒരു പരിചരണപാഠശാലയുടെ ചില ലക്ഷണങ്ങൾ. അമേരിക്കയിൽ മാതാക്കളെ പരിശീലിപ്പിക്കുന്നതിനായി പാഠശാലയിൽ ഒരു പ്രത്യേക ഏർപ്പാടുണ്ടു്. സായാഹ്നത്തിൽ പാഠശാലകൾ അടച്ചാൽ കുട്ടികൾ മാതാക്കളുടെ അടുത്താണല്ലോ വരേണ്ടതു്. ഗൃഹത്തെ മുഴുവനും ഉപേക്ഷിക്കണമെന്ന് ഈ പാഠശാലകൾ ഉദ്ദേശിക്കുന്നില്ല.

---

## അദ്ധ്യാപകന്റെ സംസ്കാരം.

* പാലക്കാട്ടുവെച്ചു് കൂടിയ 23-ാമത്തെ അദ്ധ്യാപകയോഗത്തിൽ അദ്ധ്യക്ഷംവഹിച്ച തിരുനൽവേലി ഹിന്ദുകലാശാലയിലെ പ്രിൻസിപ്പാൾ റാവുബഹദൂർ പി. വി. ശേഷു അയ്യർ ബി. ഏ. യുടെ പ്രസംഗത്തിൽനിന്ന് ഒരു ഭാഗം താഴെ ഉദ്ധരിക്കുന്നു

“അദ്ധ്യാപകന്മാർ എന്ന നിലയിൽ ഏതു തരത്തിലുള്ള ജോലിയാണ് നമുക്കു ചെയ്യുവാനുള്ളതു്? നാം പഠിപ്പിക്കുന്ന വിവിധവിഷയങ്ങളെയും അദ്ധ്യാപനമുറകളെയുംപററി നമുക്കു നല്ല അറിവുണ്ടായിരിക്കണം. മററു രാജ്യങ്ങളിലെ വിദ്യാഭ്യാസത്തിൽ അദ്ധ്യാപനമുറകൾ സംബന്ധിച്ചുണ്ടാകുന്ന പരിഷ്കാരങ്ങളെപ്പററി നിരന്തരം വായിച്ചുകൊണ്ടിരിക്കണം. പരിശീലനത്തിനായി കുട്ടികളെ നമ്മെ ഏല്പിക്കുന്നതുകൊണ്ടു്. സംസ്കാരത്തേയും സ്വഭാവത്തേയും സംബന്ധിച്ചിടത്തോളം നമ്മുടെ വ്യക്തിഗതമായ നിലയെ തുടരെത്തുടരെ അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതാണ്. നമ്മുടെ ദേശക്കാരുടെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്ന സാമാന്യവിദ്യാ

ഭ്യാസവിഷയങ്ങൾ നാം പഠിക്കയും, അതു വിഷയങ്ങളിൽ പ്രവർത്തിക്കുന്നതിനു വേണ്ട അറിവും സാമർത്ഥ്യവും സമ്പാദിക്കയും ചെയ്യണം.

അദ്ധ്യാപകന്മാരായ നാം പ്രയോജനമുള്ള ഒരു കൂട്ടരാണെന്നു കാണിക്കുന്നതിനുവേണ്ടി, സംസ്കൃതരായ പൌരന്മാരെന്ന നിലയിൽ, പരിസരത്തിൽ നടക്കുന്ന പ്രയോജനകരങ്ങളായ എല്ലാ പ്രവൃത്തികളിലും ഒരു നല്ല പങ്കെടുക്കണം. ഇങ്ങനെ നാം ചെയ്യേണ്ട ജോലികളെ ഓരോന്നായി ചൂണ്ടിക്കാണിക്കുവാൻ എനിക്കു കഴിയും. ഞാൻ ഇവ ചൂണ്ടിക്കാണിക്കുന്നതു അദ്ധ്യാപകന്റെ ഭാഗം അഭിനയിച്ചു അയാൾ എന്താണ് ചെയ്യേണ്ടതെന്ന്, പറയണമെന്ന് ഉദ്ദേശത്തോടുകൂടിയല്ല. നമ്മുടെ ചുമതലകൾ തൃപ്തികരമായി നിർവഹിക്കാത്തതുകൊണ്ട് ഇതിൽ അദ്ധ്യാപകന്മാരുടെ പ്രത്യേകശ്രദ്ധയെ ക്ഷണിക്കുന്നതിനുവേണ്ടി മാത്രമാണ്.

ക്ലാസ്സിൽ നാം പഠിപ്പിക്കേണ്ട വിവിധവിഷയങ്ങളെസംബന്ധിച്ചു വേണ്ട അറിവു സമ്പാദിക്കുന്നതിന് നാം ശ്രമിക്കുന്നില്ല. ഇങ്ങനെ പറയുന്നതുകൊണ്ടു ഞാൻ ദോഷൈകദൃക്കായ ഒരു വിമർശകനാണെന്നു തെറ്റിദ്ധരിക്കേണ്ട. ആധുനികസ്ഥിതിഗതികളിൽ പരിഷ്കാരം ആഗ്രഹിക്കുന്ന ഒരു ശുഭാശംസിയാണെന്നു വിചാരിക്കുക. അതു അദ്ധ്യാപകന്മാരിൽ ഒരു കുറ്റാരോപണമാണെന്നും ഞാൻ കരുതുന്നില്ല. ഈ നിലയ്ക്കു പല കാരണങ്ങളുണ്ടെന്ന് എനിക്കറിയാം. ഉദാഹരണമായി കണക്കുശാസ്ത്രം നോക്കുക. അടുത്തകാലത്ത് ഈ വിഷയത്തിൽ എന്തെല്ലാം അഭിവൃദ്ധിയുണ്ടായിട്ടുണ്ട്.? എന്നാൽ ഇതു അറിഞ്ഞിട്ടുള്ളവരോ, മനസ്സിലാക്കിയിട്ടുള്ളവരോ അദ്ധ്യാപകന്മാരിൽ എത്രപേരുണ്ട്? ഇതുതന്നെയാണ് മററു വിഷയങ്ങളെസംബന്ധിച്ചിടത്തോളവും അദ്ധ്യാപകന്മാരുടെ സ്ഥിതി.

ഇനി ഞാൻ ഒരു അദ്ധ്യാപകനുണ്ടായിരിക്കേണ്ട സംസ്കാരത്തെയും സ്വഭാവത്തെയും പററി പറയാം. ബാലപരിശീലനം എന്ന വിശിഷ്ടകർമ്മം നിറവേററേണ്ട അദ്ധ്യാപകന് എല്ലാവരേക്കാളും സുവിസ്തൃതജ്ഞാനവും നിർദ്ദോഷമായ സ്വഭാവവും ഉണ്ടായിരിക്കേണ്ടതാണ്. അയാൾക്ക് ആത്മാഭിമാനം വളരെ അത്യാവശ്യമാണ്. തന്റെ പെരുമാററംകൊണ്ടു പൊതുജനദൃഷ്ടിയിൽ താഴ്ന്നവനെന്നു തോന്നിപ്പോകരുതു്. തന്നെ സംബന്ധിച്ചിടത്തോളവും, സ്വഭാവത്തിൽ തന്നെ അജ്ഞാതമായും അദൃശ്യമായും അനുകരിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളവും ഇതു അത്യന്താപേക്ഷിതമാകുന്നു. യഥാർത്ഥത്തിൽ ഒരു സമുദായമെന്ന നിലയിൽ അദ്ധ്യാപകന്മാർക്കു വലിയ കൃത്യബോധവും അന്തസ്സും സംസ്കാരവും സ്വഭാവവും ഉണ്ടായിരിക്കേണ്ടതാണ്. ഇതു സാധിക്കണമെങ്കിൽ അദ്ധ്യാപകന്റെ ആദർശം ലഘുജീവിതവും ഉൽകൃഷ്ടചിന്തയുമായിരിക്കണം. ഇക്കാല

ത്തു് ലഘുജീവിതവും മിതവ്യയവും പാപമായിക്കരുതുന്നതുകൊണ്ടാണു് ഞാൻ ഇവയെപ്പററി കൎശനമായിപ്പറയുന്നതു്.

ഞാൻ മുമ്പെ പറഞ്ഞതുപോലെ സമീപദേശത്തുനടക്കുന്ന എല്ലാ പ്രവൃത്തികളിലും അദ്ധ്യാപകൻ പങ്കെടുക്കണം. ഇതുകൊണ്ടു് അദ്ദേഹം സമുദായത്തെ കൂടുതൽ സേവിക്കയും, പൊതുജനദൃഷ്ടിയിൽ തൻെറ നിലയെ ഉയൎത്തുകയുമാണു് ചെയ്യുന്നതു്. കൂടാതെ മാതാപിതാക്കന്മാരുമായി കൂടുതൽ ഇടപെടുന്നതിനു് ഇതു് സൌകര്യം നൽകുന്നതാണു്. അവരുടെ സഹകരണം വിദ്യാഭ്യാസത്തിനു് അതിപ്രധാനമായിട്ടുള്ളതാണു്. അദ്ധ്യാപകന്മാരുടേയും മാതാപിതാക്കന്മാരുടേയും സഹകരണക്കുറവു് ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിൻെറ ഒരു പ്രധാന ന്യൂനതയാണെന്നു് ഇപ്പോൾ മനസ്സിലാക്കിയിട്ടുണ്ടു്.

---

## കോർട്ടുഭാഷ

കോർട്ടുഭാഷ പലപ്പോഴും പ്രാകൃതമാകാറുണ്ടല്ലൊ. അതിനെക്കുറിച്ചു് മിസ്റ്റർ മൂർക്കോത്തു കുമാരൻ "കേരളം" മാസികയിൽ ഇങ്ങനെ എഴുതുന്നു:

"കോർട്ടു് എന്ന പദം തന്നെ ഇവിടെ വക്കീൽമാരും വലിയ ഉദ്യോഗസ്ഥന്മാരും അല്ലാതെ, സാധാരണ ഉപയോഗിക്കാറില്ല; അതിനു പകരം കോടതി എന്നാണു് പറയുന്നതു്. കോടതിയും കച്ചേരിയും തമ്മിൽ വ്യത്യാസമുണ്ടു്. ഗവൎമ്മെണ്ടാപ്പീസ്സുകൾക്കെല്ലാം കച്ചേരി എന്നു പറയും; നീതിന്യായ വിചാരണ നടക്കുന്ന സ്ഥലമാണു് കോടതി. കോടതി വരുന്നതിനും എത്രയോ മുമ്പു്, കച്ചേരി ഇവിടെ ഉണ്ടായിരിക്കണം. സാമൂതിരിക്കോവിലകത്തെ ഒരുവക ഉദ്യോഗസ്ഥന്മാൎക്കു കച്ചേരിനമ്പി എന്നു പേരുണ്ടായിരുന്നുവത്രെ. വട്ടെക്കൂട്ടനായരെ, കച്ചേരിനായർ എന്നു പറഞ്ഞുവന്നിരുന്നതു് എന്തുകൊണ്ടായിരുന്നുവെന്നു അറിയുന്നില്ല. ചാട്ടുകച്ചേരി എവിടെയും നടപ്പുണ്ടല്ലൊ.

ഞങ്ങൾക്കു ദിവാനും ദളവയും പേഷ്കാരും ഇല്ല. തഹസിൽദാർ തഹസിൽദാർ എന്നേ എഴുതാറും പറയാറും ഉള്ളൂ. ഗുമസ്തനും വക്കീലും തിരുവിതാംകൂറിലെപ്പോലെതന്നെയാണു് മലബാറിലും. ബെഞ്ചുജിമാരെ ഇക്കാലത്തെ ചില സമാജങ്ങളിലല്ലാതെ കച്ചേരികളിലൊ ബോങ്കുകളിലൊ കാണാറും കേൾക്കാറും ഇല്ല. ഉണ്ടെങ്കിൽ അവർ കാഷ്കീപ്പരൊ, കാഷ്യരൊ; അതിലും ചുരുങ്ങി, കാഷോ ആണു്. മസാഹജി, മസാലജിയായും ഡഫേദാർ ദഫേദാരായും രൂപാന്തരപ്പെട്ടു കാണുന്നു. ഫൈസലർ

ആരാണെന്നതന്നെ വടക്കെ മലയാളി അറികയില്ല. പട്ടാള ഉദ്യോഗസ്ഥനെയൊ, പൊലീസ്സ് ഉദ്യോഗസ്ഥനെയൊ, ഫൌജദാർ എന്ന പറയാറുണ്ടായിരുന്നുവെന്നും സിവിൽകാൎയ്യങ്ങളിൽ നിന്ന വ്യത്യാസപ്പെട്ടുള്ള ക്രിമിനൽ കാൎയ്യങ്ങൾക്ക ഫൌജദാരിയെന്ന പണ്ടുകാലത്തു പറഞ്ഞിരുന്നുവെന്നും അന്വേഷിച്ചതിൽ അറിവാൻ ഇടയായി. ഇവിടെ താക്കീതു ചെയ്യുക സാധാരണമാണെങ്കിലും ആരും ഗൌനിക്കാറില്ല. ഉജാർ ഇവിടെ അധികമില്ലെങ്കിലും, ജോർ ആൎക്കും അപഥ്യമാണ്. ചിലൎക്ക് ജോറും ജരൂറും വേണം.

സുമാർ എന്ന പദം തിരുവിതാംകൂറിൽ ഉപയോഗിക്കുന്ന അൎത്ഥത്തിൽ ഇവിടെ ഉപയോഗിക്കാറില്ലതന്നെ. മല്ലൂർ പറഞ്ഞതുപോലെ സുമാർ എന്നതിന്ന "ഏകദേശം" എന്നേ ഇവിടെ അൎത്ഥമുള്ളു. ഇതു ഒരു പേർസ്യൻവാക്കാണെന്നും "കൺമതിപ്പ്" എന്നാണ് അൎത്ഥമെന്നും ഗുണ്ടൎട്ട് പറയുന്നു. അങ്ങിനെയാണെങ്കിൽ ഇവിടത്തെ ഉപയോഗമാണല്ലൊ ശരി. ഇവിടെയും വല്ലവരും അന്യായം ചെയ്തതിന്ന കോടതിയിൽ ആവലാതി പറയുന്നതിന്ന അന്യായംകൊടുക്കുകയെന്നുതന്നെയാണ് പറയുന്നതു്. ആവലാതിയെ ചിലർ ആവലാദിയാക്കിയും സംസ്കൃതവിദ്വാന്മാർ ആവലാധിയാക്കിയും മാററാറുണ്ട്. ആവലാതിയിൽ ആധി അടങ്ങിയിരിക്കണം എന്ന പണ്ഡിതന്മാർ വിചാരിക്കുന്നതിൽ ന്യായമുണ്ടല്ലൊ. ആവലാതിക്ക പൎയ്യായമായിട്ടല്ല പരാതിയെ ഇവിടെ ഉപയോഗിക്കുന്നതു്. ഒരാളെക്കൊണ്ട് പരാതി പറകയെന്നുവെച്ചാൽ അപവാദം പറഞ്ഞുണ്ടാക്കുകയാണ്. കോടതിയിൽ ആരും പരാതി പറയാറില്ല. അതു ശുദ്ധ തിരുവിതാംകൂർ സമ്പ്രദായമാണ്. കുട്ടികളുടെ വാദപ്രതിവാദസംഘങ്ങളിൽ അല്ലാതെ ഇവിടത്തെ കോടതികളിൽ വാദിയും പ്രതിവാദിയും ഇതുവരെ കടന്നിട്ടില്ല. ഇവിടെ അന്യായം പ്രതികൾക്ക മാത്രമേ ഉള്ളു. ഏതു മഹാനുഭവനും ആവലാതിയുംകൊണ്ട് കോടതി കയറിയാൽ അയാൾ ദപാദനം വക്കീലിന്നുകൂടി അന്യായക്കാരനായി. അന്യായക്കാരനും പ്രതിയും വല്ല തമ്പുരാനോ പ്രഭുവോ മറേറാ ആയാൽ അന്യായദാരും പ്രതിദാരും ആകും. പക്ഷെ ഏതു പ്രഭുവും വക്കീലായി സന്നദ് വാങ്ങിയാൽ വക്കിൽദാർ ആകയില്ല. വെറും വക്കീൽതന്നെ. പ്രതിപ്പെട്ടുക എന്നതു ഒരു പഴയ പ്രയോഗമാണ്. പ്രതിശബ്ദത്തെമാത്രം എതിരാളി എന്ന അൎത്ഥത്തിൽ, "പ്രഭുവായാൽ ഒരു പ്രതിവേണം" എന്ന കേരളോല്പത്തിയിൽ ഉപയോഗിച്ചതായി ഗുണ്ടൎട്ട് പറയുന്നു. വ്യവഹാരത്തിന്ന വാജ്യം എന്നൊരു അറബിവാക്ക്, ന്യായം എന്ന അൎത്ഥത്തിൽ ഉപയോഗിച്ചിരുന്നതായി അറിയുന്നു. കൈപ്പീത്തു ഇവിടെ സൎവ്വസാധാരണമാണ്. അതിന്റെ ശരിയായ അറബിരൂപം "കൈഫിയത്ത്" എന്നാണത്രെ. അത്താക്ഷി (Affidavit) ഇവിടെ ഇല്ലേഇല്ല. അതിന്ന ഇവിടെ സത്യവാങ്മൂലരേഖ എന്നാണ് പ

റയുന്നതു്. കോർട്ടുഭാഷയിൽ പലപ്പോഴും കേൾക്കാറുള്ളതും, കോർട്ടുമായി സംബന്ധമുണ്ടാവാൻ പാടില്ലെന്നു വെച്ചോ മറേറാ മലയാളികൾ ഒഴിച്ചുവെച്ചതും, ആയ രണ്ടു പദങ്ങളെ വെളിവാക്കാതെ നിവൃത്തിയില്ല. അവയാണു് കൈക്കൂലിയും ശിപാർശ്ശും. കൈക്കൂലി മലയാളത്തിൽ ജനിച്ചതുതന്നെ; ശിപാർശ്ശ, ശിഫാർസി എന്ന രൂപത്തിൽ പെർസ്യക്കാർ കൊണ്ടുവന്നു ഇറക്കുമതി ചെയ്തതാണു്. അതിനെ ചിലർ ശുപാർശാക്കിയതു, രഹസ്യമായിരിക്കണം എന്നു് ശുകാരംകൊണ്ടു് സൂചിപ്പിക്കാനായിരിക്കുമോ? വക്കീലിനെപ്പോലെ വക്കാലത്തും അറെബിയായിൽനിന്നു വന്നതാണു്. എന്നാൽ ബാരിസ്റ്റർ ശുദ്ധ യൂറോപ്യനത്രെ. വക്കീൽനാമ എന്നതിനെ വക്കീൽനാമം എന്നാക്കിയതു് വല്ല മുക്കൊമ്പന്മാരും ആയിരിക്കാം. ബാരിസ്റ്റർ എന്നു വക്കാലത്തിൽ എഴുതിയതു കണ്ടപ്പോൾ ഒരു നമ്പൂരി "നാം എഴുതുമ്പഴും അങ്ങിനെ വേണമോ? ബാരിഷ്ടൻ എന്നു പോരനൊ?" എന്നു ചോദിച്ചതായി ഒരു കഥയുണ്ടു്. സബ്ബ്ജഡ്ജി എന്നല്ല പറയേണ്ടതു സഭാജഡ്ജിയെന്നാണു്, എന്നു വാദിച്ചതും ഒരു നമ്പൂതിരിയായിരുന്നുപോൽ ഇങ്ങനെയുള്ള വല്ലതും ആരുപറഞ്ഞതായാലും അതു നമ്പൂരിയുടെ തലയിൽ മറിച്ചിടുന്ന ഒരു കാലമുണ്ടായിരുന്നുവല്ലൊ."

# പുസ്തകാഭിപ്രായം.

## ആശാഫലം.

(ഒരു പുതിയ നോവൽ)

ഗ്രന്ഥകർത്താ:— ഡി. പത്മനാഭനുണ്ണി എം. ഏ. യൂണിയൻകാളേജ് ആലുവ

വില 1 ക.

ഭാഷാസാഹിത്യലോകത്തിൽ ഇന്നു് ആഖ്യായികകൾ ധാരാളമായിരം ഗപ്രവേശം ചെയ്യുന്നുണ്ടെങ്കിലും അവ മിക്കതും ഇംഗ്ലീഷുഭാഷയിൽ നിന്നുമുള്ള വികൃതമായ ഭാഷാന്തരങ്ങളാണു്. ജാതിമതാദികൾനോക്കി ഗ്രന്ഥകർത്താക്കന്മാരെ സ്തുതിക്കുവാൻ മലയാളത്തിൽ പത്രങ്ങളും മാസികക

ളും നിരൂപകന്മാരും സുലഭമായിക്കാണുന്നതുകൊണ്ട് അവയുടെ ഗുണദോഷങ്ങൾ മനസ്സിലാക്കുവാൻ വളരെ പ്രയാസമായിരിക്കുന്നു. സ്വപ്നകപോലകല്പിതങ്ങളായ ആഖ്യായികകൾ നിർമ്മിക്കുന്നതിന് പ്രാപ്തിയൊ, യോഗ്യതയൊ, ബുദ്ധിശക്തിയൊ, കല്പനാശക്തിയൊ ഉള്ള സാഹിത്യകാരന്മാരുടെ അഭാവംകൊണ്ടൊ, എന്തൊ, കല്പിതകഥകൾ വളരെ കുറവായിട്ടെ കാണുന്നുള്ളു എന്ന് പറയേണ്ടിയിരിക്കുന്നു. സാഹിത്യലോകത്തിൽ സുപ്രസിദ്ധനായ മി: ഡി. പത്മനാഭനുണ്ണി എം. ഏ. രചിച്ചിട്ടുള്ള ഒരു കല്പിതകഥയാണ് ഞങ്ങളുടെ അഭിപ്രായത്തിന് വിഷയീഭവിച്ചിരിക്കുന്ന 'ആശാഫലം.'

ഈ കഥ നടക്കുന്നതു് ആലുവായിലാണെന്നും, അവിടെ വർണ്ണിച്ചിരിക്കുന്ന നദി ആലുവാപ്പുഴയാണെന്നും, മലവെള്ളം 99-ലെ ജലപ്രളയമാണെന്നും പല സംഗതികൾകൊണ്ടും മനസ്സിലാക്കാവുന്നതാണ്. ഡാക്ടർ ഉമാവല്ലഭരായരുടെ പ്രഥമഭാര്യാപുത്രിയായ നളിനിക്ക് ദ്വിതീയഭാര്യാപുത്രിയായ കുമുദത്തിനോടുള്ള അസൂയയാണ് കഥയുടെ ജീവനാഡി. ആ അസൂയകൊണ്ടു് പല അനിഷ്ടസംഭവങ്ങളും ഉണ്ടാകുന്നു. കഥാവസ്തുവിനെ സംഗ്രഹിച്ചെഴുതുവാൻ പത്രപരധി അനുവദിക്കാത്തതുകൊണ്ടു് അതിനു തുനിയുന്നില്ല. ഗ്രന്ഥകർത്താവു് കഥാഘടന ഒരുവിധം ഭംഗിയായി നിർവ്വഹിച്ചിട്ടുണ്ടെന്നാണ് ഞങ്ങളുടെ അഭിപ്രായം. കഥയെ കാൺഗ്രസ്സസംഭവങ്ങളുമായി ഘടിപ്പിച്ചിട്ടുള്ളതു് ഒരു നവീനമായ രീതിയിലാണ്. സത്യാഗ്രഹക്കേസ്സുവിചാരണ എത്രയും ഹൃദയംഗമമായിരിക്കുന്നു എന്നു മാത്രമല്ല, ഇന്നത്തെ ഒരു സത്യാഗ്രഹക്കേസ്സുവിചാരണയുടെ ഉത്തമ മാതൃകയുമാണ്. ജയിൽവർണ്ണനയും റയിൽവെസ്റ്റേഷൻവർണ്ണനയും ഇൻഡ്യയിലുള്ളവയുടെ യഥാർത്ഥ ചിത്രങ്ങൾതന്നെയാണ്. സ്വഭാവരചനയിലും ഗ്രന്ഥകർത്താവു് ശ്രദ്ധിച്ചിട്ടുണ്ടു്. ഈ ഗ്രന്ഥത്തിലുള്ള എല്ലാ പാത്രങ്ങളും ലോകത്തിൽ യഥാർത്ഥമായിക്കാണുന്ന ചില ആളുകളുടെ പ്രതിച്ഛായകൾതന്നെയാണ്. കുമുദത്തിൻെറ സ്വഭാവം ഏററവും അനുമോദനാർഹവും നളിനിയുടെ സ്വഭാവം ഏററവും അനുശോചനാർഹവുമാണ്. നളിനിയുടേയും കുമാരൻ നമ്പ്യാരുടേയും ദുരന്തം ഏററവും കഠിനമായിരിക്കുന്നു. ശുഭപര്യവസാനത്തെ കാംക്ഷിക്കുന്ന നമുക്കു അതു് മർമ്മഭേദകമായും തോന്നിയേക്കാം. ദുഷ്ടനും നീചനുമായ ഗോവിന്ദൻനായർ, കുമുദത്തിനെ വല്ലാതെ ദുഃഖിപ്പിച്ചതിനുശേഷം ഒടുവിൽ കേസിലകപ്പെടുകയും ജയിൽവാസം അനുഭവിക്കുകയും ചെയ്യുന്നു. ഈ ശിക്ഷ കുറഞ്ഞുപോയെന്നു് വായനക്കാൎക്കു തോന്നുന്നതാണ്.

മി: ഉണ്ണിയുടെ ഭാഷാരീതി അത്യന്തം സരളമായിരിക്കുന്നു. പ്രൌഢതയും കാര്യഗുണമുള്ളതും ആയ ഒരു ഭാഷയാണ് ഈ ഗ്രന്ഥത്തിൽ കാ

ണന്നതു്. കഥാഘടനാഭംഗികൊണ്ടും, പാത്രരചനാവൈശിഷ്ട്യംകൊണ്ടും, വർണ്ണനാവൈഭവംകൊണ്ടും അത്യന്തം ഹൃദ്യമായിരിക്കുന്ന ഈ ഗ്രന്ഥം എല്ലാവരും വായിച്ചുനോക്കേണ്ടതാണ്. ഈ കല്പിതകഥ വായിക്കുവാൻ തുടങ്ങിയാൽ അതവസാനിക്കാതെ ആരും താഴത്തുവയ്ക്കുന്നതല്ല. ഈ ഗ്രന്ഥത്തിൽ തൽക്കർത്താവ് രംഗപ്രവേശംചെയ്യുന്നതു് കുറച്ചധികമായിട്ടില്ലേ എന്നു് സംശയമുണ്ട്. അപൂർവ്വമായിക്കാണുന്ന അച്ചടിപ്പിശകുകൾ അടുത്ത പതിപ്പിൽ പരിഹരിക്കുമെന്നു് വിശ്വസിക്കുന്നു.

---

## കൃതിരത്നപഞ്ചകം.

ഗ്രന്ഥകർത്താ:—മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു്.

പ്രസാധകന്മാർ:-എം. എസ്സ്. വി. ബ്രദേഴ്സ്, കൃഷ്ണവിലാസ്. കോട്ടയ്ക്കൽ.

വില 8 അണ.

നാരായണാസ്ത്രദാനം, ഭീമയോഗം, യാത്രാദാനം, ഭീഷ്മസമാധി, യുധിഷ്ഠിരശമം എന്നീ അഞ്ചു കവിതകളാണ് ഈ കൃതിരത്നപഞ്ചകത്തിൽ അടങ്ങിയിരിക്കുന്നതു്. കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ കവിയശസ്സിന് ആസ്പദമായ അനിർവ്വചനീയവും അത്യത്ഭുതകരവുമായ കവനകലാചാതുര്യത്തെപ്പററി ഗ്രഹിക്കാത്തവർ ഇന്നത്തെ "മുറിപ്പണ്ഡിതന്മാരും", "മുറിക്കവികളും" ഒഴിച്ച് യഥാർത്ഥസഹൃദയന്മാരായ കേരളീയരിൽ ആരുംതന്നെ ഉണ്ടായിരിക്കുമെന്ന തോന്നുന്നില്ല. 'അഗാധമായ പ്രതിഭ, അപാരമായ പുരാണപരിചയം, അപരിമേയമായ നിരീക്ഷണശക്തി, അസാധാരണവും അത്യത്ഭുതകരവുമായ ആശയവിശദീകരണചാതുരി എന്നീ ഗുണങ്ങളോടുകൂടിയ ഒരു കവിപുംഗവനായിരുന്നു അദ്ദേഹം. അതുകൊണ്ടുതന്നെയാണ് കേരളീയകവികളുടെ ഇടയിൽ അത്യുന്നതവും അനന്യസുലഭവുമായ ഒരു സ്ഥാനം അദ്ദേഹം ആരോഹണംചെയ്തതു്. അദ്ദേഹത്തിൽ മഹാകവിപ്പട്ടം ആരും കെട്ടിവച്ചതല്ല; അതിനായി അദ്ദേഹം സംരംഭം ചെയ്തിട്ടില്ല, തന്നെ സ്തുതിക്കുന്നതിനായി ഒരു കക്ഷിയെ അദ്ദേഹം രൂപവൽക്കരിച്ചിരുന്നില്ല; വൈതാളികസംഘത്തെ കൊണ്ടു നടന്നിട്ടില്ല; മംഗളപത്രത്തിനായി മടിയുംകാട്ടിക്കൊണ്ടു നടന്നിട്ടില്ല; അദ്ദേഹത്തിൻെറ കവിയശസ്സ് യഥാർത്ഥമഹത്വംകൊണ്ടു താനെ സിദ്ധിച്ചിട്ടുള്ളതാണ്. പ്രൌ

ഢഗംഭീരങ്ങളായ വിവിധവിഷയങ്ങളെ ലളിതവും സുമനോഹരവും പ്രസന്നമധുരവുമായ രീതിയിൽ പ്രതിപാദിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പാടവം ഒന്നു വേറെതന്നെയാണ്. അകൃത്രിമമായ മാധുര്യം, അതിസരസമായ കഥാഗ്രഥനം, അക്ലിഷ്ടവും അതിമനോഹരവുമായ രചനാസൌഷ്ഠവം എന്നിവ ഈ കൃതിയിൽ സൎവ്വത്ര കളിയാടിക്കാണുന്നുണ്ട്. ചുരുക്കം ശബ്ദങ്ങളെക്കൊണ്ടു വളരെ അൎത്ഥത്തെ അത്യന്തം ഭംഗിയോടും സ്ഫുടതയോടും കൂടി വിവരിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ പ്രാഗത്ഭ്യം ഈ ഗ്രന്ഥത്തിൽ നല്ലപോലെ കാണുന്നുണ്ട്.

"സ്ഫുടശാന്തഗഭീരധീരനോട്ടം,
പടയാളിപ്പടിവാന്റയന്നദേഹം,
ഇടയിൽ ചിലനില്പൊടാനയൊക്കും
നട;യെല്ലാമവനിൽ തെളിഞ്ഞുകണ്ടു."

ഈ ഒററ ശ്ലോകംകൊണ്ടു് ബ്രാഹ്മണോചിതമായ തേജസ്സും, ക്ഷത്രിയോചിതമായ ഓജസ്സും ഉള്ള അശ്വത്ഥാമാവിന്റെ അംഗവൎണ്ണനം തമ്പുരാൻ ചെയ്തിട്ടുള്ളതു നോക്കുക. ഇതിനു നമ്മുടെ മററു ചില മഹാകവികൾക്കു് ഒന്നോ രണ്ടോ സൎഗ്ഗം വേണ്ടിവരും. തമ്പുരാന്റെ മണിപ്രവാളശുദ്ധിയും, ശബ്ദപ്രയോഗചാതുരിയും ഈ ഗ്രന്ഥത്തിൽ നല്ലപോലെ തെളിഞ്ഞുകാണുന്നുണ്ട്. ഇങ്ങനെയുള്ള കവിതകൾ പഠിച്ചു് ആനന്ദപരവശന്മാരായിത്തീരുവാനുള്ള ഭാഗ്യം നമ്മുടെ ഇന്നത്തെ വിദ്യാൎത്ഥികൾക്കു ലഭിക്കാതിരിക്കുന്നതിൽ സന്തപിക്കയെ തരമുള്ളു. ഭാഷാഭിമാനികളായ കേരളീയരെല്ലാവരും ഈ ഗ്രന്ഥം വാങ്ങി വായിക്കണമെന്നു് ഞങ്ങൾ സസന്തോഷം അഭിപ്രായപ്പെടുന്നു. തമ്പുരാൻ തിരുമനസ്സിലെ കവിതകൾ നശിച്ചുപോകാതെ പുസ്തകരൂപേണ അച്ചടിച്ചു് കേരളീയരുടെ ദൃഷ്ടിയിൽ കൊണ്ടുവരുന്ന മി: പി. വി. കൃഷ്ണവാൎയ്യരെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുന്നതല്ല. അദ്ദേഹത്തിന്റെ അനുവാദപ്രകാരമാണ് എം. എസ്സ്. വി. പ്രദേഴ്സ് ഈ അമൂല്യഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ടുള്ളതു്.

# കുറിപ്പുകൾ.

## ഇന്നത്തെ സാമ്പത്തിക ദുരവസ്ഥ

ഇന്നു ലോകമൊട്ടുക്കു ബാധിച്ചിരിക്കുന്ന ഈ വിപത്തിന്നു ഒരു പരിഹാരം കണ്ടുപിടിക്കുവാൻ എല്ലാ രാജ്യക്കാരും ശ്രമിക്കുന്നുണ്ടെങ്കിലും ഇതുവരെ പറയത്തക്ക ഫലം ഒന്നും ഉണ്ടായിട്ടുള്ളതായി കാണുന്നില്ല എന്നാൽ എല്ലാ രാജ്യക്കാൎക്കും അവരവരുടെ രാജ്യത്തിന്നുള്ളിൽ പല ചില്ലറ പരിഹാരങ്ങളും ഉണ്ടാക്കുവാൻ സാധിക്കുമെന്നാണു തോന്നുന്നതു്. തിരുവിതാംകൂറിലും ഇതിലേക്കായി ഒരു കമ്മിററിയെ നിയമിച്ചിട്ടുണ്ടല്ലൊ. എന്നാൽ ഈ കമ്മിററിയുടെ അന്വേഷണം അത്ര എളുപ്പം അവസാനിക്കുന്നതായി കാണുന്നില്ല; ഇന്നു നമ്മെ അഭിമുഖീകരിച്ചിരിക്കുന്ന ഈ ദുരവസ്ഥ സാവകാശത്തിലും ദീൎഘത്തിലുമുള്ള ഒരന്വേഷണത്തിന്റെ ഫലോദയംവരെ നീട്ടപ്പെടാവുന്ന ഒന്നാണെന്നു വിചാരിച്ചുകൂടാ. അതു ക്രമേണ വളൎന്നു ഇന്നു മൂൎച്ഛയെ പ്രാപിച്ചിരിക്കയാണു്. ജനങ്ങൾ ഈ വിഷയത്തിൽ സഹനശക്തിയുടെ സീമാന്തത്തിൽ എത്തിയിരിക്കയാണു്. ഉടനടി എന്തെങ്കിലും സധൈൎയ്യം പ്രവൎത്തിച്ചാൽമാത്രമെ അല്പമെങ്കിലും ആശ്വാസം ലഭിക്കയുള്ളു. ഇതിൽ ഭരണാധികാരികളാണു് ആദ്യമായും പ്രധാനമായും പ്രവൎത്തിക്കേണ്ടതെന്നാണു് സൎവ്വസാമാന്യമായ അഭിപ്രായം. കമ്മിററിയുടെ നടപടികൾ ദീൎഘകാലപൎയ്യവസായികളായിട്ടു കാണുന്നതിനാൽ അതിന്നു മുമ്പുതന്നെ ആശ്വാസജനകങ്ങളായ ചില പരിഹാരങ്ങൾ ഉണ്ടാകേണ്ടതത്യാവശ്യമാണു്. അവയിൽ പ്രധാനങ്ങളായവയെ ഞങ്ങൾ ഇവിടെ ചൂണ്ടിക്കാണിക്കാമെന്നു വിചാരിക്കുന്നു. അവ ഏറെക്കുറെ സുസാദ്ധ്യങ്ങളാണെന്നാണു്.ഞങ്ങൾക്കു തോന്നുന്നതു്. ജനങ്ങളുടെ ഭാരം കുറയ്ക്കയാണു് ആദ്യമായി വേണ്ടതു്. (1) കരം സ്വല്പമായി ഇളവുചെയ്തു കൊടുക്കയൊ, അതുസാദ്ധ്യമല്ലെങ്കിൽ, കരംകൊടുക്കേണ്ട തവണകൾ വൎദ്ധിപ്പിച്ചു ദേയമായ സംഖ്യയെ ലഘൂകരിക്കപ്പെടുത്തുകയൊ വേണം. (2) കരം പിരിക്കുന്നതിന്നു അവലംബിച്ചുവരുന്ന നിൎബ്ബന്ധമാൎഗ്ഗങ്ങളെ നിൎത്തിവയ്ക്കുക. അതായതു് ജപ്തി, ലേലം, പിഴ, നോട്ടീസുപടി, മുതലായവ കൂടാതിരിക്കുക. (3) കൊപ്ര, കയറു്, മുളകു്, മുതലായ കയററുമതി ചരക്കുകളുടെ താരിപ്പുവിലയും തീരുവയും കുറയ്ക്കുക. (4) കൃഷിവായ്പകൾ നൽകുന്ന രീതി കുറച്ചുകൂടി ഉദാരമാക്കുക. അതായതു പലിശ കുറയ്ക്കുകയും കാലാവധി നീട്ടുകയും ചെയ്ക. (5)

സ്കൂൾഫീസ് അല്പം കുറവുചെയ്യുക. അല്ലാത്തപക്ഷം കൊടുക്കേണ്ട തവണ വർദ്ധിപ്പിക്കുക. (എട്ടുതവണക്കുപകരം പത്തുതവണയാക്കുക) (6) ഫീസിനുള്ള പിഴ നിൎത്തുക. (7) പാഠ്യപുസ്തകങ്ങളുടെ വില കുറയ്ക്കുക. (8) കുറച്ചുകൂടി ഉദാരമായ വിധത്തിൽ ഫീസ്സൌജന്യങ്ങളും വിദ്യാൎത്ഥിവേതനങ്ങളും നൾകുക. (9) ഉപ്പിന്റെ വില കുറയ്ക്കുക, (10) പരസ്പരസഹായസംഘങ്ങൾ നൾകുന്ന കടങ്ങൾക്കു പലിശ കുറയ്ക്കയും കാലാവധി നീട്ടുകയും ചെയ്ക. (11) ലാട്ടറി മാതിരിയിലുള്ള ചിട്ടികളെ നിരോധിക്കുക. (12) അത്യാവശ്യമെന്നു തോന്നിയാൽ ചിട്ടികളെ തല്ക്കാലത്തേക്കു നിൎത്തിവയ്ക്കുന്നതിനു തക്കവണ്ണം ചിട്ടിറഗുലേഷൻ ഭേദപ്പെടുത്തുക. (13) സ്വല്പശമ്പളം വാങ്ങുന്ന അദ്ധ്യാപകന്മാൎക്ക് ക്ഷാമബത്ത നൾകുക. (14) ദാരിദ്ര്യം അധികമായിരിക്കുന്ന സ്ഥലങ്ങളിൽ മരാമത്തുവേലകൾ ആരംഭിക്കുക. (15) വസ്തുക്കൾ ലേലംചെയ്യേണ്ടതായി വരുന്ന കോൎട്ടുവിധികൾ തല്ക്കാലം നടത്താതിരിക്കുക. (16) സൎക്കാർബാങ്കുകളിൽനിന്നും കുറഞ്ഞ പലിശക്കു കടംകൊടുക്കുന്നതിനു വ്യവസ്ഥ ചെയ്യുക. (17) ഗവൎമ്മെന്റുവക ചിലവുകൾ തല്ക്കാലം ജനരക്ഷയെ ബാധിക്കാത്തവിധത്തിൽ കുറക്കുക. (18) അതാതു ഡിവിഷനിലുള്ള ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ താലൂക്കുതോറും പടികൂടാതെ സഞ്ചരിച്ചു ജനങ്ങളുടെ സ്ഥിതിയറിഞ്ഞു വേണ്ട പരിഹാരങ്ങൾ ചെയ്യുക. ഇങ്ങനെയുള്ളവയും മററു സഹായങ്ങളും ചെയ്താൽ ജനങ്ങൾക്കു സ്വല്പമായ ആശ്വാസം ഉണ്ടാകാതിരിക്കയില്ല. സങ്കടങ്ങളെക്കുറിച്ചന്വേഷിക്കാൻ ആളുണ്ടെന്നുള്ള ബോധംതന്നെ അല്പം ആശ്വാസകരമായി ഭവിക്കുന്നതാണ്. കമ്മിററിക്കു ലഭിക്കാത്ത പല അറിവുകളും ലഭിക്കാനും പ്രായേണ മന്ദഗതിയിൽ ചലിക്കുന്നതും വ്യയഭൂയിഷ്ഠവുമായ ഒരു കമ്മിററിയെ കൂടാതെ കഴിക്കാനും സാധിക്കുമായിരുന്നു. സാവധാനത്തിലാണെങ്കിലും ഇപ്പോൾ നിയമിച്ചിട്ടുള്ള കമ്മിററി വിദഗ്ദ്ധന്മാരെക്കൊണ്ടു സംഘടിതമായിരിക്കുന്നതിനാൽ അതു വേണ്ട പരിഹാരമാൎഗ്ഗങ്ങൾ നിൎദ്ദേശിക്കുമെന്ന് നമുക്കു പൂൎണ്ണമായി വിശ്വസിക്കാം. എന്നാൽ ലോകസാധാരണമായ ഈ അധഃപതനത്തിനു പൂൎണ്ണപരിഹാരമുണ്ടാകണമെങ്കിൽ ഇതരരാജ്യങ്ങളുമായിട്ടുള്ള വ്യാപാരബന്ധം പൂൎവ്വസ്ഥിതിയെ പ്രാപിക്കേണ്ടിയിരിക്കുന്നു. ഇതെന്നു സംഭവിക്കുമെന്നു പറവാൻ തക്ക ദീൎഘദൎശിത്വം ആൎക്കും ഉണ്ടെന്നു തോന്നുന്നില്ല. ലോകത്തിൽ വ്യാപരിക്കുന്ന ശക്തികളുടേയും എതിർശക്തികളുടേയും സമീകരണത്തിൽ എല്ലാം ശരിയായിരിക്കുമെന്നു മാത്രമെ ആശിക്കാൻ തരമുള്ളു.

## പാഠപുസ്തകങ്ങൾ.

പാഠപുസ്തകങ്ങളെക്കുറിച്ചുള്ള ആക്ഷേപം ഇന്നും ഇന്നലെയും തുടങ്ങിയതല്ല. എന്നാൽ കൊല്ലം തോറും ഈ ആക്ഷേപം വർദ്ധിക്കുന്നതല്ലാതെ കുറയുന്നില്ല. യോഗ്യന്മാരായ ആളുകൾ കമ്മിററിസ്ഥാനത്തു വരുമ്പോൾ അവരുടെ ന്യായദീക്ഷയും തത്വദീക്ഷയും പോയി എല്ലാം 'തൈപ്പ' എന്ന മട്ടിലാണു കാണുന്നതു്. എന്നാൽ ഇക്കൊല്ലത്തെ പുസ്തകങ്ങളോളം ഇത്രയും 'വഷള് പുസ്തകങ്ങൾ' ഇതേവരെ തിരഞ്ഞെടുത്തിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു പുസ്തകവ്യാപാരിയുടെതന്നെ 25 പുസ്തകങ്ങളോളം തിരഞ്ഞെടുത്തിട്ടുള്ളതു് കാല'ചക്ര'ത്തിന്റെ തിരിച്ചിൽകൊണ്ടല്ലെങ്കിൽ മറെറന്തു യോഗ്യതകൊണ്ടായിരിക്കാം.? ഇക്കൊല്ലം ഒരു വ്യാപാരി തന്നെ പല മേൽവിലാസത്തിൽ പുസ്തകം അയച്ചിട്ടുണ്ടു്. പല മേൽവിലാസത്തിലായാൽ ഒരാളിന്റെതന്നെ പുസ്തകം എടുത്തു എന്നു് പരാതി വരികയില്ലല്ലൊ. ഇതിനെ സംബന്ധിച്ചു പല രഹസ്യങ്ങളും ഉണ്ടു്. ഈ വിധം വഞ്ചനചെയ്യുന്ന കള്ളവ്യാപാരികളുടെ വലയിൽ കമ്മിററിക്കാരൊ, അവരുടെ മേലധികാരികളൊ അകപ്പെട്ടുപോകുന്നതു് ഈ നാട്ടിലെ കുട്ടികളുടെ നിർഭാഗ്യംതന്നെയെന്നു മാത്രമെ തൽക്കാലം പറയാനുള്ളു.

## പെൺപള്ളിക്കൂടത്തിലെ നിയമനങ്ങൾ

ഇപ്പോഴത്തെ ഇൻസ്പെക്ട്രസ്സ് മിസ്സ് റോസ്മെയർ വന്നതിൽപിന്നെ പെൺപള്ളിക്കൂടത്തിലെ നിയമനങ്ങളെ സംബന്ധിച്ചു് പരാതിയുള്ളതായി കാണുന്നു. യാതൊരു ന്യായവും തത്വവും അനുവർത്തിക്കാതെ തോന്നിയവിധം നിയമനം നടത്തുന്നതുകൊണ്ടാണു് കുഴപ്പം ഉണ്ടാകുന്നതു്. സവ്വീസ്, യോഗ്യത മുതലായവയെ ശരിയായി പരിഗണിച്ചു് മേലാലെങ്കിലു അവർ ന്യായമായി പ്രവർത്തിക്കുമെന്നു് വിശ്വസിക്കുന്നു.

---


# ഒരു പുതിയ നോവൽ.

ആശാഫലം.

(ഗ്രന്ഥകർത്താ:— ഡി. പത്മനാഭനുണ്ണി എം. എ.

രസകരമായ കഥാഘടന, ഹൃദയാകർഷമായ വർണ്ണനാചിത്രങ്ങൾ നല്ല പാത്രരചന, ലളിതഭാഷ ആധുനികകാലസംഭവങ്ങളായ സഹനസമരം മുതലായവകൂടി ഇതിൽ ഉൾപ്പെടുന്നു.

വില ക. 1—0—0

മാനേജർ,

ഈശ്വരവിലാസം പുസ്തകശാല, പറവൂർ.

**DO YOU KNOW**

THAT

# THE INDIAN EDUCATOR

is high class illustrated monthly of literary, scientific and educational interest.

It is the best medium for Reviews of books for, **THE INDIAN EDUCATOR** goes to all educational institutions, clubs, libraries and Reading Rooms.

Therefore subscribe to and Advertise in

THE INDIAN EDUCATOR

Managing Editor:— Mr: Aravamuda Aiyngar B. A. L. T.
Representative:— Mr: K. P. Padmanabhan Thampy

**Subscription Rates** } India Rs. 3, America 1, Europe Sh 4

For Further Particulars please apply to

Mr: K. Padmanabhan Thampi
Representative "The Indian Educator"
"New Lodge" Chettikulangara,
Trivandrum Post· Travancore S· India.

# HIGH SCHOOL STUDENTS!

DO YOU WISH TO SPEND

**YOUR SPARE TIME**

PROFITABLY BY READING

1. Entertaining and instructive stories written by well-known journalists.?
2. Best Essays written by experienced High School masters.?
3. Story Poems in Simple language written by Eminent writers and to paraphrase them.?

**SUBSCRIBE AT ONCE FOR**

# 'THE STUDENT'

**By remitting Rs. 2** ANNUAL SUBSCRIPTION WITH POSTAGE

For Particulars Address:—

K. P. P. THAMPY
Representative:- The student, The Magazine Press,
New Lodge, Chettikulangara.
Trivandrum, S. India.